بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 20-21

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 മെയ് 15-22 /ഹി.ശം 1404 ഹിജ്റത്ത് 15-22/ഹി:ഖ 1446 ദുൽഖഅ്ദ് 16-23


## അല്ലാഹുവിന്റെ വചനം

وَقَاتِلُوۡا فِیۡ سَبِیۡلِ اللّٰہِ الَّذِیۡنَ
یُقَاتِلُوۡنَکُمۡ وَلَا تَعۡتَدُوۡا ؕ اِنَّ اللّٰہَ لَا
یُحِبُّ الۡمُعۡتَدِیۡنَ ○
(سُوۡرَۃُ الۡبَقَرَۃ: 191)

നിങ്ങളോടു യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ലതന്നെ.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**"ധാരാളം അപകടങ്ങൾ സംഭവിക്കുമെന്നും പല വിപത്തുകളും ഭൂമിയിൽ ഇറങ്ങുമെന്നും അല്ലാഹു എന്നെ അറിയിക്കുന്നു. ഇതിൽ ചിലത് എന്റെ ജീവിതകാലത്തും ചിലത് എനിക്കുശേഷവും വെളിപ്പെടുന്നതാണ്. ഈ പ്രസ്ഥാനത്തിന് അവൻ കുറച്ച് എന്റെ കൈകളാലും കുറച്ച് എനിക്ക് ശേഷവും പൂർണ്ണമായ അഭിവൃദ്ധി നൽകും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

ഇത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു. അവൻ മനുഷ്യനെ ഈ ഭൂമിയിൽ സൃഷ്ടിച്ചതു മുതൽക്കേ പ്രവാചകന്മാരേയും ദൂതന്മാരേയും സഹായിക്കുന്നതിനും അവർക്ക് വിജയം നൽകുന്നതിനും ഈ നിയമം സദാ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു: **കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ** വിജയം കൊണ്ട് വിവക്ഷിതം ഇതാണ്: പ്രവാചകന്മാരുടേയും ദൂതന്മാരുടേയും ഉദ്ദേശ്യം അല്ലാഹുവിന്റെ(ന്യായപൂർത്തി) ഭൂമിയിൽ നിവർത്തിയാവുകയും ആർക്കും അതിനെ എതിരിടാൻ കഴിയാതിരിക്കുകയും ചെയ്യുകയെന്നതാണ്. അതേപോലെ അവരുടെ സത്യം അല്ലാഹു ലോകത്ത് ശക്തമായ ദൃഷ്ടാന്തങ്ങൾ മുഖേന വെളിപ്പെടുത്തുന്നു. അവർ ലോകത്ത് പ്രചരിപ്പിക്കാനാഗ്രഹിക്കുന്ന സന്മാർഗത്തിന്റെ ബീജാവാപം അവരുടെ കരങ്ങളാൽ ചെയ്യിക്കുന്നു. എന്നാൽ, ഇതിന്റെ പൂർത്തീകരണം അവരുടെ കരങ്ങളാൽ നിർവ്വഹിപ്പിക്കപ്പെടുന്നില്ല. മറിച്ച്, ബാഹ്യമായി പരാജയഭീതി നിലനിൽക്കെ അവൻ അവർക്ക് (പ്രവാചകന്മാർക്ക്) മരണം നൽകുന്നു. ഇതിലൂടെ എതിരാളികൾക്ക് പിരിഹാസ കുത്തുവാക്കുകളും, നിന്ദാവചനങ്ങളും ചൊരിയാൻ അവൻ അവസരം നൽകുന്നു. അങ്ങനെ അവർ പരിഹസിക്കുന്നത് പാരമ്യത്തിലെത്തിയതിനുശേഷം അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം പ്രത്യക്ഷപ്പെടുത്തുന്നു. അതുമുഖേന ഏറെക്കുറെ അപൂർണ്ണതയിൽ കിടന്നിരുന്ന പ്രസ്തുത ഉദ്ദേശ്യങ്ങൾ പരിപൂർണ്ണത പ്രാപിക്കുന്നതിനുവേണ്ട സാമഗ്രികൾ അവൻ സൃഷ്ടിക്കുന്നു.

ചുരുക്കത്തിൽ രണ്ടു വിധത്തിലുള്ള ദിവ്യശക്തിപ്രഭാവങ്ങളാണ് വെളിപ്പെടുന്നത്. ഒന്നാമത് പ്രവാചകന്മാരുടെ കരങ്ങളിലൂടെ അല്ലാഹു സ്വയം തന്റെ ദിവ്യശക്തിയുടെ ഹസ്തം പ്രകടമാക്കുന്നു. രണ്ടാമത് പ്രവാചകന്റെ വഫാത്തിനുശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജ്ജിക്കുകയും പ്രവർത്തനങ്ങൾ താറുമാറായെന്ന് കരുതപ്പെടുകയും ജമാഅത്ത് നാമാവശേഷമാവുമെന്നു ശത്രുക്കൾ ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ ജമാഅത്തിലെ അംഗങ്ങൾ അങ്കലാപ്പിലകപ്പെടുകയും അവരുടെ സ്ഥൈര്യം ചോർന്ന് പോവുകയും, തുടർന്നു പല നിർഭാഗ്യവാന്മാരും മുർത്തദ്ദാവാനുള്ള (മതനിരാസം) വഴി അവലംബിക്കുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽക്കൂടി വെളിപ്പെടുത്തിക്കൊണ്ട് വീഴാനാവുന്ന ജമാഅത്തിനെ സംരക്ഷിക്കുന്നു. അതിനാൽ, അന്ത്യംവരെ സഹനം കൊള്ളുന്നവർ അല്ലാഹുവിന്റെ ഈ അത്ഭുത ദൃഷ്ടാന്തം ദർശിക്കുന്നതാണ്. ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖിؓന്റെ കാലത്ത് സംഭവിച്ചതുപോലെ, ഹദ്റത്ത് മുഹമ്മദു മുസ്തഫാ ﷺ തിരുമേനിയുടെ വേർപാട് അകാലത്തുണ്ടായ ഒരു വേർപാടായിരുന്നുവെന്ന് മനസ്സിലാക്കപ്പെടുകയും ദുഃഖഭാരത്താൽ സ്വഹാബിമാർ പരിഭ്രാന്തരാവുകയും വളരെയേറെ ഗ്രാമീണവാസികൾ ഇസ്‌ലാംമതമുപേക്ഷിക്കുകയും ചെയ്തപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖിؓനെ എഴുന്നേൽപ്പിച്ചുകൊണ്ട് വീണ്ടും തന്റെ ദിവ്യശക്തിയുടെ മാതൃക കാണിക്കുകയും ഇസ്‌ലാമിനെ നാമാവശേഷമാക്കപ്പെടുന്നതിൽനിന്ന് താങ്ങിനിറുത്തുകയും ചെയ്തു. **വലയുമക്കിനന്ന ലഹും ദീനഹുമുല്ലദിർത്തളാ ലഹും വലയുബദ്ദിലന്നഹും മിൻബഅ്ദി ഖൗഫിഹിം അംനാ**(24:56) എന്ന ഖുർആൻ വചനത്തിൽ പറഞ്ഞപ്രകാരം "ഭയത്തിനുശേഷം നാം അവരുടെ കാൽപാദങ്ങളെ സുദൃഢമാക്കും"എന്ന വാഗ്ദാനം അല്ലാഹു പൂർത്തിയാക്കിക്കാണിച്ചു. ഇങ്ങനെതന്നെയാണ് ഹദ്റത്ത് മൂസാനബിؑയുടെ കാലത്തും സംഭവിച്ചത്. വാഗ്ദാനപ്രകാരമുള്ള ലക്ഷ്യസ്ഥാനത്ത് ബനുഇസ്റാഈല്യരെ എത്തിക്കുന്നതിനു മുമ്പേ തന്നെ ഹദ്റത്ത് മൂസാؑ ഈജിപ്റ്റിന്റെയും ഫലസ്തീനിന്റെയും മാർഗ്ഗമധ്യേ വഫാത്തായി. ആ മഹാത്മാവിന്റെ വിയോഗം ഇസ്റാഈൽമക്കളിൽ എത്ര വലിയ ദുഃഖഭാരമാണുണ്ടാക്കിയത്. എത്രത്തോളമെന്നാൽ ഇസ്റാഈൽ സന്തതികൾ, ഹദ്റത്ത് മൂസാനബിؑയുടെ അകാല ചരമത്തിലും, സഹിക്കാനാവാത്ത വേർപാടിലും മനംനൊന്ത് 40 ദിവസം കണ്ണീർ വാർത്തിരുന്നതായി തൗറാത്തിൽ എഴുതിയിരിക്കുന്നു. ഹദ്റത്ത് ഈസാ നബിؑയുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. കുരിശു സംഭവസമയത്ത് ശിഷ്യന്മാരെല്ലാം ഛിന്നഭിന്നമാവുകയും ആ കൂട്ടത്തിൽ ഒരാൾ മതം ഉപേക്ഷിക്കുകയും ചെയ്തു.

അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ, എതിരാളികളുടെ നിരർഥങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനുവേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു രണ്ടുവിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. ആയതിനാൽ, ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമം ഉപേക്ഷിച്ചുകളയുമെന്നത് സംഭവ്യമല്ല. അതിനാൽ ഞാൻ നിങ്ങളോടു വിവരിച്ച ഈ കാര്യങ്ങൾകാരണം നിങ്ങൾ കുണ്ഠിതരും മനഃക്ലേശമുള്ളവരുമാകരുത്. എന്തെന്നാൽ, രണ്ടാമത്തെ ദിവ്യശക്തി പ്രഭാവം ദർശിക്കേണ്ടത് നിങ്ങൾക്ക് അത്യാവശ്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാണ്! എന്തുകൊണ്ടെന്നാൽ, അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾവരെ മുറിഞ്ഞുപോകാത്തതുമാണ്. ഞാൻ പോകാത്തിടത്തോളം രണ്ടാമത്തെ ദിവ്യശക്തി വരാൻ സാധ്യമല്ല. ഞാൻ പോയാൽ, അല്ലാഹു നിങ്ങൾക്കു വേണ്ടി രണ്ടാം ദിവ്യ

ശേഷം പേജ് 23 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**ഒട്ടേറെ അത്ഭുത ദൃഷ്ടാന്തങ്ങൾ നബിﷺതിരുമേനി തികച്ചും തന്റെ കഴിവ് എന്ന രീതിയിൽ കാണിച്ചിരുന്നു. അതോടൊപ്പം ഒരു ദുആയുമുണ്ടായിരുന്നില്ല. പലപ്പോഴും ഒരു പാത്രത്തിലെ അല്പം വെള്ളത്തിൽ തന്റെ വിരൽ മുക്കിയപ്പോൾ അതൊരുപാട് വർധിക്കുകയും മുഴുവൻ സൈന്യവും ഒട്ടകങ്ങളും കുതിരകളും ആ വെള്ളം കുടിക്കുകയും ചെയ്തു, പിന്നെയും ആ വെള്ളം അതേ അളവിൽ അവിടെ ബാക്കിയായിരുന്നു. പലപ്പോഴും ഒന്ന് രണ്ട് അപ്പക്കഷണത്തിൽ തന്റെ കൈവെച്ചപ്പോൾ ആയിരത്തോളം വിശപ്പുംദാഹവുമുള്ളവർക്ക് വയറുനിറയെ ഭക്ഷണം കഴിക്കുന്നതിന് പര്യാപ്തമായി. ചില നേരത്ത് അല്പം പാലിൽ തന്റെ ചുണ്ടുകൾകൊണ്ട് പ്രസാദിച്ചപ്പോൾ ഒരു വലിയ സംഘത്തിന്റെ വയറു നിറയുന്നതിന് അത് നിമിത്തമായി. ചില നേരത്ത് ഉപ്പുരസമുള്ള കിണർവെള്ളത്തിൽ തന്റെ ഉമിനീരിറ്റിച്ചപ്പോൾ അത് ശുദ്ധജലമായി മാറി. ചില നേരത്ത് കൊടുംകുറ്റവാളികളെ തന്റെ കരസ്പർശം കൊണ്ട് നല്ലവരാക്കിത്തീർത്തു. ചില നേരത്ത് യുദ്ധാവസരത്തിൽ കണ്ണിന്റെ കൃഷ്ണമണി പുറത്തുതള്ളിവന്നപ്പോൾ അങ്ങനെ സങ്കടപ്പെട്ടിരിക്കുന്നയാളെ തന്റെ കൈകളുടെ അനുഗ്രഹങ്ങൾ മുഖേന സുഖപ്പെടുത്തിക്കൊടുത്തു. അങ്ങനെ ഇനിയും ഒരുപാട് പ്രവൃത്തികൾ തന്റെ വ്യക്തിപരമായ കഴിവുകൊണ്ട് വെളിപ്പെടുത്തി. അതിനോടൊപ്പം വളരെ അന്തർലീനമായ ഒരു ദൈവീക ശക്തിയുണ്ടായിരുന്നു.**

**(ആഇനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 5, പേജ് 65-66)**

**ഖയ്ബർ യുദ്ധത്തിന്റേയും ദാത്തുർരിഖാഅ് യുദ്ധത്തിന്റേയും പശ്ചാത്തലത്തിൽ തിരുനബി ചരിത്ര വിവരണം.**

**ഖുത്ബ ജുമുഅ 2025 ഏപ്രിൽ 11, 1404 ശഹാദത്ത് 11, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഖയ്ബർ യുദ്ധത്തിനുശേഷമുണ്ടായ ചില സംഭവങ്ങളെക്കുറിച്ചാണ് വിവരിച്ചുകൊണ്ടിരുന്നത്. അവയിൽ തയ്മാഅ് ജനത സന്ധി ചെയ്തതിനെ സംബന്ധിച്ചുള്ള സംഭവവുമുണ്ട്. തയ്മാഅ് മദീനയിൽ നിന്ന് ശാമിലേക്കുപോകുന്ന വഴിയിൽ വളരെ സുപ്രസിദ്ധമായൊരു പട്ടണമാണ്. അത് മദീനയിൽനിന്ന് ഏകദേശം 400 കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്നു. *(ശറഹ് സർഖാനീ, വാള്യം 3, പേജ് 303, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

തയ്മാഇലെ യഹൂദികൾ ഖയ്ബർ, ഫദക്ക്, വാദിയിൽഖുറാ എന്നിവയുടെ അവസ്ഥകളെ സംബന്ധിച്ചറിഞ്ഞപ്പോൾ മുസ്‌ലിമീങ്ങൾക്കെതിരെ ഏതെങ്കിലും രീതിയിലുള്ള യുദ്ധനീക്കം നടത്തുന്നതിനുപകരം സ്വന്തം നിലയ്ക്ക് ആളെ അയച്ച് സന്ധിക്ക് ശ്രമിക്കുകയാണ് ചെയ്തത്. അതു നബിﷺതിരുമേനി അംഗീകരിച്ചു. തങ്ങളുടെ സാധനസാമഗ്രികളുമായി പ്രസ്തുത പ്രദേശത്തുതന്നെ താമസിക്കുന്നതിന് അവർക്ക് അനുമതിയും നൽകി. *(അൽബദായാ വന്നഹായ, വാള്യം 6, പേജ് 352,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഗസ്‌വാത്ത് വ സറായാ, പേജ് 388, ഫരീദ് പബ്ലിഷേഴ്സ്, സാഹിവാൾ)*

ഈ അവസരത്തിൽത്തന്നെ നമസ്കാരം വൈകി അനുഷ്ഠിച്ച ഒരു സംഭവത്തെക്കുറിച്ചും വിവരണമുണ്ട്. ഹദ്റത്ത് അബൂഹുറയ്റؓ നിവേദനം. അദ്ദേഹം പറഞ്ഞു: "നബിﷺതിരുമേനി ഖയ്ബറിൽനിന്ന് തിരിച്ചുവരുമ്പോൾ രാത്രി മുഴുവൻ യാത്രചെയ്യുകയായിരുന്നു. അങ്ങനെ നബിﷺതിരുമേനിക്ക് ഉറക്കം വന്ന സമയത്ത് മദീനയുടെ സമീപം വിശ്രമിക്കുന്നതിന് താവളമടിച്ചു. ബിലാലിനോട്ؓപറഞ്ഞു: ഇന്നുരാത്രി നമ്മുടെ നമസ്കാര സമയത്തെ സംരക്ഷിക്കേണ്ടതാണ്. അതായത് നമസ്കാരസമയത്ത് ഉണർത്തുക. തുടർന്ന് ഹദ്റത്ത് ബിലാൽؓ രാത്രി മുഴുവനും തനിക്ക് കഴിയുന്നത്രയും നഫ്ൽ നമസ്കരിച്ചു കൊണ്ടിരുന്നു. മറ്റു സ്വഹാബാക്കളെല്ലാം ഉറങ്ങുകയും ചെയ്തു. അങ്ങനെ സ്വുബ്ഹിനേരം സമീപസ്ഥമായി. ആ സമയത്ത് ഹദ്റത്ത് ബിലാൽؓ പ്രഭാതം പൊട്ടിവിടരുന്ന ദിക്കിലേക്ക് മുഖം തിരിച്ചു കൊണ്ട് തന്റെ ഒട്ടകത്തെ ചാരിക്കിടന്നു. പക്ഷേ, ഉറങ്ങിപ്പോയി. നബിﷺതിരുമേനിക്കും ഉണരാൻ കഴിഞ്ഞില്ല. ബിലാലിനും ഉണരാൻ കഴിഞ്ഞില്ല. മാത്രമല്ല സ്വഹാബാക്കളിലാർക്കും ഉണരാൻ കഴിഞ്ഞില്ല. എത്രത്തോളമെന്നാൽ അവർക്കുമേൽ വെയിൽപ്പതിച്ചു. നബിﷺതിരുമേനിയാണ് അവരിലേറ്റവും ആദ്യമുണർന്നത്. നബിﷺതിരുമേനിക്ക് ഒരുപാട് അസ്വസ്ഥത അനുഭവപ്പെട്ടു. അങ്ങനെ 'യാ ബിലാൽ'! എന്നു വിളിച്ചു. ബിലാൽ പറഞ്ഞു: "യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്! അങ്ങയെ ഉണരുന്നതിൽനിന്ന് തടഞ്ഞ അതേ അസ്തിത്വമാണ് എന്റെ ആത്മാവിനെയും തടഞ്ഞത്. നബിﷺതിരുമേനി അവിടെനിന്ന് പുറപ്പെടാൻ കൽപ്പന നൽകി.

അങ്ങനെ അവർ തങ്ങളുടെ യാത്രാമൃഗങ്ങളുമായി കുറച്ചു മുമ്പോട്ടു നീങ്ങി. നബിﷺതിരുമേനി സമീപത്തുതന്നെ കുറച്ചു ദൂരത്ത് താവളമടിക്കുകയും വുളു എടുക്കുകയും ബിലാലിനോടു നമസ്കാരത്തിന് ഇഖാമത്ത് കൊടുക്കാൻ പറയുകയും ചെയ്തു. നബിﷺതിരുമേനി സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നൽകി. നബിﷺതിരുമേനി ഉറങ്ങിയ സ്ഥലത്തായിരുന്നില്ല നമസ്കരിച്ചത്. പ്രത്യുത കുറച്ചു മുമ്പോട്ടുപോയി മറ്റൊരു സ്ഥലത്താണ് ജമാഅത്തായി നമസ്കരിച്ചത്. നമസ്കാരം കഴിഞ്ഞപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ആരെങ്കിലും നമസ്കാരം മറന്നു പോയാൽ ഓർമ വരുന്നുടൻതന്നെ നമസ്കരിക്കേണ്ടതാണ്. കാരണം അല്ലാഹു പറയുന്നു: എന്നെ ഓർക്കുന്നതിന് നിങ്ങൾ നമസ്കാരം നിലനിറുത്തുക. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽമസാജിദ് ....680)(സുബുലുൽഹുദാ വാള്യം 5, പേജ് 149, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)*

ഇവിടെ ഒരു കാര്യം കൂടി വ്യക്തമാക്കട്ടെ; സ്വുബ്ഹി നമസ്കാരം വൈകിയനുഷ്ഠിച്ച സംഭവം പല യുദ്ധങ്ങളുടെ കാര്യങ്ങളിലും വിവരിച്ചിട്ടുണ്ട്. ചിലയാളുകൾ ഇത് തബൂക്കിലെ സംഭവമാണെന്ന് പറയുന്നു. മറ്റുചിലർ ഹുദയ്ബിയ സന്ദർഭത്തിലാണെന്ന് വിവരിച്ചിട്ടുണ്ട്. *(താരീഖുൽഖുമയ്സ്, ഭാഗം 2, പേജ് 437, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ലുഅ്ലുഉൽ മക്നൂൻ, വാള്യം 3, പേജ് 477, ലന്നശ്രി വത്തൗസീയി)*

ഒരുപക്ഷേ, നിവേദകന്റെ ഓർമപ്പിശകായിരിക്കും. മറ്റേതെങ്കിലും യുദ്ധത്തിന്റെ സംഭവം ഇതുമായി ചേർത്ത് വിവരിച്ചതുമാകും. അതല്ലെങ്കിൽ ഒന്നിലധികം തവണ ഇത്തരത്തിൽ സംഭവിച്ചിട്ടുണ്ടാകും. ഏതായാലും അല്ലാഹുവിന് മാത്രമേ നന്നായി അറിയുകയുള്ളൂ.

മദീനയിൽനിന്ന് തിരിച്ചു വരുന്നതിനിടയിൽ സ്വഹാബാക്കൾ ഉച്ചത്തിൽ തക്ബീർ ചൊല്ലിക്കൊണ്ടിരിക്കുകയായിരുന്നു. ഇതു സംബന്ധിച്ച് ഹദ്റത്ത് അബൂമൂസാ അശ്അരിؓവിവരിക്കുന്നു: മദീ

നയിൽ നിന്ന് തിരിച്ചുവരുമ്പോൾ ആളുകൾ ഒരു താഴ്‌വരയിലൂടെ കയറിപ്പോകുകയായിരുന്നു. അവർ ഉച്ചത്തിൽ തക്ബീർ ചൊല്ലിക്കൊണ്ടിരുന്നു. ***അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹ്*** എന്ന് ചൊല്ലിക്കൊണ്ടിരുന്നു. അപ്പോൾ നബിﷺതിരുമേനി അവരോടു പറഞ്ഞു: 'ശബ്ദം താഴ്ത്തുക, നിങ്ങൾ ബധിരനേയോ സ്ഥലത്തില്ലാത്തവനേയോ അല്ല വിളിക്കുന്നത്. അല്ലാഹു കേൾക്കുന്നവനും സമീപസ്ഥനുമാകുന്നു. അതുകൊണ്ട് മധ്യമനിലയിലുള്ള ശബ്ദം സ്വീകരിക്കുക. കാരണം നിങ്ങൾ വിളിക്കുന്ന അസ്തിത്വം വളരെയേറെ കേൾക്കുന്നവനും വളരെയേറെ സമീപസ്ഥനുമാകുന്നു. അവൻ നിങ്ങളോടൊപ്പം തന്നെയുണ്ട്.' നിവേദകൻ പറയുന്നു: ഞാൻ നബിﷺതിരുമേനിയുടെ യാത്രാവാഹനത്തിൽ പിന്നിൽത്തന്നെയുണ്ടായിരുന്നു. ഞാൻ പറയുന്നത് നബിﷺതിരുമേനി കേൾക്കുന്നുണ്ടായിരുന്നു. ഞാൻ ***ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്*** എന്നു പറഞ്ഞുകൊണ്ടിരുന്നു. ഞാനിതിങ്ങനെ ചൊല്ലിയപ്പോൾ നബിﷺതിരുമേനി എന്റെ ശബ്ദം കേൾക്കുകയും എന്നോടു പറയുകയും ചെയ്തു: 'അബ്ദുല്ലാഹ് ബിൻ ഖയ്സേ!' ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ ഹാജരാണ്.' അബൂമൂസാ അശ്അരിയുടെ പേര് അബ്ദുല്ലാഹ് ബിൻ ഖയ്സ് എന്നായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: "നിങ്ങൾക്കൊരു വാക്യം ഞാൻ പറഞ്ഞു തരട്ടയോ? അത് സ്വർഗത്തിലെ നിധികളിലൊന്നാണ്. ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! തീർച്ചയായും പറഞ്ഞു തന്നാലും.' എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് ബലിയാണ്. നബിﷺതിരുമേനി പറഞ്ഞു: 'അത് ***ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്*** എന്ന വാക്യമാണ്.' മനുഷ്യനു തിന്മയിൽനിന്ന് രക്ഷപ്പെടാനും നന്മ ചെയ്യാനുമുള്ള സൗഭാഗ്യം അല്ലാഹുവിൽനിന്ന് മാത്രമാണ് ലഭിക്കുന്നത്.*(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി, ബാബു ഗസ്‌വത്തു ഖയ്ബർ ഹദീഥ് 4205)*

നബിﷺതിരുമേനി ഇക്കാര്യത്തിലേക്ക് ശ്രദ്ധ തിരിച്ചു. പറയുന്നു: 'നിങ്ങൾ ഈ വാചകം ചൊല്ലിക്കൊണ്ടിരിക്കുകയായിരുന്നു. ഇത് വളരെ ഉന്നതമായ വാക്യമാകുന്നു. ഇത് അല്ലാഹുവിനോടു അടുപ്പിക്കുന്നു.' ഏതായാലും മദീനയിലേക്കുള്ള യാത്ര തുടർന്നുകൊണ്ടിരുന്നു. ഇസ്‌ലാമിക സൈന്യം മദീനയിൽനിന്ന് ഹിജ്റ 7-ാം വർഷം മുഹർറ മാസത്തിലാണ് പുറപ്പെട്ടത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അവനിൽനിന്നുള്ള വിജയങ്ങളും നല്ലപോലെ സ്വരുക്കൂട്ടിക്കൊണ്ട് അവർ സ്വഫർ മാസത്തിന്റെ അവസാനത്തിലോ റബീഉൽഅവ്വൽ മാസത്തിന്റെ തുടക്കത്തിലോ തിരിച്ച് മദീനയിലെത്തി.*(ഗസ്‌വാത്ത് വ സറായാ പേജ് 388, ഫരീദിയ പബ്ലിഷേഴ്സ് സാഹിവാൽ)*

നബിﷺതിരുമേനി ഖയ്ബറിൽ എത്രകാലം താമസിച്ചു എന്നതിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ്ؓപറയുന്നു: നബിﷺതിരുമേനി ഖയ്ബറിൽ 6 മാസം തങ്ങി. ഈ സന്ദർഭത്തിൽ രണ്ടു നമസ്കാരം ജംആക്കിയായിരുന്നു നമസ്കരിച്ചിരുന്നത്. ചില നിവേദനങ്ങളിൽ 40 ദിവസം അവിടെ തങ്ങിയെന്നും പറയുന്നുണ്ട്.*(സുബുലുൽഹുദാ വാള്യം 5, പേജ് 156, ദാറുൽകുതുഹുൽ ഇൽമിയ്യ ബെയ്റൂത്ത്)*മിക്ക നിവേദനങ്ങളും കുച്ചുനാൾ താമസിച്ചതിനെ സംബന്ധിച്ചാണ് ലഭിക്കുന്നത്.

ഖയ്ബർ വിജയം മുസ്‌ലിമീങ്ങളിൽ ഒരുപാട് നല്ല പ്രതികരണമാണുണ്ടാക്കിയത്. ഖയ്ബർ വിജയത്തിന്റെ ഒരു അടിസ്ഥാനപരമായ പ്രഭാവം എന്തായിരുന്നുവെന്നാൽ, നേരത്തെ ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കുമെതിരിൽ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരുന്ന അറേബ്യയുടെ തൊട്ടടുത്തുള്ള ഒരുപാട് ഗോത്രങ്ങൾ വിഹ്വലരായി. ചിലയാളുകൾ സന്ധി ചെയ്യുന്നതിന് കൈനീട്ടി. ചിലയാളുകൾ അനുസരിക്കാൻ തയ്യാറായി. അങ്ങനെ മുസ്‌ലിമീങ്ങൾക്ക് രാഷ്ട്രീയപരമായ ആഭിജാത്യം വർധിക്കുകയാണ് ചെയ്തത്. ഖയ്ബർ വിജയത്തിന്റെ മറ്റൊരു ഫലം, അറേബ്യൻ ഉപഭൂഖണ്ഡത്തിൽ യഹൂദികളുടെ ശക്തി താരതമ്യേന ക്ഷയിച്ചു എന്നതാണ്. മദീനയിലെ യഹൂദികളും ഖയ്ബറിലെ യഹൂദികളും അറേബ്യൻ പ്രദേശത്ത് ഒരു വലിയ പരിധിവരെ സാമ്പത്തികവും സൈന്യപരവുമായ ശക്തിയുടെ അടയാളമായി ഗണിക്കപ്പെട്ടിരുന്നു. ഇസ്‌ലാമിനെതിരെ പ്രത്യേകിച്ചും ശത്രുതയും വെറുപ്പും ഒരുപാട് അതിരു കടന്നിട്ടുണ്ടായിരുന്നു. ചുരുങ്ങിയപക്ഷം എല്ലാ വലിയ പ്രശ്നങ്ങളിലും ശത്രുക്കൾക്ക് അവരുടെ പിന്തുണ ലഭിച്ചു കൊണ്ടിരുന്നു.

മൂന്നാമത്തെ അടിസ്ഥാനപരമായ സ്വാധീനമെന്തായിരുന്നുവെന്നാൽ അതുമുഖേന മദീനയിലെ മുസ്‌ലിമീങ്ങളുടെ ജീവിതനിലവാരം വളരെ നല്ലനിലയിൽ മെച്ചപ്പെട്ടുവെന്നതാണ്. ഹദ്റത്ത് ആഇശയുംؓ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമറുംؓ മറ്റു സ്വഹാബാക്കളും വിവരിക്കുന്നു: ഖയ്ബർ വിജയത്തിനു ശേഷമാണ് ഞങ്ങൾക്ക് വയറുനിറയെ ഭക്ഷണം കിട്ടിത്തുടങ്ങിയത്. അതിനുമുമ്പേ വയറുനിറയെ ഭക്ഷണം ലഭിച്ചിരുന്നില്ല. ശേഷം മുസ്‌ലിമീങ്ങളുടെ പക്കൽ അശനപാനീയങ്ങൾക്കുള്ള സാധനങ്ങൾ ഒരുപാട് ഒരുമിച്ചുകൂടി. എത്രത്തോളമെന്നാൽ അവർ തങ്ങളുടെ അൻസ്വാർ സഹോദരങ്ങൾക്ക് അവരുടെ സ്വത്തുക്കളും അവരുടെ ഭാഗങ്ങളും തിരിച്ചു നൽകി. അതൊരു കാലത്ത് മുഹാജിർ സഹോദരന്മാർക്ക് അൻസ്വാർ നൽകിയതായിരുന്നു. അന്ന് അവർ മക്കയിൽനിന്ന് വളരെയേറെ ദരിദ്രാവസ്ഥയിലും ബുദ്ധിമുട്ടിയ നിലയിലും ഇവിടെ ഹിജ്റത്ത് ചെയ്തു വന്നവരായിരുന്നു. ഇക്കൂട്ടത്തിൽ ഹദ്റത്ത് അനസിൽനിന്ന് വളരെ താൽപര്യജനകമായ ഒരു നിവേദനമുണ്ട്. അതിൽ ഇപ്പറഞ്ഞ സകല കാര്യങ്ങളും വിശദമായി പറയുന്നുണ്ട്. അദ്ദേഹം പറയുന്നു: മുഹാജിരീങ്ങൾ മക്കയിൽനിന്ന് മദീനയിൽ വന്നപ്പോൾ അവരുടെ പക്കൽ ഒന്നുമുണ്ടായിരുന്നില്ല. മദീനയിലെ അൻസ്വാർ ഭൂമിയും സമ്പത്തും വളർത്തുമൃഗങ്ങളുമുള്ളവരായിരുന്നു. അങ്ങനെ അതിൽനിന്ന് കിട്ടുന്ന വാർഷിക വരുമാനത്തിന്റെ പകുതി മുഹാജിറുകൾക്ക് അൻസ്വാർ നൽകിക്കൊണ്ടിരുന്നു. ഹദ്റത്ത് അനസിന്റെؓ മാതാവ് തന്റെ ഫലദായകമായ ഈത്തപ്പന നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ സമർപ്പിച്ചു. നബിﷺതിരുമേനി പ്രസ്തുത മരം ഉമ്മു അയ്മന് നൽകി. തന്റെ കൈയിൽ അത് വെച്ചില്ല. പ്രത്യുത അത് ഉമ്മു അയ്മന് നൽകുകയാണ് ചെയ്തത്. ഖയ്ബറിൽ നിന്ന് തിരിച്ചുവരുമ്പോൾ മുഹാജിറുകൾ അൻസ്വാറിന് അവരുടെ സമ്പത്തെല്ലാം തിരിച്ചു നൽകി. അതേ സന്ദർഭത്തിൽ ഹദ്റത്ത് അനസിന്റെؓമാതാവിനും പ്രസ്തുത ഈത്തപ്പനയും തിരിച്ചുനൽകി. ഹദ്റത്ത് അനസ്ؓ പറയുന്നു: 'ഞാൻ ഉമ്മു അയ്മനോടു ഈ മരം ഞങ്ങൾക്കിപ്പോൾ തിരിച്ചുകിട്ടിയെന്ന് പറഞ്ഞപ്പോൾ അവർ പറഞ്ഞു: 'ഞാനൊരിക്കലും അത് തിരിച്ചു നൽകുന്നതല്ല. ഇത് എനിക്ക് നബിﷺതിരുമേനി നൽകിയതാണ്.' ഒരുപക്ഷേ, അവർ നബിﷺതിരുമേനിയോടുള്ള സ്നേഹം കൊണ്ടോ അല്ലെങ്കിൽ നബിﷺതിരുമേനി നൽകിയത് തിരിച്ചു നൽകാൻ ആഗ്രഹിക്കാത്തതുകൊണ്ടോ അങ്ങനെ പറഞ്ഞതായിരിക്കാം. ഏതായിരുന്നാലും അവർ പറഞ്ഞു: 'ഇനി ഞാനത് തിരിച്ചു നൽകുന്നതല്ല.' ഹദ്റത്ത് അനസ്ؓ, നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തി എല്ലാ കാര്യങ്ങളും പറഞ്ഞപ്പോൾ നബിﷺതിരുമേനി ഉമ്മു അയ്മനോടു പറഞ്ഞു: 'ഈ മരം തിരിച്ചു നൽകുക. അതിനു പകരമായി ഞാൻ ഇത്രയും മരങ്ങൾ നൽകുന്നതാണ്.' പക്ഷേ, അവർ സമ്മതിക്കുന്നുണ്ടായിരുന്നില്ല. അവർ പറഞ്ഞു: "ഇത് ആരംഭത്തിൽ അങ്ങ് എനിക്ക് നൽകിയതാണ്. വളരെയേറെ അനുഗൃഹീതവുമാണ്. ഞാനത് കൊടുക്കുന്നതല്ല." അതിനു പകരമായി 10 ഇരട്ടി മരങ്ങൾ നൽകി. തുടർന്ന് അവർ അത് തിരിച്ചു നൽകുകയും ചെയ്തു.*(ബുഖാരി കിതാബുൽഹിബ ഹദീഥ് 2630) (മുസ്‌ലിം കിതാബുൽജിഹാദ് വസ്സയ്ർ ഹദീഥ് 1771)(സുബുലുൽ ഹുദാ വാള്യം 5, പേജ് 151, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ചരിത്രത്തിൽ ദാത്തുർരിഖാഅ് എന്ന ഒരു യുദ്ധത്തെ സംബന്ധിച്ചും വിവരം ലഭിക്കുന്നുണ്ട്. ഈ യുദ്ധം ഗസ്‌വത്തു മുഹാരിബ്, ഗസ്‌വത്തു ബനൂ ഥഅ്‌ലബ, ഗസ്‌വത്തു ബനൂ അൻമാർ എന്നീ പേരുകളിലും അറിയപ്പെടുന്നുണ്ട്. കാരണം ഈ ഗോത്രങ്ങളുടെ ഭാഗത്തുനിന്നാണ് പ്രസ്തുത യുദ്ധമുണ്ടായത്. ഈ യുദ്ധത്തെ ദാത്തുൽ അആജീബ് എന്നും പറയുന്നുണ്ട്. കാരണം ഈ യുദ്ധത്തിൽ നിരവധി ദിവ്യാത്ഭുതങ്ങൾ അതായത് മുഅ്ജിസത്തുകൾ വെളിപ്പെട്ടിരുന്നു. ഇതിന് ദാത്തുർരിഖാഅ് എന്ന് പറയാനുള്ള കാരണം ഈ പ്രദേശത്ത് ദാത്തുർരിഖാഅ് എന്ന പേരിൽ ഒരു മരമോ മലയോ ഉണ്ടായിരുന്നു എന്നതാണ്. അതുകൊണ്ട് ഈ യുദ്ധം ദാത്തുർരിഖാഅ് എന്ന പേരിൽ പ്രസിദ്ധമായി. *(സ്വഹീഹ് ബുഖാരി കിതാബുൽമഗാസി ബാബ് ഗസ്‌വ ദാത്തുർരിഖഃ ഹദീഥ് 4128)*

എന്തായാലും ഇതിന് വിവിധ നാമങ്ങളുണ്ട്. മറ്റൊരു സ്ഥലത്ത് ഇങ്ങനെ എഴുതിയിരിക്കുന്നു. ഏതൊരു മണ്ണിലാണോ ഈ യുദ്ധം നടന്നത് അതിന് പല നിറങ്ങളുണ്ടായിരുന്നു. ചിലർ എഴുതുന്നത്

ഈ യുദ്ധത്തിൽ പലനിറങ്ങളിലുള്ള കുതിരകളുണ്ടായിരുന്നു. ചിലർ എഴുതിയിരിക്കുന്നത് ഈ യുദ്ധത്തിൽ കൊടികളിൽ ബാന്റേജ് ഉണ്ടാക്കിയിരുന്നു എന്നാണ്. അല്ലെങ്കിൽ വിവിധ ബാന്റേജുകൾ ചേർത്ത് കൊടികൾ ഉണ്ടാക്കപ്പെട്ടിരുന്നുവെന്നാണ്. അങ്ങനെ ഇത് ദാത്തുർരിഖാഅ് എന്ന് പറയപ്പെട്ടു. ചിലർ പറഞ്ഞു:ഈ എല്ലാ വിവിധകാര്യങ്ങളും ഒന്നിച്ചു ചേർന്ന കാരണത്താൽ ഇത് ദാത്തുർരിഖാഅ് എന്ന് പറയപ്പെട്ടു. *(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 2, പേജ് 371, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)(ശറഹ് സർഖാനീ വാല്യം 2, പേജ് 525, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്) (ശറഹ് അസ്സർഖാനീ അലി മുഅത്വാ, വാല്യം 1, പേജ് 542, ദാറു അഹ്‌യാഉത്തുറാഥുൽഅറബി, ബെയ്റൂത്ത്)*

ഈ യുദ്ധത്തിന്റെ മറ്റൊരു പേര് 'സ്വലാത്തുൽ ഖൗഫ്' എന്നുമാണ്. കാരണം ഈ യുദ്ധത്തിലാണ് സ്വലാത്തുൽ ഖൗഫ് നമസ്കരിച്ചത്. *(ശറഹ് സർഖാനീ വാല്യം 2, പേജ് 521, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ഈ യുദ്ധത്തിന്റെ തീയതിയെ സംബന്ധിച്ചും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ചരിത്ര പുസ്തകങ്ങളിലും നബിചരിത്രങ്ങളിലും ഈ യുദ്ധം ഹിജറ നാലിലോ അഞ്ചിലോ ആണ് നടന്നത്. ഇബ്നു ഹിശാം, ഇബ്നു ഇസ്ഹാഖിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ദാത്തുർരിഖാഅ് ഹിജറ നാലാം വർഷത്തിൽ ബനൂ നദീർ യുദ്ധത്തിനുശേഷം മൂന്നു മാസം കഴിഞ്ഞാണ് നടന്നത്. ഇബ്നു സഅ്ദിന്റെ പക്കൽ ഇത് ഹിജ്റ അഞ്ചാം വർഷമാണ് നടന്നത്. *(സീറത്ത് ഇബ്നുഹിശാം പേജ് 614, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)(അത്ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 46-47, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

അതേസമയം ഇമാം ബുഖാരി(റഹ്) ഒരു ശക്തമായ തെളിവുമുഖേന ഈ യുദ്ധം ഖയ്ബർ വിജയത്തിന് ശേഷം ഹിജറ ഏഴാം വർഷമാണ് നടന്നതെന്ന് പറയുന്നു. അദ്ദേഹത്തിന്റെ തെളിവെന്തെന്നാൽ ഹദ്റത്ത് അബൂമൂസാ അശ്അരി ഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഹദ്റത്ത് അബൂമൂസാ അശ്അരി ഖയ്ബർ യുദ്ധത്തിന് ശേഷമാണ് മുസ്‌ലിമായത്. അതുകൊണ്ട് ഖയ്ബർ ചരിത്രത്തിൽ അബൂ മൂസാ അശ്അരി പങ്കെടുത്തതുകൊണ്ട് ഇപ്പറഞ്ഞ കാര്യം കൂടുതൽ പരിഗണനീയമാണ്.*(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി, ബാബു ഗസ്‌വത്തു ദാത്തുർരിഖാഅ്)*

ഹദ്റത്ത് സാഹിബ് സാദാ മിർസ ബശീർ അഹ്മദ് സാഹിബ്ؓ സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന തന്റെ ഗ്രന്ഥത്തിന്റെ അവസാനം ചേർക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള ശീർഷകങ്ങളിൽ ദാത്തുർരിഖാഅ് യുദ്ധത്തെ ഖയ്ബർ യുദ്ധത്തിനു ശേഷം ഹിജ്റ ഏഴാം വർഷമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓ എം.എ, പേജ് 838)*

ഈ യുദ്ധത്തിന്റെ ഒരു കാരണം ഇതായിരുന്നു: ചിലയാളുകൾ നജ്ദ് പ്രദേശങ്ങളിൽ ഇടയ്ക്കിടെ മോഷണവും കൊള്ളയും നടത്തി യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നുണ്ടായിരുന്നു. ഇവരേതെങ്കിലും ഒരു പ്രദേശത്ത് താമസിക്കുന്നവരായിരുന്നില്ല. അതുകൊണ്ട് ഇവരെ കീഴ്പ്പെടുത്തുക എന്നത് ഒരുപാട് ബുദ്ധിമുട്ടായിരുന്നു. ഇവർക്കെതിരെ കൃത്യമായ നടപടികളെടുക്കാൻ നബിﷺതിരുമേനി തീരുമാനിച്ചു. *(സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 8, പേജ് 468, ദാറുസ്സലാം)*

ഈ യുദ്ധത്തിന്റെ രണ്ടാമത്തെ കാരണം വിവരിക്കപ്പെടുന്നത് ഇതാണ്: ഒരാൾ കച്ചവട സാധനങ്ങൾ മദീനയിൽ കൊണ്ടുവന്നു. മദീനയിലെ ആളുകൾ അയാളിൽനിന്ന് സാധനങ്ങൾ വാങ്ങിയപ്പോൾ അയാൾ മുസ്‌ലിമീങ്ങളോടു പറഞ്ഞു: 'അൻമാർ ഗോത്രവും ഥഅ്‌ലബ ഗോത്രവും നിങ്ങൾക്കെതിരെ ഒരു സൈന്യത്തെ സംഘടിപ്പിക്കുന്നുണ്ട്. പക്ഷേ, നിങ്ങൾ അവരെക്കുറിച്ച് അശ്രദ്ധരാണ്.' ഈ വാർത്ത കിട്ടിയപ്പോൾ നബിﷺതിരുമേനി മദീനയിൽ ഒരാളെ മേൽനോട്ടത്തിന് നിയമിക്കുകയും ഇതിനെതിരിൽ യാത്രയ്ക്ക് പുറപ്പെടാൻ തയ്യാറാവുകയും ചെയ്തു. ഇബ്നു ഇസ്ഹാഖ്ؓപറയുന്നു: അവിടെ ഹദ്റത്ത് അബൂദർ ഗഫ്ഫാരിയെയാണ് പിൻഗാമിയായി നിശ്ചയിച്ചത്. ഇബ്നു സഅ്ദും ഇബ്നു ഹിശാമും പറയുന്നു: മേൽനോട്ടക്കാരനായി ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനെ ആയിരുന്നു നിശ്ചയിച്ചത്.*(ശറഹ് സർഖാനീ വാല്യം 2, പേജ് 52-528, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്) (സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 175,ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ഏതായാലും നബിﷺതിരുമേനി ഈ യാത്രയ്ക്ക് പുറപ്പെട്ടു. യുദ്ധാവസ്ഥകളും സംഭവങ്ങളും സംബന്ധിച്ചുള്ള കൂടുതൽ വിശദീകരണത്തിൽ പറയുന്നു: നബിﷺ തിരുമേനി മദീനയിൽനിന്ന് 400 പേരോടൊപ്പം ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 700, 800 പേരോടൊപ്പം പുറപ്പെട്ടു. അങ്ങനെ ശുഖ്റഹ് താഴ്‌വരയിലെത്തി. ശുഖ്റഹ് താഴ്‌വര മദീനയിൽനിന്ന് രണ്ടുദിവസത്തെ യാത്ര ദൈർഘ്യമുള്ള സ്ഥലമാണ്. ഇവിടെ ഒരു ദിവസം താമസിച്ചു. പിന്നെ നാലു ഭാഗത്തേക്കും സംഘങ്ങളെ അയക്കുകയും ചെയ്തു. രാത്രി ആയപ്പോഴേക്കും എല്ലാ സൈനിക സംഘങ്ങളും തിരിച്ചെത്തി പറഞ്ഞു: ഞങ്ങൾ ആരെയും കണ്ടിട്ടില്ല. അവർ കാലടികൾപ്പോലും മായ്ച്ചു കളഞ്ഞിരിക്കുന്നു. അതിനു ശേഷം നബിﷺതിരുമേനി അവരോടൊപ്പം പുറപ്പെട്ടു. അങ്ങനെ നഖ്ൽ എന്ന സ്ഥലത്തെത്തി. നഖ്ൽ മദീനയിൽനിന്ന് 62 മൈൽ ദൂരെയുള്ള സ്ഥലമാണ്. പ്രസ്തുത ഗോത്രങ്ങളുടെ സങ്കേതത്തിലെത്തിയപ്പോൾ അവിടെ സ്ത്രീകളെയല്ലാതെ മറ്റാരെയും കാണാൻ കഴിഞ്ഞില്ല. സ്ത്രീകളെ മുഴുവനും ബന്ദികളാക്കി. ചില ചരിത്രകാരന്മാർ സ്ത്രീകളെ ബന്ദികളാക്കിയതിനെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ആരെയും ബന്ദിയാക്കിയില്ലെന്നാണ് അവർ പറയുന്നത്. ഈയാളുകൾ കാട്ടുവാസികളായിരുന്നു. അവർ കൊടുമുടിയിലേക്ക് ഓടിക്കയറി. കൊടുമുടികളിൽനിന്ന് എല്ലാ കാര്യങ്ങളും അവർ കാണുന്നുണ്ടായിരുന്നു. *(സുബുലുൽഹുദാ, വാല്യം 5, പേജ് 175, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 8, പേജ് 474, ദാറുസ്സലാം)*

പുരുഷന്മാരെല്ലാം ഓടിപ്പോയി. സ്ത്രീകൾ മാത്രം ബാക്കിയായി. ചിലരുടെ വീക്ഷണത്തിൽ ബന്ദിയാക്കി എന്നും പറയുന്നുണ്ട്. സ്ത്രീകളെ ബന്ദിയാക്കിയിട്ടില്ല എന്നതുതന്നെയാണ് കൂടുതൽ ശരിയായി തോന്നുന്നത്. ഹദ്റത്ത് ജാബിർؓ വിവരിക്കുന്നു: നബിﷺതിരുമേനി നഖ്ൽ എന്ന പ്രദേശത്തുനിന്ന് ദാത്തുർരിഖാഇലേക്കു പോയി. അവിടെ ഗത്ഫാന്റെ സൈന്യത്തിന് അഭിമുഖമായി വന്നു. പക്ഷേ, യുദ്ധമൊന്നുമുണ്ടായില്ല. പരസ്പരം മുന്നിൽ വന്നപ്പോൾ യുദ്ധഭീതി ഉണ്ടാവുകയായിരുന്നു. ശത്രുക്കൾ എപ്പോൾ വേണമെങ്കിലും ഓർക്കാപ്പുറത്ത് ആക്രമണം നടത്തുമെന്ന ആശങ്കയുണ്ടായിരുന്നു. ശത്രുക്കളുടെ ഭാഗത്തുനിന്ന് എപ്പോഴും ആക്രമിക്കപ്പെട്ടേക്കാമെന്ന ആശങ്ക നിലനിന്നിരുന്നു. അതിനിടയിൽ നമസ്കാരത്തിന്റെ സമയമായപ്പോൾ നബിﷺ തിരുമേനി സ്വലാത്തുൽ ഖൗഫ് നമസ്കരിച്ചു.*(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ബാബു ഗസ്‌വത്തു ദാത്തുർരിഖാഅ് ഹദീഥ് നമ്പർ 4127)*

അതായത് ഈ നമസ്കാരത്തിൽ കുറച്ചാളുകൾ, പകുതിയാളുകൾ ഭാഗഭാക്കാകുന്നു. ആദ്യത്തെ റക്അത്തിൽ ചേരുന്നു. പകുതി നമസ്കാരത്തിൽ പങ്കെടുക്കുകയും പിന്നെ പിന്നിലേക്ക് മാറുകയും ചെയ്യുന്നു, തുടർന്ന് രണ്ടാമത്തെ സംഘം വന്ന് ബാക്കി പകുതി നമസ്കരിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള പരാമർശം വിശുദ്ധ ഖുർആനിലെ സൂറത്തുന്നിസാഇലും വന്നിട്ടുണ്ട്. ഭയപ്പാടിന്റെ ഇത്തരം അവസ്ഥകളിൽ എങ്ങനെയാണ് നമസ്കരിക്കേണ്ടതെന്നും എങ്ങനെയാണ് ശത്രുക്കൾ ആക്രമിക്കാതിരിക്കുന്നതിന് മുൻകരുതലെടുക്കേണ്ടതെന്നും വിവരിച്ചിട്ടുണ്ട്. ബയ്ഹഖി ഹദ്റത്ത് ജാബിറിൽؓനിന്ന് വിവരിക്കുന്നു: നബിﷺതിരുമേനി ളുഹ്ർ നമസ്കരിച്ചു. മുശ്‌രിക്കീങ്ങൾ മുസ്‌ലിമീങ്ങളെ ആക്രമിക്കാൻ പദ്ധതി ഇട്ടിരുന്നു. പറഞ്ഞു: നിങ്ങൾ അവരെ വിട്ടേക്കുക. അതിനുശേഷം ഒരു നമസ്കാരമുണ്ട്. അത് അവരുടെ മക്കളെക്കാളും അവർക്ക് പ്രിയപ്പെട്ടതാകുന്നു. ജിബ്രീൽؑ, നബിﷺതിരുമേനിയുടെ അടുത്ത വന്നു. ശത്രുക്കളുടെ പദ്ധതിയെ സംബന്ധിച്ച് അറിയിപ്പു നൽകി. ഒരു നമസ്കാരം അവർ വിട്ടു. അദ്ദേഹം പറഞ്ഞു, അടുത്ത നമസ്കാരത്തിൽ അവർ ആക്രമണം നടത്തുന്നതായിരിക്കും.

## • ഹദീഥുന്നബ്‌വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

ഏതായിരുന്നാലും ഇത് അദ്ദേഹത്തിന്റെ നിവേദനമാണ്. സുബുലുൽ ഹുദായിൽ ജിബ്‌രീൽؑശത്രുക്കളുടെ പദ്ധതിയെ പറ്റി നബിﷺ തിരുമേനിക്ക് അറിയിപ്പു നൽകിയതായി പറയുന്നുണ്ട്. നബിﷺതിരുമേനി അസ്ർ നമസ്കാരത്തിന്റെ സമയത്ത് സ്വലാത്തുൽ ഖൗഫ് നമസ്കരിച്ചു. ഇബ്നു സഅ്ദ് ﵁പറയുന്നു: ഇതാദ്യമായാണ് നബിﷺതിരുമേനി സ്വലാത്തുൽ ഖൗഫ് നമസ്കരിപ്പിച്ചത്.*(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 175, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ബുഖാരിയുടെ വ്യാഖ്യാതാവ് അതായത് അല്ലാമ ബദ്റുദ്ദീൻ അയ്നി എഴുതുന്നു: സ്വലാത്തുൽ ഖൗഫ് നമസ്കരിക്കുന്നതിന് ആദ്യമായി ഏതു വർഷമാണ് കൽപ്പന ഇറങ്ങിയതെന്നതു സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ട്. ഭൂരിപക്ഷം പണ്ഡിതന്മാരും പറയുന്നു: ആദ്യമായി ദാത്തുർരിഖാഅ് യുദ്ധത്തിലാണ് ഈ നമസ്കാരം അനുഷ്ഠിച്ചത്. ഏതു വർഷമാണ് കൽപ്പന ഇറങ്ങിയതെന്നതിന് സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ട്. ചിലർ ഹിജറ നാലാം വർഷമെന്നും മറ്റുചിലർ അഞ്ചാം വർഷമെന്നും വേറെ ചിലർ ആറാം വർഷമെന്നും ഇനിയും കുറെ പേർ ഹിജ്റ ഏഴാമത്തെ വർഷത്തിലാണ് ഇതേപ്പറ്റി കൽപ്പന ഇറങ്ങിയതെന്നും പറയുന്നു. ഒരു ഖൗൽ അനുസരിച്ച് സ്വലാത്തുൽഖൗഫ് ബദ്റുൽമൗയിദിനു മുമ്പേ ആദ്യമായി ഹിജ്റ നാലാം വർഷം ശവ്വാൽ മാസത്തിലാണ് അനുഷ്ഠിച്ചതെന്ന് പറയുന്നു. *(ഉംദത്തുൽഖാരി വാല്യം 6, പേജ് 376, പ്രസാധനം ദാറുഅഹ്‌യാഉത്തുറാഥുൽഅറബി ബെയ്റൂത്ത്) (ഫതഹുൽബാരി വാല്യം 5, പേജ് 348-349, ഖദീമീ കുതുബു ഖാന)*

ഈ അവസരത്തിൽ ഒരാൾ സ്വഹാബാക്കളെ ആക്രമിച്ചതിനെ സംബന്ധിച്ചും പറയപ്പെടുന്നുണ്ട്. നബിﷺതിരുമേനി ഒരു രാത്രി ഒരു സ്ഥലത്ത് താമസിക്കുകയായിരുന്നു. ആ നേരത്ത് ശക്തമായി കാറ്റുവീശുന്നുണ്ടായിരുന്നു. സ്വഹാബാക്കളോടു ചോദിച്ചു: 'ഇന്നത്തെ രാത്രി നമുക്കു വേണ്ടി ആരാണ് കാവൽ നിൽക്കുക?' അപ്പോൾ ഹദ്റത്ത് അബ്ബാദ് ബിൻ ബിശറും ഹദ്റത്ത് അമ്മാർ ബിൻ യാസിറും എഴുന്നേറ്റു. അവർ പറഞ്ഞു:'ഞങ്ങൾ അങ്ങയ്ക്ക് കാവൽ നിൽക്കാം.' അതിനുശേഷം അവരിരുവരും മലയിടുക്കിന്റെ മുകളിൽക്കയറി ഇരുന്നു. ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ, ഹദ്റത്ത് അമ്മാർ ബിൻ യാസറിനോടു പറഞ്ഞു: 'ഞാൻ രാത്രിയുടെ ആദ്യയാമത്തിൽ കാവൽ നിൽക്കാം. താങ്കൾ ആ സമയത്ത് ഉറങ്ങുക. രാത്രിയുടെ അന്ത്യയാമത്തിൽ താങ്കൾ കാവൽ നിൽക്കുക. ആ സമയത്ത് ഞാനുറങ്ങാം.' അങ്ങനെ ഹദ്റത്ത് അമ്മാർ ബിൻ യാസിർ ഉറങ്ങി. ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ നമസ്കരിക്കാൻ തുടങ്ങി. ഏതായാലും അദ്ദേഹം നമസ്കരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം നമസ്കരിക്കുന്നത് ശത്രുക്കളിൽ ആരോ കാണാനിടയായി. അദ്ദേഹം നമസ്കരിക്കുമ്പോൾ അനങ്ങുന്നത് മലയിടുക്കിലൂടെ കാണുകയും മുസ്‌ലിമീങ്ങൾക്ക് ആരോ കാവൽ നിൽക്കുകയാണെന്നും അയാൾ കരുതി. അയാൾ അതാണ് ധരിച്ചിട്ടുണ്ടാകാൻ സാധ്യത. അത് തങ്ങളുടെ ശത്രുവാണെന്ന് മനസ്സിലാക്കിയ അയാൾ അമ്പെയ്തു. ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്റിന്റെ ശരീരത്തിൽ അമ്പ് തറച്ചു. അദ്ദേഹം ആ നേരത്ത് നമസ്കാരത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അദ്ദേഹം അമ്പ് വലിച്ചെടുത്ത് എറിഞ്ഞു. നമസ്കാരം ഒഴിവാക്കിയില്ല. പ്രത്യുത നമസ്കാരം തുടർന്നു. അമ്പ് വലിച്ചെടുത്തെറിയുകയാണ് ചെയ്തത്. നമസ്കാരം തുടരുകയും ചെയ്തു. അയാൾ രണ്ടാമതും അദ്ദേഹത്തിനു നേരെ അമ്പെയ്തു. അതും അദ്ദേഹം വലിച്ചെടുത്തെറിഞ്ഞു. അങ്ങനെ അയാൾ മൂന്നാമതും അമ്പെയ്തപ്പോൾ ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്റിന്റെ രക്തം ഒരുപാട് പുറത്തുവന്നു. അദ്ദേഹം നമസ്കാരം പൂർത്തിയാക്കി. തുടർന്ന് ഹദ്റത്ത് അമ്മാർ ബിൻ യാസിറിനെ വിളിച്ചുണർത്തി. ശത്രു ഈ രണ്ടാമത്തെ വ്യക്തിയെ കൂടി കണ്ടപ്പോൾ വേഗം ഓടി രക്ഷപ്പെട്ടു. ഹദ്റത്ത് അമ്മാർ ബിൻ യാസിർ, ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്റിനെ പരിക്കേറ്റ അവസ്ഥയിൽ കണ്ടപ്പോൾ ചോദിച്ചു: 'താങ്കളെന്തുകൊണ്ടാണ് എന്നെ നേരത്തെ വിളിക്കാതിരുന്നത്? അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ നമസ്കാരത്തിൽ സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുകയായിരുന്നു. ഞാൻ ആ തിലാവത്ത് മുറിക്കാനിഷ്ടപ്പെട്ടില്ല.*(സീറത്തുൽ ഹൽബിയ്യ വാല്യം 2, പേജ് 368-369, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (അസ്സീറത്തുന്നബ്‌വിയ്യ, ലിഇബ്നി ഹിശാം, പേജ് 617-618ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇവർക്ക് അല്ലാഹുമായുള്ള അത്ഭുതകരമായൊരു ബന്ധമാണിത്. ആത്മാർഥതയുണ്ടായിരുന്നു. ഇബാദത്തുകൾ ചെയ്യുന്നതിന് അവർക്ക് ഒരു പ്രത്യേക താൽപര്യവുമുണ്ടായിരുന്നു. അവർ മുറിവേറ്റതുപോലും പരിഗണിച്ചില്ല. ചില നിവേദനങ്ങളിൽ ഹദ്റത്ത് അമ്മാർ ബിൻ യാസിറിനാണ് അമ്പ് കൊണ്ടതെന്നും പറയുന്നുണ്ട്.*(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 180,ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ഏതായിരുന്നാലും നബിﷺതിരുമേനി 15 ദിവസത്തെ ഈ യുദ്ധനടപടിക്കുശേഷം മദീനയിലേക്ക് തിരിച്ചു പുറപ്പെട്ടു. നബിﷺതിരുമേനി ജുആൽ ബിൻ സുറാഖയെ മദീനയിലേക്ക് അയച്ചു, മുസ്‌ലിമീങ്ങൾ സമാധാനത്തിലാണെന്ന സന്തോഷവാർത്ത അവർക്ക് നൽകി. *(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 2, പേജ് 370, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് ജാബിറിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: നബിﷺ തിരുമേനി സ്വിറാർ എന്ന സ്ഥലത്തെത്തി. ഇത് മദീനയിൽനിന്ന് മൂന്ന് മൈൽ അകലെയാണ്. നബിﷺ തിരുമേനി അവിടെ ഒട്ടകത്തെ അറുക്കാൻ കൽപ്പിച്ചു. നബിﷺതിരുമേനി പകൽ മുഴുവൻ അവിടെ തമ്പടിച്ചു. മുസ്‌ലിമീങ്ങളും നബിﷺ തിരുമേനിയോടൊപ്പമുണ്ടായിരുന്നു. വൈകുന്നേരമായപ്പോൾ മദീനയിൽ പ്രവേശിച്ചു. ഞങ്ങളും നബിﷺ തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു.*(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 180, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്) അത്ത്വബഖാത്തുൽകുബ്റാ, വാല്യം 2, പേജ് 47, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഈ യുദ്ധത്തിനിടയിൽ ചില അത്ഭുതങ്ങളും വെളിപ്പെട്ടിരുന്നു. നേരത്തെ പറഞ്ഞു വന്നതുപോലെ ഈ യുദ്ധം അത്ഭുതങ്ങളുടെ യുദ്ധമെന്നും അറിയപ്പെടുന്നു. അതിൽ ഒരു പ്രസിദ്ധമായ സംഭവം, ഒരു ശത്രു നബിﷺതിരുമേനിയുടെ നേരെ വാളോങ്ങിയതു സംബന്ധിച്ചുള്ളതാണ്. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്﵁ നിവേദനം. അദ്ദേഹം പറഞ്ഞു: ഒരു യുദ്ധത്തിൽ നബിﷺതിരുമേനിയുടെകൂടെ അദ്ദേഹം നജ്ദിലേക്ക് പോയതായിരുന്നു. ആളുകൾ ഉച്ച സമയത്ത് വളരെയേറെ മുള്ളുകളുള്ള ഒരു താഴ്‌വരയിലെത്തി. നബിﷺതിരുമേനി അവിടെ തമ്പടിച്ചു. അപ്പോൾ ഉച്ചനേരമായിട്ടുണ്ടായിരുന്നു. ആളുകൾ വൃക്ഷത്തണൽ അന്വേഷിച്ച് പലസ്ഥലത്തുപോയി തങ്ങി. നബിﷺതിരുമേനി ഒരു ഇലന്ത മരത്തിന്റെ ചുവട്ടിൽ വിശ്രമിക്കുകയായിരുന്നു. തന്റെ വാൾ ഒരു ഭാഗത്ത് തൂക്കിയിട്ടിരുന്നു. ഹദ്റത്ത് ജാബിർ﵁ പറയുന്നു: ഞങ്ങൾ കുറച്ചു നേരം ഉറങ്ങിയതിനുശേഷം നോക്കുമ്പോൾ നബിﷺ തിരുമേനി ഞങ്ങളെ വിളിക്കുന്നത് കണ്ടു. ഞങ്ങൾ നബിﷺതിരുമേനിയുടെ അടുത്തെത്തിയപ്പോൾ കാണുന്നത് ആ മഹാത്മാവിന്റെ അടുത്ത് ഒരു കാട്ടറബി ഇരിക്കുന്നതാണ്. നബിﷺതിരുമേനി പറഞ്ഞു: ഇയാൾ എന്റെ വാളെടുത്തിരിക്കുന്നു. ഞാൻ ഉറങ്ങുകയായിരുന്നു, ഞാനുണർന്നപ്പോൾ ഇയാൾ എനിക്കുനേരെ വാൾ പിടിച്ചു നിൽക്കുകയാണ്. അയാളെന്നോട് ചോദിച്ചു: 'താങ്കളെ എന്നിൽനിന്ന് ആരാണ് രക്ഷിക്കാനുള്ളത്?' ഞാൻ പറഞ്ഞു: 'അല്ലാഹ്!' അയാൾ വാൾ ഉറയിലിട്ടു. ഈ ഇരിക്കുന്ന ആളാ


• ഹദീഥുന്നബ്‌വിﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വിﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ണത്. നബിﷺതിരുമേനി അയാൾക്കെതിരെ ഒരു ശിക്ഷയും സ്വീകരിച്ചില്ല.*(സ്വഹീഹുൽബുഖാരി കിതാബുൽമഗാസി, ബാബ് ഗസ്വ ദാത്തുർരിഖാഅ് ഹദീഥ് 4135)(സ്വഹീഹുൽബുഖാരി കിതാബുൽജിഹാദ് വസ്സയ്ർ, ബാബ് തഫർറഖുന്നാസി അനിൽഇമാം ഹദീഥ് 2913)*

ആ വ്യക്തിയുടെ പേര് ഗൗറസ് ബിൻ ഹാരിഥ് എന്നാണ് പറയപ്പെടുന്നത്. ചിലയാളുകൾ അയാളുടെ പേര് ഗൗറക് എന്നാണെന്നും പറയുന്നുണ്ട്. ചിലർ ഗുവയ്റഥ് എന്നാണെന്നും പറയുന്നു.*(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി ബാബ് ഗസ്വത്തു ദാത്തിർരിഖാഅ് ഹദീഥ് 4136)(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 2, പേജ് 369, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ശറഹ് സർഖാനീ വാള്യം 2, പേജ് 532, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ വ്യക്തിയെ സംബന്ധിച്ച് അയാൾ ഇസ്‌ലാം സ്വീകരിച്ചുവെന്നും ഇസ്‌ലാം സ്വീകരിച്ചില്ലെന്നും വിവരിക്കപ്പെടുന്നുണ്ട്. ഏതായിരുന്നാലും അയാൾ മേലിൽ നബിﷺതിരുമേനിക്കെതിരിൽ യുദ്ധം ചെയ്യില്ലെന്ന് ശപഥം ചെയ്തു. നബിﷺതിരുമേനിക്കുനേരെ വാളോങ്ങിയ മറ്റൊരു സംഭവവും നിവേദനങ്ങളിൽ കാണപ്പെടുന്നുണ്ട്. അതിൽ ദുഅ്ഥൂർ എന്ന് പേരുള്ള ഒരാൾ നബിﷺതിരുമേനിക്കുനേരെ ആക്രമണം നടത്തിയ വിവരണമാണുള്ളത്. ചില പണ്ഡിതന്മാർ ഈ രണ്ടു സംഭവങ്ങളും ഒന്നു തന്നെയാണെന്ന് വിവരിച്ചിട്ടുണ്ട്. ചിലരുടെ വീക്ഷണത്തിൽ ഈ രണ്ടു സംഭവങ്ങളും വ്യത്യസ്ത സന്ദർഭങ്ങളിലാണുണ്ടായത്. *(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 2, പേജ് 369, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ദുഅ്ഥൂറിന്റെ ആക്രമണത്തെ സംബന്ധിച്ചുള്ള സംഭവം ഹിജ്റ മൂന്നാം വർഷം ദീ അംറ് യുദ്ധത്തിൽനിന്ന് അല്ലെങ്കിൽ ബനീഗത്ഫാൻ യുദ്ധത്തിൽനിന്ന് തിരിച്ചു വരുമ്പോഴാണുണ്ടായത്. അത് ഇപ്രകാരമാണ്: മുശ്‌രിക്കീങ്ങൾ നബിﷺതിരുമേനി ഒരു സ്ഥലത്ത് ഒറ്റയ്ക്ക് കിടക്കുന്നത് കണ്ടപ്പോൾ അവരുടെ നേതാവായ ദുഅ്ഥൂറിന്റെ അടുത്തെത്തി. ഇയാൾ എല്ലാവരെക്കാളും ധീരനായിരുന്നു. മുശ്‌രിക്കീങ്ങൾ പറഞ്ഞു, ഈ സമയത്ത് മുഹമ്മദ്ﷺതികച്ചും ഒറ്റപ്പെട്ട് ഒരുഭാഗത്ത് കിടക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ അദ്ദേഹത്തെ വക വരുത്തേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. മറ്റൊരു നിവേദനത്തിൽ പറയുന്നു: ദുഅ്ഥൂർ, നബിﷺതിരുമേനിയെ അവിടെ ഒറ്റയ്ക്ക് കിടക്കുന്നതു കണ്ടപ്പോൾ പറഞ്ഞു, ഈ സമയത്തും മുഹമ്മദിﷺനെ കൊല്ലാൻ കഴിയുന്നില്ലെങ്കിൽപ്പിന്നെ അല്ലാഹു എന്നെ നശിപ്പിക്കട്ടെ. ഏതായിരുന്നാലും ഇത്രയും പറഞ്ഞ് അയാൾ വാളുമെടുത്തു പുറപ്പെട്ടു. അങ്ങനെ നബിﷺതിരുമേനി യുടെ ശിരസ്സിന്റെ അടുത്തെത്തി. പെട്ടെന്ന് അയാൾ നബിﷺതിരുമേനിയെ സംബോധന ചെയ്തു കൊണ്ടു പറഞ്ഞു: ഇന്ന് അല്ലെങ്കിൽ ഇപ്പോൾ ഈ നേരത്ത് ആരാണ് താങ്കളെ എന്റെ കൈയിൽ നിന്ന് രക്ഷിക്കുക? നബിﷺതിരുമേനി വളരെ ശാന്തനായി പറഞ്ഞു: 'അല്ലാഹു' എന്നെ നിന്നിൽനിന്ന് രക്ഷിക്കുന്നതാണ്. അപ്പോൾ അയാൾ നിലത്തുവീണു. അയാളുടെ കൈയിൽനിന്ന് വാളും വീണുപോയി. ഉടൻതന്നെ നബിﷺതിരുമേനി അയാളുടെ വാളെടുത്തു, അയാളോടു ചോദിച്ചു: ഇപ്പോൾ നിന്നെ എന്നിൽനിന്ന് ആരാണ് രക്ഷിക്കാനുള്ളത്? അപ്പോൾ ദുഅ്ഥൂർ പറഞ്ഞു: 'ഇല്ല, ആരുമില്ല. എന്നെ രക്ഷിക്കാൻ ആർക്കും കഴിയില്ല.' അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ്ﷺഅല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവാണെ സത്യം! മേലിലൊരിക്കലും ഞാൻ അങ്ങയ്ക്കെതിരിൽ ആളുകളെ സംഘടിപ്പിക്കുന്നതല്ല. ഇങ്ങനെ അയാൾ സത്യം ചെയ്തു. നബിﷺതിരുമേനി അയാളുടെ വാൾ അയാൾക്കുതന്നെ നൽകുകയും ചെയ്തു. ഒരു നിവേദനത്തിൽ പറയുന്നു: ദുഅ്ഥൂർ നബിﷺതിരുമേനിയെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു: 'അല്ലാഹുവാണെ സത്യം! അങ്ങ് ഔദാര്യം ചെയ്യുന്ന കാര്യത്തിൽ എന്നെക്കാളും ശ്രേഷ്ഠനാകുന്നു.' നബിﷺതിരുമേനി അപ്പോൾ ഇങ്ങനെ മറുപടി പറഞ്ഞു: 'ഞാൻ ഔദാര്യം ചെയ്യുന്ന കാര്യത്തിൽ ഏറ്റവും കൂടുതൽ യോഗ്യനാകുന്നു.' അയാൾ തന്റെ സമൂഹത്തിൽ തിരിച്ചുപോയി. അയാളുടെ അവസ്ഥ തന്നെ മാറിയിട്ടുണ്ടായിരുന്നു. അയാൾ തന്റെ ജനതയ്ക്കിടയിൽ തബ്‌ലീഗ് ആരംഭിച്ചു. തനിക്കുണ്ടായ അനുഭവം വിവരിച്ചു. അതായത് താനെങ്ങനെയാണ് വീണതെന്ന് പറഞ്ഞു. അതായത് ഞാൻ അവിടെ നല്ല ഉയരമുള്ള ഒരു മനുഷ്യനെ കണ്ടു. ഞാൻ നിൽക്കുമ്പോൾ വളരെ ദീർഘകായനായ ഒരു മനുഷ്യൻ അവിടെ വന്നതായി കണ്ടു. അയാൾ എന്നെ തട്ടിമാറ്റിയപ്പോൾ ഞാൻ പുറമടിച്ചുവീണു. അപ്പോൾ ഞാൻ ഇതൊരു മനുഷ്യനല്ലെന്നും മലക്കായിരിക്കുമെന്നും മനസ്സിലാക്കി. അങ്ങനെ ഞാൻ ആ നേരത്തുതന്നെ അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ലെന്നും മുഹമ്മദ്ﷺഅല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിച്ചു. പറയുന്നു: 'അല്ലാഹുവാണെ സത്യം! ഞാനൊരിക്കലും അദ്ദേഹത്തിന്നെതിരെ ഒരു തരത്തിലുള്ള നീക്കവും നടത്തുന്നതല്ല.' പിന്നീട് അയാൾ തന്റെ ജനതയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്നു. ഒരിടത്ത് ഈ സംഭവം ഇങ്ങനെയും എഴുതിയിട്ടുണ്ട്. *(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 2, പേജ് 290, 369, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (സുബുലുൽ ഹുദാ വർറശാദ് വാള്യം 4 പേജ് 176, വാള്യം 10, പേജ് 257-258 ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇതേ സന്ദർഭത്തിൽ ഒരു പക്ഷിയുടെ സംഭവവും വരുന്നുണ്ട്. ഹദ്റത്ത് ജാബിർؓനിവേദനം. അദ്ദേഹം പറഞ്ഞു: ഞങ്ങൾ നബിﷺതിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. സ്വഹാബാക്കളിൽ ഒരാൾ ഒരു പക്ഷിക്കുഞ്ഞുമായി വന്നു. നബിﷺതിരുമേനി അത് കാണുന്നുണ്ടായിരുന്നു. അപ്പോൾ ആ പക്ഷിയുടെ തള്ളയോ തന്തയോ അതല്ല അവ രണ്ടും ആ പക്ഷിയെ പിടിച്ച സ്വഹാബിയുടെ മുന്നിൽ വന്നു വീണു. അദ്ദേഹം പറയുന്നു: ആളുകൾ അത്ഭുതത്തോടുകൂടി ആ പക്ഷി സ്വയം വന്ന് വീഴുന്നത് നോക്കുകയായിരുന്നു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു; തന്റെ കുഞ്ഞിനുവേണ്ടി ഈ പക്ഷി ജീവൻ ത്യജിക്കുന്നതു കാണുമ്പോൾ നിങ്ങൾ അത്ഭുതപ്പെടുന്നു. നിങ്ങൾ ആ പക്ഷിയുടെ കുഞ്ഞിനെ പിടിച്ചിരിക്കുന്നു. അതു സ്വയമേവ ആ കുഞ്ഞിനെ രക്ഷിക്കുന്നതിന് തന്നെ സമർപ്പിക്കുകയാണ്. നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹുവാണെ സത്യം, നിങ്ങളുടെ നാഥൻ ആ പക്ഷിയെക്കാളും നിങ്ങളോടു കരുണകാണിക്കുന്നവനാകുന്നു.'*(ഇംതാഉൽ അസ്മാഅ്, വാള്യം 5, പേജ് 275, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

എപ്രകാരം ഇത് തന്റെ കുഞ്ഞിനുമേൽ കരുണ കാണിക്കുന്നതിനു വന്നുവോ അല്ലാഹു നിങ്ങളോടു അതിനേക്കാളുമധികം കരുണ കാണിക്കുന്നു.

ഭ്രാന്തുണ്ടായ കുട്ടിയ്ക്ക് രോഗശമനം കിട്ടിയ അത്ഭുതകരമായ സംഭവവും വിവരിക്കപ്പെടുന്നുണ്ട്. ഹദ്റത്ത് ജാബിർؓനിവേദനം. അദ്ദേഹം പറഞ്ഞു: ഞങ്ങൾ നബിﷺതിരുമേനിയോടൊപ്പം ദാത്തുർരിഖാഅ് യുദ്ധത്തിന് പുറപ്പെട്ടു. വഴിയിൽ ഒരു ഗ്രാമീണ സ്ത്രീ തന്റെ മകനെയും കൊണ്ടുവന്നു പറഞ്ഞു: യാ റസൂലല്ലാഹ്! ഇതെന്റെ മകനാണ്. ഇവനിൽ ശയ്ത്വാൻ അതിജയിച്ചു കഴിഞ്ഞിരിക്കുന്നു. ഭ്രാന്ത് പിടിച്ചിരിക്കുന്നു. ഭ്രാന്തിന്റെ അവസ്ഥയായിരുന്നു. നബിﷺതിരുമേനി ആ കുട്ടിയുടെ വായ തുറന്ന് അതിൽ തന്റെ ഉമിനീര് ഇറ്റിച്ചു. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ ശത്രുവേ, അകന്നുപോകൂ! ഇങ്ങനെ ദുആ ചെയ്തു. തുടർന്ന് ഞാൻ അല്ലാഹുവിന്റെ ദൂതനാകുന്നുവെന്ന് മൂന്നുതവണ നബിﷺതിരുമേനി ആവർത്തിച്ചു. പിന്നീട് ഈ കുട്ടി

• ഹദീഥുന്നബ്‌വിﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

യെ കൊണ്ടുപൊയ്ക്കൊള്ളാൻ പറഞ്ഞു;ഇനി അവനൊരിക്കലും ഈ വിഷമം ഉണ്ടാകുകയില്ല. *(ഇംതാഉൽ അസ്മാഅ്, വാള്യം 5, പേജ് 260, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

3 മുട്ടയിൽ അനുഗ്രഹം ചൊരിഞ്ഞ സംഭവവും വിവരിക്കപ്പെടുന്നുണ്ട്. അത് ഒട്ടകപ്പക്ഷിയുടെ മുട്ടയായിരുന്നു. ഹദ്റത്ത് ജാബിർؓനിവേദനം. അദ്ദേഹം പറഞ്ഞു: ദാത്തുർരിഖാഅ് യുദ്ധത്തിൽ ഉൽബ ബിൻ സയ്ദ് ഹാരിഥി ഒട്ടകപ്പക്ഷിയുടെ 3 മുട്ട കൊണ്ടുവന്നു. ഒട്ടകപ്പക്ഷി മുട്ടയിടുന്ന സ്ഥലത്തുനിന്ന് കിട്ടിയതായിരുന്നു അത്. നബിﷺതിരുമേനി പറഞ്ഞു: "ജാബിർ! അതെടുത്തുകൊള്ളുക. ഈ മുട്ടകൾ പാകം ചെയ്യുക." ഞാനത് പാകം ചെയ്തു. പിന്നീട് അതൊരു പാത്രത്തിലാക്കി കൊണ്ടുവന്നു. ഞാൻ റൊട്ടി അന്വേഷിച്ചെങ്കിലും കിട്ടിയില്ല. നബിﷺതിരുമേനിയും സ്വഹാബാക്കളും റൊട്ടി ഇല്ലാതെ തന്നെ അത് തിന്നാൻ തുടങ്ങി. അങ്ങനെ അവരെല്ലാവരും വയറുനിറയെ കഴിച്ചു. പക്ഷേ, പാത്രത്തിൽ മുട്ടകൾ അതുപോലെതന്നെ ഉണ്ടായിരുന്നു. പിന്നീട് ഒരുപാട് സ്വഹാബാക്കൾ അതിൽനിന്നുതിന്നു. അങ്ങനെ ഞങ്ങൾ മുന്നോട്ടു യാത്ര തുടരുകയും ചെയ്തു. *(ഇംതാഉൽ അസ്മാഅ്, വാള്യം 7, പേജ് 321, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഈ അവസരത്തിൽ ഒരു ഒട്ടകത്തിന്റെ സംഭവവും ലഭിക്കുന്നുണ്ട്. അത് അതിന്റെ ഉടമസ്ഥനെ കുറിച്ച് പരാതി പറഞ്ഞിരുന്നു. ഹദ്റത്ത് ജാബിർؓനിവേദനം. അദ്ദേഹം പറഞ്ഞു: ഞങ്ങൾ ദാത്തുർരിഖാഅ് യുദ്ധത്തിൽനിന്ന് തിരിച്ചു വരുമ്പോൾ ഹർറ എന്ന സ്ഥലത്തെത്തി. അവിടെ ഒരൊട്ടകം അതിവേഗംവരുന്നുണ്ടായിരുന്നു. അങ്ങനെ അത് ഒച്ചവെക്കാൻ തുടങ്ങി. നബിﷺതിരുമേനി പറഞ്ഞു: ഇത് ആരുടെ ഒട്ടകമാണെന്ന് നിങ്ങൾക്കറിയുമോ? അവിടന്ന് പറഞ്ഞു: 'ഈ ഒട്ടകം അതിന്റെ ഉടമസ്ഥനെ കുറിച്ച് എന്നോടു പരാതി പറയുകയാണ്. അതിന്റെ ഉടമസ്ഥൻ വർഷങ്ങളായി അതിനെക്കൊണ്ട് പണിയെടുപ്പിക്കുന്നു. ഇപ്പോൾ അതിനെ അറുക്കാൻ അയാൾ തീരുമാനിച്ചിരിക്കുന്നു. ജാബിർ! അതിന്റെ ഉടമസ്ഥനെ എന്റെയടുത്ത് കൊണ്ടുവരിക.' ഞാൻ പറഞ്ഞു, അതായത് ജാബിർؓപറഞ്ഞു: 'എനിക്കതിന്റെ ഉടമസ്ഥനാരാണെന്ന് അറിയില്ല.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'ആ ഒട്ടകം അതിന്റെ ഉടമസ്ഥന്റെ അടുത്തുപോകാൻ നിനക്ക് വഴികാട്ടുന്നതാണ്. ഒട്ടകത്തെ വിടുക, അത് അതിന്റെ ഉടമസ്ഥന്റെ അടുത്ത് നിന്നെ എത്തിക്കും.' അങ്ങനെ ആ ഒട്ടകം അദ്ദേഹത്തെയുംകൊണ്ട് ആ ഉടമസ്ഥന്റെ അടുത്തെത്തി. ജാബിർؓപറയുന്നു: ഞാൻ അയാളെ നബിﷺതിരുമേനിയുടെ അടുത്ത് കൊണ്ടുവന്നു. നബിﷺതിരുമേനി ഒട്ടകത്തെ സംബന്ധിച്ച് അയാളോടു സംസാരിച്ചു. നബിﷺതിരുമേനി പറഞ്ഞു: 'നീ ഈ ഒട്ടകത്തെ എനിക്ക് വിൽക്കുക.' അങ്ങനെ അയാൾ ആ ഒട്ടകത്തെ നബിﷺതിരുമേനിക്ക് വിറ്റു. നബിﷺതിരുമേനി അതിനെ കാട്ടിലേക്ക് മേയാൻ വിടുകയും ചെയ്തു. *(മുഅ്ജമുൽ ഔസത്, വാള്യം 9, പേജ് 54, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഈ അവസരത്തിൽ ഹദ്റത്ത് ജാബിറിന്റെؓഒട്ടകം കാണാതായ സംഭവത്തെക്കുറിച്ചും വിവരിക്കപ്പെടുന്നുണ്ട്. ജാബിർؓനിവേദനം. അദ്ദേഹം പറഞ്ഞു: നല്ല ഇരുട്ടുള്ള രാത്രിയിൽ എന്റെ ഒട്ടകം കാണാതായി. ഞാൻ നബിﷺതിരുമേനിയുടെ അടുത്തൂടെ പോകുമ്പോൾ അവിടന്ന് ചോദിച്ചു: എന്തുപറ്റി? ഞാൻ പറഞ്ഞു, 'യാ റസൂലല്ലാഹ് എന്റെ ഒട്ടകം നഷ്ടപ്പെട്ടിരിക്കുന്നു.' നബിﷺതിരുമേനി പറഞ്ഞു: 'അത് ഇന്ന സ്ഥലത്തുണ്ട്. അവിടെ പോയി പിടിച്ചു കൊണ്ടു വരിക.' ഞാൻ അവിടെപോയി. പക്ഷേ, എനിക്ക് ഒട്ടകത്തെ കിട്ടിയില്ല. ഞാൻ തിരികെ വന്നു. നബിﷺതിരുമേനി എന്നോടു നേരത്തെ പറഞ്ഞതുതന്നെ ആവർത്തിച്ചു. പറയുന്നു: ഞാൻ രണ്ടാമതും പോയി. പക്ഷേ, ഒട്ടകത്തെ കിട്ടാതെ തിരിച്ചുവന്നു. അപ്പോൾ നബിﷺതിരുമേനി വാത്സല്യപൂർവ്വം പറഞ്ഞു: 'എന്റെ കൂടെ വരിക.' അങ്ങനെ നബിﷺതിരുമേനി എന്റെ കൂടെ വന്നു. ഞങ്ങൾ ഒട്ടകത്തിന്റെ അടുത്തെത്തുകയും ചെയ്തു. നബിﷺതിരുമേനി എനിക്ക് ഒട്ടകത്തെ പിടിച്ചുതന്നു.

അദ്ദേഹത്തിന്റെ മടിയനായ ഒട്ടകത്തെക്കുറിച്ചും വിവരണമുണ്ട്. ഈ യുദ്ധത്തെക്കുറിച്ച് ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്ؓപറയുന്നു: ഞാൻ നബിﷺതിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. എന്റെ ഒട്ടകം വളരെ മടിയനായിരിക്കുന്നു, ക്ഷീണിതനായിരിക്കുന്നു. നബിﷺ തിരുമേനി പറഞ്ഞു: ജാബിർ, എന്തുപറ്റി? ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ ഒട്ടകം മടിയനായിരിക്കുന്നു ക്ഷീണിതനായിരിക്കുന്നു. ഞാൻ ഒരുപാട് പിന്നിലായിപ്പോയി. നബിﷺതിരുമേനി തന്റെ സവാരിയിൽനിന്നിറങ്ങി. എന്നിട്ട് പറഞ്ഞു: താങ്കളുടെ കൈയിൽ വെള്ളമുണ്ടോ? ഞാൻ പറഞ്ഞു: ഉണ്ട്. പിന്നെ ഒരു പാത്രം നിറയെ ഞാൻ വെള്ളം കൊണ്ടുവന്നു. നബിﷺതിരുമേനി ആ ഒട്ടകത്തിന്റെ തലയിലും ഇടുപ്പിലും അതിന്റെ പുറത്തും അതിൽനിന്ന് വെള്ളമെടുത്തു കുടഞ്ഞു. എന്നിട്ട് പറഞ്ഞു: എനിക്ക് വടി തരിക. കമ്പ് തരിക. ഞാൻ എന്റെ വടി നൽകി. ഞാൻ മരത്തിൽനിന്ന് വടി വെട്ടി നൽകിയെന്നും പറയുന്നുണ്ട്. നബിﷺതിരുമേനി അതുകൊണ്ട് അതിനെ കുറച്ച് അടിച്ചു. പിന്നീട് തന്റെ വടികൊണ്ട് അതിനെ തെളിക്കാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു: അതിനു പുറത്ത് യാത്ര ചെയ്യുക. അങ്ങനെ ഞാൻ ഒട്ടകത്തിന്റെ പുറത്ത് കയറി. ഒട്ടകം അതിശീഘ്രം നടക്കുന്നതാണ് ഞാൻ കണ്ടത്. ഞാൻ നബിﷺതിരുമേനിയുടെ മുന്നിൽ കടക്കുന്നതിൽനിന്ന് അതിനെ തടയാൻ ശ്രമിച്ചു. അദ്ദേഹം വിവരിക്കുന്നു: നബിﷺതിരുമേനി എന്നോടു സംസാരിച്ചുകൊണ്ടിരുന്നു. എന്നോടു ചോദിച്ചു: നീ വിവാഹം കഴിച്ചോ? ഞാൻ പറഞ്ഞു: കഴിച്ചു. നബിﷺതിരുമേനി ചോദിച്ചു: കന്യകയെയാണോ വിധവയെയാണോ വിവാഹം കഴിച്ചത്? ഞാൻ പറഞ്ഞു: വിധവയെ. നബിﷺതിരുമേനി പറഞ്ഞു: എന്തുകൊണ്ട് കന്യകയെ വിവാഹം കഴിച്ചില്ല? നിനക്ക് അവളുമായും അവൾക്ക് നീയുമായും കളിതമാശകളിൽ ഏർപ്പെടാമായിരുന്നല്ലോ? ഞാൻ പറഞ്ഞു: എനിക്ക് സഹോദരിമാരുണ്ട്. ജാബിറിന്റെ പിതാവ് ഉഹുദ് യുദ്ധത്തിൽ ശഹീദായിരുന്നു. അദ്ദേഹത്തിന് 7 പെൺമക്കളായിരുന്നു. അതായത് ജാബിറിന്റെ സഹോദരിമാർ. ഞാൻ പറഞ്ഞു: എനിക്ക് സഹോദരിമാരുണ്ട്. ഞാൻ അവരെക്കൂടി പരിഗണിക്കുന്ന ഒരു സ്ത്രീയെ, അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്ന ഒരാളെ വിവാഹം കഴിക്കാനാണ് ആഗ്രഹിച്ചത്. തുടർന്ന് നബിﷺതിരുമേനി പറഞ്ഞു: നീ വീട്ടിലേക്ക് എത്താറായിരിക്കുന്നു. വീട്ടിലെത്തുമ്പോൾ ബുദ്ധിപൂർവ്വം, കരുതലോടെ പ്രവർത്തിക്കേണ്ടതാണ്. ഈ ഉപദേശം നല്കി. പിന്നീട് നബിﷺതിരുമേനി ചോദിച്ചു: നീ നിന്റെ ഒട്ടകം വിൽക്കാനാഗ്രഹിക്കുന്നുണ്ടോ? ഞാൻ പറഞ്ഞു: ഉണ്ട്. നീ നിന്റെ ഒട്ടകത്തെ ഇവിടെ വിട്ടുപോവുകയും മസ്ജിദിൽ പോയി രണ്ട് റക്അത്തു നമസ്കരിക്കുകയും ചെയ്യുക. അങ്ങനെ ഞാൻ അകത്തുപോയി നമസ്കരിച്ചു. പിന്നീട് നബിﷺതിരുമേനി ഹദ്റത്ത് ബിലാലിനോടു പറഞ്ഞു: ജാബിറിന് ഒരു ഔക്കിയ വെള്ളി അളന്നു നൽകുക. അത് ഒട്ടകത്തിന്റെ വിലയായി വഴിമധ്യേ തീരുമാനമായതാണ്. ഹദ്റത്ത് ബിലാൽؓ വെള്ളി തൂക്കി എനിക്കു നല്കി. കുറച്ചധികവും നൽകി. പിന്നീട് ഞാൻ തിരിച്ചു പോകുമ്പോൾ ജാബിറിനെ തന്റെ അടുത്തയക്കാൻ നബിﷺതിരുമേനി പറഞ്ഞു. ഞാൻ മനസ്സിൽപ്പറഞ്ഞു, ഇനി നബിﷺതിരുമേനി എന്റെ ഒട്ടകം എനിക്കു തിരിച്ചു നൽകുമായിരിക്കും. എനിക്ക് അത് തിരികെ

ശേഷം പേജ് 22 ൽ

• ഹദീഥുന്നബവിﷺ •
"അത്തഅ്സിയത്തു മർറത്തുൻ."
അനുശോചനം ഒറ്റത്തവണ മതി.
ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബവിﷺ •
"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന
ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

# ഖുത്വ്ബ ജുമുഅ

**നമ്മൾ ദുആയോടുള്ള കടമനിറവേറ്റിക്കൊണ്ട് ദുആകളിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ അപ്പോഴാണ് വിജയം........ നമ്മുടെ ആയുധം ദുആമാത്രമാണ്.**

**ഹദ്റത്ത് ഉസാമബിൻസയ്ദ്ﷺനിവേദനം. അദ്ദേഹം പറഞ്ഞു: ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞിട്ടും ഒരു പടയാളിയെ കൊന്ന സംഭവം കേട്ട് നബിﷺതിരുമേനി എന്നോടു പറഞ്ഞു: അഫലാ ശഖഖ്ത്ത അൻ ഖൽബിഹി ഹത്താ തഅ്ലമ അഖാലഹാ അം ലാ താങ്കൾ അയാൾ ഹൃദയാത്മനാ പറയുകയാണോ അല്ലയോ എന്നറിയാൻ എന്തുകൊണ്ട് അയാളുടെ ഹൃദയം കീറി നോക്കിയില്ല? നബിﷺതിരുമേനി എനിക്കു മുന്നിൽ ഇതാവർത്തിച്ചു കൊണ്ടേയിരുന്നു. അങ്ങനെ ഞാൻ അന്നേ ദിവസത്തിനു മുമ്പേവരെയും ഇസ്‌ലാം സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ എത്ര നന്നായേനെ എന്ന് പോലും ചിന്തിച്ചുപോയി.**

**ഇന്നത്തെ മൗലവിമാർ തങ്ങൾ അഹ്മദികളുടെ ഹൃദയങ്ങൾ കീറി നോക്കിയിട്ടുണ്ടെന്ന് ധരിച്ചുകൊണ്ട് അഹ്മദികളെ ശഹീദാക്കുകയും അവരെ ദ്രോഹിക്കുകയും ചെയ്യുന്നു. അല്ലാഹു അവരെ പിടികൂടുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുമാറാകട്ടെ.**

**പാക്കിസ്താനിലെ ഇക്കാലത്തെ ഈ മൗലവിമാരും അവരുടെ ശിങ്കിടികളും സ്വർഗത്തിൽപോകുന്ന കാര്യം പറഞ്ഞുകൊണ്ടിരിക്കുന്നു. അതായത് അഹ്മദികളെ കൊന്നാൽ സ്വർഗത്തിൽപോകാമെന്ന്! പക്ഷേ, അവരുടെ ഈ ചെയ്തികൾ അല്ലാഹുവിന്റെ ശിക്ഷയ്ക്ക് അവരെ പാത്രമാക്കുമെന്ന് അവർക്കറിയില്ല. എപ്പോഴെങ്കിലും അല്ലാഹുവിന്റെ പിടിത്തം അവരിൽ വരുന്നതായിരിക്കും.**

**ഹിജ്റ വർഷം 7-ലും 8-ലും നടന്ന ചില ഗസ്വത്തുകളുടേയും സരിയ്യത്തുകളുടേയും പശ്ചാത്തലത്തിൽ തിരുനബി ചരിത്ര വിവരണം.**

**പാക്കിസ്താനിൽ അഹ്മദികൾക്കെതിരെ നടന്നുകൊണ്ടിരിക്കുന്ന എതിർപ്പിന്റെ പശ്ചാത്തലത്തിൽ ദുആയ്ക്കാഹ്വാനം**

**ഖുത്വ്ബ ജുമുഅ 2025 ഏപ്രിൽ 18, 1404 ശഹാദത്ത് 18, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബി ചരിത്രത്തിന്റെ വെളിച്ചത്തിൽ മറ്റു ചില സരിയ്യത്തുകളേയും(നബിﷺതിരുമേനി സ്വഹാബത്തിനെ മാത്രം അയച്ച യുദ്ധങ്ങൾ) ഗസ്വത്തുകളേയും(നബിﷺതിരുമേനി പങ്കെടുത്ത യുദ്ധങ്ങൾ) യുദ്ധങ്ങളെയും സംബന്ധിച്ച് ഇന്നു ഞാൻ വിവരിക്കുന്നതാണ്. ചരിത്രത്തിൽ ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്ؓന്റെ നേതൃത്വത്തിൽ തുറബയിലേക്ക് നിയോഗിക്കപ്പെട്ട സരിയ്യത്തിനെ സംബന്ധിച്ചുള്ള പരാമർശവും കാണപ്പെടുന്നുണ്ട്. ഇത് ഹിജ്റ 7-ാംവർഷം ശഅ്ബാൻ മാസത്തിലായിരുന്നു. നബിﷺതിരുമേനി ഹദ്റത്ത് ഉമർ ബിൻ ഖത്വാബിനെ തുർബയിൽ താമസിക്കുന്ന ഹവാസൻ (വമംമ്വമി) ഗോത്രക്കാരുടെ അടുത്ത് പറഞ്ഞയച്ചു. തുറബ മദീനയിൽനിന്ന് ഏകദേശം 333 മെയിൽ ദൂരെ സനാ...നജ്റാൻ രാജപാതയിലാണ് സ്ഥിതി ചെയ്യുന്നത്. നബിﷺതിരുമേനി ഹദ്റത്ത് ഉമറിനെ 30 പേരോടൊപ്പമാണ് ഇവിടെ അയച്ചത്. ഈ യുദ്ധ നീക്കത്തിന് അയക്കാനുള്ള കാരണം നബിﷺതിരുമേനിക്ക് തുറബക്കാരിൽനിന്ന് ഇസ്‌ലാമിന്നെതിരെ ഗൂഢാലോചനകൾ നടക്കുന്നതിനെ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിരുന്നു.*(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് വാള്യം 2, പേജ് 89-90. ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ഗസ്വാത്ത് വ സറായാ, പേജ് 391, ഫരീദിയ പബ്ലിഷേഴ്സ്, സാഹിവാൽ)*

ഹദ്റത്ത് ഉമർؓപുറപ്പെട്ടപ്പോൾ അദ്ദേഹത്തോടൊപ്പം ബനൂഹിലാലിലെ ഒരു വ്യക്തി ഗൈഡായുമുണ്ടായിരുന്നു. സ്വഹാബാക്കൾ രാത്രി യാത്ര ചെയ്യുകയും പകൽ ഒളിഞ്ഞിരിക്കുകയുമാണ് ചെയ്തത്. തുറബക്കാർക്ക് അറിയിപ്പു കിട്ടിയപ്പോൾ അവർ അവിടെ നിന്നോടിപ്പോയി. ഹദ്റത്ത് ഉമർؓഈ പ്രദേശത്തെത്തിയെങ്കിലും അവിടെ ആരുമുണ്ടായിരുന്നില്ല. മാത്രമല്ല അവർ മുകളിൽക്കയറി പോകുന്നതായും കണ്ടു. കുന്നുകളിലാണ് അവർ കയറിപ്പോയത്. അവരുടെ സമ്പത്തും വളർത്തുമൃഗങ്ങളും ഇവർ പിടിച്ചെടുത്തു. കാരണം ഈ നാട്ടിലെയാളുകൾ കലാപകാരികളായിരുന്നു. അങ്ങനെ സാധനസാമഗ്രികളുമായി ഇവർ മദീനയിലേക്ക് തിരിച്ചു പുറപ്പെട്ടു. അവർ ദുൽജദ്ർ എന്ന സ്ഥലത്തെത്തി. ഇത് ഖുബായുടെ പ്രാന്ത പ്രദേശങ്ങളിൽ മദീനയിൽനിന്ന് ആറേഴു മൈൽ ദൂരെയുള്ള ഒരു മേച്ചിൽപ്പുറമാണ്. ആ സമയത്ത് ബനുഹിലാലിലെ ഒരു വ്യക്തി ഹദ്റത്ത് ഉമറിനോടു പറഞ്ഞു: 'നിങ്ങൾ ബനൂഖഥ്അമിൽപ്പെട്ട മറ്റൊരു സംഘത്തിനുമേൽ ആക്രമണം നടത്തുമോ? അവരെല്ലാവരും തങ്ങളുടെ പ്രദേശത്തുള്ള പട്ടിണി കാരണം ഇവിടെ വന്നവരാണ്. ഹദ്റത്ത് ഉമർؓപറഞ്ഞു: 'എനിക്ക് അതിനുള്ള കൽപ്പന നൽകിയിട്ടില്ല.' നബിﷺതിരുമേനി എനിക്ക് തുറബയിലുള്ള ഹവാസനുമായി യുദ്ധം ചെയ്യാൻ മാത്രമാണ് കൽപ്പന തന്നിട്ടുള്ളത്. പിന്നീട് ഹദ്റത്ത് ഉമർؓമദീനയിൽ തിരിച്ചെത്തി. *(ശറഹുസ്സർഖാനീ അലൽമവാഹിബുല്ലദുന്നിയ വാള്യം 3, പേജ് 304-305, ദാറുൽകുതുബുൽഇൽമിയ്യ 1996)(ഫർഹങ്കെ സീറത്ത് പേജ് 85, സവാർ അക്കാഡമി)*

കാരണം ഇവർ ദ്രോഹപ്രവൃത്തികൾ ചെയ്യുന്നവരായിരുന്നു. മുസ്‌ലിമീങ്ങൾ കാരണങ്ങൾക്കൂടാതെ യുദ്ധം ചെയ്യുന്നവരാണെന്ന ആക്ഷേപവും ഇവിടെ തെറ്റാണെന്ന് സ്ഥാപിതമാകുന്നുണ്ട്.

മറ്റൊരു സരിയ്യത്ത് ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റേതാണ്. ഇത് ഫദക്കിലെ ബനൂ മുർറ ഗോത്രത്തിലേക്കാണ് നിയോഗിക്കപ്പെട്ടത്. ഈ യുദ്ധനീക്കം ഹിജ്റ 7-ാം വർഷം ശഅ്ബാൻ മാസത്തിൽ ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റെ നേതൃത്വത്തിലായിരുന്നു. ഹദ്റത്ത് ബശീറിന്റെ വിളിപ്പേര് അബൂ നുഅ്മാൻ എന്നായിരുന്നു. സഅ്ദ് ബിൻ ഥഅ്ലബ അദ്ദേ

ഹത്തിന്റെ പിതാവായിരുന്നു. ഇവർ ഖസ്റജ് ഗോത്രക്കാരാണ്. ഹദ്റത്ത് ബശീർ ബിൻ സഅ്ദ് ജാഹിലിയ കാലഘട്ടത്തിൽത്തന്നെ എഴുത്തറിയുന്ന ആളായിരുന്നു. ജാഹിലിയ കാലത്ത് അറേബ്യയിൽ വളരെ കുറച്ചാളുകൾക്ക് മാത്രമേ അക്ഷരാഭ്യാസമുണ്ടായിരുന്നുള്ളൂ. ഇദ്ദേഹം രണ്ടാം അഖബയിലാണ് ബയ്അത്ത് ചെയ്തത്. അതിൽ 70 അൻസ്വാർ പങ്കെടുത്തിരുന്നു. ഹദ്റത്ത് ബശീർ ബിൻ സഅ്ദ്, ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ കൈകളിൽ സഖീഫാ ബനൂ സായിദഃ ദിവസം ബയ്അത്ത് ചെയ്ത അൻസ്വാറിലെ ആദ്യത്തെ വ്യക്തിയായിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെؓ ഖിലാഫത്തുകാലത്ത് ഹിജ്റ 12-ൽ ഹദ്റത്ത് ബശീർؓ, ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിലുള്ള ഐനുത്തംർ യുദ്ധത്തിൽ പങ്കെടുക്കുകയും അതിൽ ശഹാദത്ത് വരിക്കുകയും ചെയ്തു. *(ശറഹുസ്സർഖാനീ വാല്യം 3, പേജ് 305-306, ദാറുൽകുതുബുൽഇൽമിയ്യ 1996)(അൽഇസ്തീആബ് വാല്യം 1, പേജ് 252-253 ദാറുൽകുതുബുൽഇൽമിയ്യ 1996)*

കൂഫക്ക് സമീപമുള്ള ഒരു സ്ഥലമാണ് ഐനുത്തംർ. മുസ്ലിമീങ്ങൾ ഹിജ്റ 12-ൽ ഹദ്റത്ത് അബൂബക്റിന്റെؓഖിലാഫത്തു കാലത്ത് ഈ പ്രദേശം ജയിച്ചടക്കി. *(മുഅ്ജമുൽ ബുൽദാൻ വാല്യം 4, പേജ് 199)*

ഏതായാലും നേരത്തെ പറഞ്ഞുവന്ന യുദ്ധനീക്കത്തിന്റെ വിശദീകരണം ഇപ്രകാരമാണ്: നബിﷺതിരുമേനി ഹദ്റത്ത് ബശീർ ബിൻ സഅ്ദിനെ 30 സ്വഹാബത്തിനോടൊപ്പം ഫദക്കിലെ ബനൂ മുർറ ഗോത്രത്തിൽ അയച്ചു. ഫദക്ക്, ഖയ്ബറിന് സമീപം മദീനയിൽനിന്ന് 6 രാത്രി യാത്രാ ദൈർഘ്യമുള്ള സ്ഥലമാണ്. ഒരു കാര്യം വ്യക്തമാക്കട്ടെ, മുമ്പേയും പറഞ്ഞതാണ്, അതായത് ജനങ്ങൾ ഇസ്‌ലാമിന്നെതിരെ യുദ്ധത്തിനു പുറപ്പെടുന്നുവെന്ന് അറിയുമ്പോഴാണ് നബിﷺതിരുമേനി ഇത്തരം ഉദ്യമങ്ങൾക്ക് അഥവാ യുദ്ധങ്ങൾക്ക് തയ്യാറായിരുന്നത്. ഏതായിരുന്നാലും സ്വഹാബാക്കൾ പുറപ്പെടുകയും ആടുമാടുകളെ മേയ്ക്കുന്ന ഇടയന്മാരെ കണ്ടുമുട്ടുകയും ചെയ്തു. അവരോടു ബനൂ മുർറക്കാരെ കുറിച്ച് അന്വേഷിച്ചു. ആട്ടിടയന്മാർ അവരോടു പറഞ്ഞു: ബനൂമുർറക്കാർ അവരുടെ താഴ്‌വരയിൽ തന്നെയുണ്ട്. അവർ അരുവിയിൽ വന്നിട്ടില്ല. സ്വഹാബാക്കൾ അവരുടെ ആടുമാടുകളെ ആട്ടിത്തെളിച്ചു കൊണ്ടുവന്നു. അങ്ങനെ മദീനയിലേക്ക് തിരിക്കുകയും ചെയ്തു. ബനൂമുർറക്കാരിലെ ഒരു വിളംബരപ്പെടുത്തുന്നയാൾ ഇങ്ങനെ വിളിച്ചു പറയുന്നുണ്ടായിരുന്നു: 'നമ്മുടെ സാധനങ്ങളെല്ലാം മുസ്‌ലിമീങ്ങൾ കൊണ്ടുപോയിരിക്കുന്നു.' അതായത് പ്രസ്തുത സംഭവത്തെ പറ്റി അറിയിപ്പു കൊടുത്തു. രാത്രി സമയത്ത് മുസ്‌ലിമീങ്ങൾക്ക് ബനൂമുർറക്കാരുടെ ഒരു വലിയ സൈന്യത്തെ മുഖാമുഖം നേരിടേണ്ടിവന്നു. അങ്ങനെ ബനൂമുർറയിലെ ഓടിപ്പോയ ആളുകൾ തിരിച്ചുവരുകയും അവർ ആക്രമണം നടത്തുകയും ചെയ്തു. മുസ്‌ലിമീങ്ങൾക്കെതിരെ വലിയ സൈന്യവുമായാണ് അവർ വന്നത്. രാത്രി മുഴുവൻ സ്വഹാബാക്കൾ അമ്പെയ്തുകൊണ്ടിരുന്നു. അങ്ങനെ സ്വഹാബാക്കളുടെ അമ്പുകൾ തീർന്നുപോയി. രാവിലെയായപ്പോൾ ബനൂമുർറക്കാർ മുസ്‌ലിമീങ്ങൾക്കുമേൽ വീണ്ടും ആക്രമണം നടത്തി. ഹദ്റത്ത് ബശീറിന്റെ കൂട്ടുകാരെ ശഹീദാക്കി. ഹദ്റത്ത് ബശീർؓശക്തമായി അവരോടു യുദ്ധം ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹവും പരിക്കേറ്റുവീണു. അദ്ദേഹത്തിന്റെ കണങ്കാലിന് പരിക്കേറ്റു. ഹദ്റത്ത് ബശീർ മരണപ്പെട്ടുവെന്നാണ് കരുതിയത്. തുടർന്ന് ബനൂമുർറക്കാർ, മുസ്‌ലിമീങ്ങൾ കൈക്കലാക്കിയ തങ്ങളുടെ ആടുമാടുകളെ വീണ്ടെടുക്കുകയും അവരെ മുഴുവനും ശഹീദാക്കുകയും ചെയ്ത് തിരിച്ചുപോയി. രാത്രി മുഴുവനും ഹദ്റത്ത് ബശീർؓശുഹദാക്കൾക്കിടയിൽത്തന്നെ കിടന്നിരുന്നു. അദ്ദേഹം ധൈര്യം സംഭരിച്ച് എഴുന്നേൽക്കുകയും ഫദക്കിൽ പോവുകയും ചെയ്തു. ഏതാനും ദിവസം അവിടെ യഹൂദികളുടെ അടുത്ത് താമസിച്ചു. അങ്ങനെ പരിക്കുകൾ സുഖപ്പെട്ടപ്പോൾ മദീനയിൽ തിരിച്ചെത്തുകയും ചെയ്തു. *(ശറഹുസ്സർഖാനീ അലൽമവാഹിബുല്ലദുന്നിയ വാല്യം 3, പേജ് 305 -306, ദാറുൽകുതുബുൽഇൽമിയ്യ 1996)(ഫർഹംഗെ സീറത്ത് പേജ് 225, സവാർ അക്കാദമി)(ദാഇറയെ മആരിഫ് വാല്യം 8, പേജ് 474, ബസ്മ ഇഖ്ബാൽ ലാഹോർ)*

പിന്നീടുണ്ടായ ഒരു സരിയ്യഃ ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാഹ് ലയ്ഥിയുടേതാണ്. ഇത് മയ്ഫഅയിലേക്കാണ് നിയോഗിക്കപ്പെട്ടത്. ഈ സരിയ്യഃ ഹിജ്റ ഏഴ് റമളാനിലാണ് നടന്നത്*(സുബുലുൽഹുദാവർറശാദ് വാല്യം 6, പേജ് 133, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് ഗാലിബ് അബ്ദുല്ലാഹ് ലയ്ഥി ഹിജാസുകാരനായിരുന്നു. മക്കാ വിജയ സമയത്തും അദ്ദേഹമുണ്ടായിരുന്നു. നബിﷺതിരുമേനി മക്കാ വിജയഘട്ടത്തിൽ, ആദ്യം അദ്ദേഹത്തെ ചാരനായി അയച്ചിരുന്നു. ഹദ്റത്ത് അമീർ മുആവിയായുടെ കാലത്ത് ഇദ്ദേഹം ഖുറാസാനിലെ ഗവർണറായിരുന്നു. ഒരു നിവേദനമനുസരിച്ച് ഖാദിസിയ്യ യുദ്ധത്തിലും പങ്കെടുത്തിട്ടുണ്ട്. *(ഉസ്ദുൽഗാബ, വാല്യം 4, പേജ് 321, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അൽഇസ്വാബ ഫീ തമീസ്സിസ്സ്വഹാബ, വാല്യം 5, പേജ് 243,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇബ്നു സഅ്ദ് എഴുതിയിരിക്കുന്നു:നബിﷺതിരുമേനി, ഹദ്റത്ത് ഗാലിബിനെ ബനൂ ഉവാലിലേക്കും ബനൂ അബ്ദിബ്നി ഥഅ്ലബയിലേക്കും അയച്ചു. ഇവർ മയ്ഫഅയിലായിരുന്നു. ഈ പ്രദേശം നജ്ദിലേക്ക് പോകുന്നവഴി മദീനയിൽനിന്ന് 96 മൈൽ ദൂരെ സ്ഥിതി ചെയ്യുന്നു. ബനൂ ഉവാലും ബനൂ അബ്ദിബ്നി ഥഅ്ലബയും മുസ്‌ലിമീങ്ങൾക്കെതിരെ രഹസ്യമായി പരസ്യം നടത്തി ജനങ്ങളെ സംഘടിപ്പിക്കാൻ തുടങ്ങിയിരുന്നു. അവർ അറേബ്യയിലെ അഹ്സാബിനെപ്പോലെ എന്തെങ്കിലും കാര്യങ്ങൾ ചെയ്തു മുസ്‌ലിമീങ്ങളെ ആക്രമിക്കാൻ പദ്ധതി ഇടുകയായിരുന്നു. ഇബ്നു ഹിശാം, ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാ ലയ്ഥിയുടെ ഈ സരിയ്യഃയെ ബനു മുർറയിലേക്ക് നിയോഗിക്കപ്പെട്ടു എന്നാണ് വിവരിച്ചിട്ടുള്ളത്. ഇവർ ഹുറഖഗോത്രത്തിന്റെ സഖ്യകക്ഷിയായിരുന്നു. ഇമാം ബുഖാരി ഈ സരിയ്യഃയെ സംബന്ധിച്ച് നൽകിയ അധ്യായത്തിന്റെ ശീർഷകം ഇപ്രകാരമാണ് :

ബാബു ബഅ്ഥുന്നബിയ്യിﷺഉസാമത്തബ്ന സയ്ദിൻ ഇലൽ ഹുറുഖാത്തി മിൻ ജുഹയ്നത്ത

അതായത് നബിﷺതിരുമേനി, ഹദ്റത്ത് ഉസാമ ബിൻ സയ്ദിനെ ഹുറുഖ: ഗോത്രത്തിലേക്ക് അയച്ചത് സംബന്ധിച്ചുള്ള അധ്യായം. ഇതിൽനിന്ന് ഈ യുദ്ധനീക്കത്തിന്റെ നേതൃത്വം ഹദ്റത്ത് ഉസാമ ബിൻ സയ്ദിനായിരുന്നുവെന്നാണ് ധരിക്കുക. എന്നാൽ, ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമ ഇബ്നു ഹജർ തന്റെ വ്യാഖ്യാനത്തിലെഴുതുന്നു: ഹദ്റത്ത് ഉസാമ ബിൻ സയ്ദ്ؓപറയുന്നു: നബിﷺതിരുമേനി ഹുറുഖ ഗോത്രത്തിലേക്ക് ഞങ്ങളെ അയച്ചുവെന്ന് പറഞ്ഞതിൽനിന്ന് അദ്ദേഹത്തിനായിരുന്നു സൈനിക നേതൃത്വം എന്നു തെളിയുന്നില്ല. ഹദ്റത്ത് ഉസാമ ബിൻ സയ്ദിനെ അദ്ദേഹത്തിന്റെ പിതാവ് സയ്ദ് മുഅ്ത്ത യുദ്ധത്തിൽ ശഹീദാകുന്നതിനു മുമ്പേ സൈന്യത്തിന്റെ നേതാവാക്കിയിരുന്നതായി തെളിയുന്നില്ല. ആ സമയത്ത് സൈന്യത്തെ തയ്യാറാക്കി അദ്ദേഹത്തെ നേതൃത്വം ഏൽപ്പിച്ചിരുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് മഗാസിക്കാരുടെ വാക്കുകൾ അതായത് സൈനിക നേതൃത്വം ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാഹ് ലയ്ഥിക്കായിരുന്നു എന്നതാണ് പരിഗണനീയവും പ്രബലവും അംഗീകാരയോഗ്യവുമായിട്ടുള്ളത്.

ഏതായിരുന്നാലും നബിﷺതിരുമേനി, ഹദ്റത്ത് ഗാലിബിനെ 130 സ്വഹാബത്തിനോടൊപ്പം അയച്ചു.

• ഹദീഥുന്നബ്‌വിﷺ •

"അൽഅയ്മനു ഫൽ അയ്മനു."

വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ

Late DILSAD ABDULLATHEEF AND FAMILY KALLIKOTE

PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."

ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ

DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD

VAYANASHALA, PATHAPPIRIYAM, KERALA

നബിﷺതിരുമേനിയുടെ സ്വതന്ത്രനാക്കപ്പെട്ട അടിമ യസാർ അവരുടെ വഴികാട്ടിയായിരുന്നു. മുസ്‌ലിമീങ്ങൾ ഒരുമിച്ചുചേർന്ന് അവരെ നേരിട്ടു. അവരുടെ വാസസ്ഥലങ്ങളുടെ നടുവിൽവരെയെത്തി. അവരിൽ പോരാടാൻ വന്നവരെ വധിക്കുകയും അവരുടെ സമ്പത്തും ആടുമാടുകളെയും സമരാജിത സ്വത്തുക്കളായി എടുത്തുകൊണ്ട് മദീനയിൽ വരികയും ചെയ്തു. ആരെയും ബന്ദിയാക്കിയില്ല.*(അത്തബഖാത്തുൽകുബ്റാ, വാള്യം 2, പേജ് 91, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 56, സവാർ അക്കാഡമി)(ഗസ്‌വാത്ത് വ സരായ, പേജ് 396, ഫരീദിയ പബ്ലിഷേഴ്സ്, സാഹിവാൽ)(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 879, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫതഹുൽബാരിയിൽനിന്നെടുത്തത്, വാള്യം 7, പേജ് 659, ആരാം ബാഗ് കറാച്ചി) (സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി)....*

ഇബ്നു സഅ്ദ് എഴുതുന്നു: ഈ സരിയ്യത്തിലാണ് ഹദ്റത്ത് ഉസാമ ബിൻ സയ്ദ്, ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞ മിഖദാസ് ബിൻ ലഹീഖി നെ വധിച്ചത്.*(സുബുലുൽഹുദാവർറശാദ് വാള്യം 6, പേജ് 133-140, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (അത്തബഖാത്തുൽകുബ്റാ വാള്യം 2, പേജ് 91, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഈ സംഭവത്തിന്റെ വിശദീകരണം ബുഖാരിയിൽ ലഭിക്കുന്നതിങ്ങനെയാണ്. ഹദ്റത്ത് ഉസാമ ബിൻ സയ്ദ്ؓനിവേദനം. അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനി ഞങ്ങളെ ഹുർഖാ ഗോത്രത്തിലേക്ക് അയച്ചു. ഞങ്ങൾ രാവിലെ അവർക്കിടയിലാണ് കഴിച്ചുകൂട്ടിയത്. ഞങ്ങൾ അവരെ പരാജയപ്പെടുത്തുകയും ചെയ്തു. ഞാനും അൻസ്വാറിൽപ്പെട്ട ഒരാളും അതിൽ ഒരാളെ പിന്തുടർന്നു. അങ്ങനെ ഞങ്ങൾ അയാളെ പിടികൂടിയപ്പോൾ അയാൾ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞു. അത് കേട്ടപ്പോൾ അൻസ്വാരി സുഹൃത്ത് പിൻവാങ്ങി. പക്ഷേ, ഞാനെന്റെ അമ്പെടുത്ത് അയാളെ കുത്തി, അങ്ങനെ ഞാൻ അയാളെ വധിക്കുകയും ചെയ്തു. ഞങ്ങൾ തിരിച്ചെത്തി നബിﷺതിരുമേനിയോട് ഈ വാർത്ത കേൾപ്പിച്ചപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ഉസാമാ! അയാൾ ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞിട്ടും നീ അയാളെ വധിക്കുകയാണോ ചെയ്തത്? ഞാൻ പറഞ്ഞു: അയാൾ രക്ഷപ്പെടാൻവേണ്ടി പറയുകയായിരുന്നു. പക്ഷേ, നബിﷺതിരുമേനി നീ അയാളെ കൊന്നു! എന്ന് ആവർത്തിച്ചു കൊണ്ടേയിരുന്നു. എത്രത്തോളമെന്നാൽ ഞാൻ അന്നത്തെ ദിവസത്തിനു മുമ്പേ മുസ്‌ലിം ആയിരുന്നില്ലെങ്കിൽ എന്നുപോലും ചിന്തിച്ചുപോയി. *(അസ്സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി ഹദീഥ് 4269)*

മുസ്‌ലിമിൽ ഈ നിവേദനം ഇങ്ങനെ രേഖപ്പെട്ടിരിക്കുന്നു: അഫലാ ശഖഖ്ത്ത അൻ ഖൽബിഹി ഹത്താ തഅ്‌ലമ അഖാലഹാ അം ലാ താങ്കൾ അയാൾ ഹൃദയാത്മനാ പറയുകയാണോ അല്ലയോ എന്നറിയാൻ അയാളുടെ ഹൃദയം കീറി നോക്കിയോ? നബിﷺതിരുമേനി എനിക്കു മുന്നിൽ ഇതാവർത്തിച്ചു കൊണ്ടേയിരുന്നു. അങ്ങനെ ഞാൻ അന്നേ ദിവസത്തിനു മുമ്പേ വരെയും ഇസ്‌ലാം സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ എത്ര നന്നായേനെ എന്നുപോലും ചിന്തിച്ചുപോയി. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഈമാൻ മുത്തർറജിം വാള്യം 1. പേജ് 88)*

എന്നാൽ, ഇന്നത്തെ മൗലവിമാർ തങ്ങൾ അഹ്മദികളുടെ ഹൃദയങ്ങൾ കീറി നോക്കിയിട്ടുണ്ടെന്ന് ധരിച്ചുകൊണ്ട് അഹ്മദികളെ ശഹീദാക്കുകയും അവരെ ദ്രോഹിക്കുകയും ചെയ്യുന്നു. അല്ലാഹു അവരെ പിടികൂടുന്നതിനുള്ള സാഹചര്യങ്ങളൊരുക്കുമാറാകട്ടെ.

ഒരു നിവേദനത്തിലുണ്ട്, നബിﷺതിരുമേനി മിർദാസിന്റെ കുടുംബക്കാർക്ക് ദിയാധനം നൽകാൻ കൽപ്പിക്കുകയും അവരുടെ സമ്പത്തുകൾ അവർക്കുതന്നെ തിരിച്ചു നൽകുകയും ചെയ്തു. *(സുബുലുൽഹുദാവർറശാദ് വാള്യം 6, പേജ് 193,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞ വ്യക്തി നേരത്തെ യുദ്ധം ചെയ്യുകയായിരുന്നെങ്കിലും നബിﷺതിരുമേനി പറഞ്ഞു: അയാൾ ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അയാളുടെ വീട്ടുകാർക്ക് ദിയാധനം നൽകുകയും നിങ്ങൾ അയാളിൽനിന്ന് പിടിച്ചെടുത്ത സമ്പത്ത് മുഴുവനും തിരിച്ചു കൊടുക്കുകയും ചെയ്യുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഈ സംഭവം ഇങ്ങനെ വിവരിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു:ശരീഅത്ത് നടപ്പാക്കേണ്ടത് ബാഹ്യമായ നിലയിലായിരിക്കണമെന്ന് നബിﷺതിരുമേനി എപ്പോഴും കൽപ്പിച്ചിരുന്നു. അതായത് ശരീഅത്ത് നടപ്പിലാക്കേണ്ടത് ബാഹ്യമായ അവസ്ഥകൾക്ക് അനുസരിച്ചാണ്. മനുഷ്യന്റെ മനസ്സിലുള്ള കാര്യങ്ങൾ നമുക്കറിയില്ല. ഒരിക്കൽ ഒരു യുദ്ധത്തിന് കുറച്ച് സ്വഹാബാക്കൾ പോയിരുന്നു. വഴിയിൽ ഒരു മുശ്‌രിക്കിനെ അവർ കണ്ടുമുട്ടി. അയാൾ വനത്തിനുള്ളിൽ ഒളിഞ്ഞിരിക്കുകയായിരുന്നു. ഒറ്റയ്ക്ക് വല്ല മുസ്‌ലിമിനെയും കാണുമ്പോൾ അയാൾ ആക്രമിക്കുകയും അയാളെ കൊല്ലുകയും ചെയ്തിരുന്നു. ഉസാമ ബിൻ സയ്ദ്ؓ അയാളെ പിന്തുടർന്നു, ഒരു സന്ദർഭത്തിൽ അയാളെ പിടികൂടി. അയാളെ വധിക്കുന്നതിന് വാളുയർത്തി. താൻ പിടിക്കപ്പെട്ടുവെന്ന് അയാൾക്കുറപ്പായപ്പോൾ അയാൾ ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞു. അതായത് ഞാൻ മുസ്‌ലിമാവുകയാണ്. പക്ഷേ, ഉസാമ അയാളുടെ ഈ വാക്കുകൾ ഗൗനിച്ചില്ല. അയാളെ കൊന്നുകളഞ്ഞു. നബിﷺതിരുമേനിക്ക് ഈ യുദ്ധത്തെക്കുറിച്ച് അറിയിപ്പു നൽകാൻ ഒരാൾ മദീനയിലെത്തി. അദ്ദേഹം യുദ്ധത്തിന്റെ എല്ലാ കാര്യങ്ങളും വിവരിച്ച കൂട്ടത്തിൽ ഈ സംഭവവും കേൾപ്പിച്ചു. അപ്പോൾ നബിﷺതിരുമേനി ഉസാമയെ വിളിച്ചുവരുത്തി അദ്ദേഹത്തോടു ചോദിച്ചു; നീ ഇയാളെ വധിച്ചുവോ? അദ്ദേഹം പറഞ്ഞു: അതെ. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ഖിയാമത്തുന്നാൾ ഇയാളുടെ ലാഇലാഹ ഇല്ലല്ലാഹ് നിനക്കെതിരെ സാക്ഷ്യം നൽകുമ്പോൾ നീ എന്ത് ചെയ്യും? ഞാൻ നേരത്തേയും പറഞ്ഞതുപോലെ ഇന്നത്തെ പാക്കിസ്താനീ മൗലവിമാരും അവരുടെ ശിങ്കിടികളും സ്വർഗത്തിൽ പോകുന്ന കാര്യങ്ങളാണ് പറയുന്നത്. അഹ്മദികളെ കൊല്ലുകയാണെങ്കിൽ സ്വർഗത്തിൽ പോകാമെന്നു പറയുന്നു. എന്നാൽ, അവർ ചെയ്തു കൂട്ടുന്നത് അല്ലാഹുവിന്റെ ശിക്ഷയ്ക്ക് കാരണമാകുന്ന കാര്യങ്ങളാണ്. എപ്പോഴെങ്കിലും അല്ലാഹു അവരെ പിടികൂടുകതന്നെ ചെയ്യും.

എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓതുടരുന്നു: അതായത് അയാളെ എന്തുകൊണ്ട് വധിച്ചുവെന്ന് അല്ലാഹു ചോദിക്കുമ്പോൾ, ഘാതകനായിരുന്നെങ്കിലും അയാൾ പശ്ചാത്തപിച്ചിരുന്നവനല്ലേ എന്ന് ചോദിക്കുമ്പോൾ നിന്റെ അവസ്ഥ എന്തായിരിക്കും? ഉസാമ പലപ്രാവശ്യം മറുപടിയായി പറഞ്ഞു: യാ റസൂലല്ലാഹ്! അയാൾ ഭയന്നിട്ടാണ് താൻ വിശ്വസിക്കുന്നുവെന്ന് പറഞ്ഞത്. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു; അയാൾ കളവാണോ പറയുന്നതെന്ന് നീ അയാളുടെ ഹൃദയം പിളർന്നു നോക്കിയോ? ഖിയാമത്തുന്നാൾ അയാളുടെ ലാഇലാഹ ഇല്ലല്ലാഹ് നിനക്കെതിരെ സാക്ഷ്യം പറയുമ്പോൾ നിന്റെ അവസ്ഥ എന്തായിരിക്കുമെന്ന് കൂടെക്കൂടെ അവിടന്ന് ആവർത്തിച്ചുകൊണ്ടിരുന്നു. ആ നേരത്ത് എന്റെ ഹൃദയം താൻ അന്നുവരെയും മുസ്‌ലിമായിരുന്നില്ലെങ്കിൽ ഹാ! എത്ര നന്നായേനെ, എന്നിൽ നിന്ന് ഇത്തരമൊരു കാര്യം വരില്ലായിരുന്നുവല്ലോ എന്ന് ആശിച്ചുപോയി എന്ന് പറയുന്നുണ്ട്.*(ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽ ഉലൂം വാള്യം 20, പേജ് 415-416)*

മറ്റൊരു സരിയ്യഃ ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റേതാണ്. ഇത് യുംനിലേക്കും ജബാറിലേക്കുമാണ് അയക്കപ്പെട്ടത്. ഈ സരിയ്യഃ ഹിജ്റ ഏഴാം വർഷം ശവ്വാൽ മാസത്തിലായിരുന്നു നടന്നത്. യുംനും ജബാറും ഫദക്കിന്റെയും വാദിയിൽഖുറായുടെയും ഇടയിൽ ഖയ്ബറിന്റെ മധ്യത്തിൽ ബനു ഗത്‌ഫാന്റെ പ്രദേശമാണ്. ഗത്‌ഫാന്റെ ഒരു സംഘം നബിﷺതിരുമേനിക്കെതിരിൽ സംഘടിക്കുന്നുണ്ടെന്ന് നബിﷺതിരുമേനി അറിഞ്ഞു. ഉയയ്ന ബിൻ ഹിസ്ൻ നബിﷺതിരുമേനിക്കെതിരിൽ അവരെ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു.*(ശറഹുസ്സർഖാനീ അലൽമവാഹിബുല്ലദുന്നിയ വാള്യം 3, പേജ് 310, ദാറുൽകുതുബുൽഇൽമിയ്യ 1996)(അത്തബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 402-403, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

നബിﷺതിരുമേനി അതിനെ സംബന്ധിച്ച് ഹദ്റത്ത് അബൂബക്റിനോടുംؓ ഹദ്റത്ത് ഉമറിനോടുംؓകൂടിയാലോചന നടത്തിയപ്പോൾ അവർ ഹദ്റത്ത് ബശീർ ബിൻ സഅ്ദിനെ അയക്കാൻ അഭിപ്രായപ്പെട്ടു. *(ഇംതാഉൽ അസ്മാഅ് വാള്യം 1, പേജ് 330,ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

നബിﷺതിരുമേനി ഹദ്റത്ത് ബശീർ ബിൻ സഅ്ദിനെ വിളിച്ചുവരുത്തി അദ്ദേഹത്തിനുവേണ്ടി പതാക തയ്യാറാക്കിച്ചു. അദ്ദേഹത്തോടൊപ്പം 300 സ്വഹാബത്തിനേയും അയച്ചു. സ്വഹാബാക്കൾ രാത്രി മുഴുവനും സഞ്ചരിക്കുകയും പകൽ എവിടെയെങ്കിലും ഒളിച്ചിരിക്കുകയും ചെയ്

തു. അവസാനം ജബാർ എന്ന പ്രദേശത്തെത്തി. അവിടെ ആട്ടിടയന്മാർ തങ്ങളുടെ ആടുകളെ മേയ്ക്കുന്നുണ്ടായിരുന്നു. അവർ മുസ്‌ലിമീങ്ങളെ കണ്ടപ്പോൾ അവിടെനിന്ന് ഓടിപ്പോയി. ഗത്ഫാൻകാരെ വിവരം അറിയിച്ചു. അവർ ഇതിനെക്കുറിച്ചറിഞ്ഞപ്പോൾ തങ്ങളുടെ സമ്പത്തും നാൽക്കാലികളും ഉപേക്ഷിച്ച് തങ്ങളുടെ നാട്ടിലെ ഉയർന്നസ്ഥലത്ത് അഭയം പ്രാപിച്ചു. അവരെല്ലാമുപേക്ഷിച്ച് പോയിട്ടുണ്ടായിരുന്നു. അവരിൽനിന്ന് രണ്ടുപേരെ മാത്രമാണ് പിടികൂടാൻ കഴിഞ്ഞത്. സ്വഹാബത്ത് അവരെ ബന്ദിയാക്കുകയും ആടുമാടുകളെയും ഒട്ടകങ്ങളെയും കൈക്കലാക്കുകയും ചെയ്തു. അങ്ങനെ ബന്ദികളുമായി മദീനയിൽ വന്നു. അവിടെ ആ രണ്ടു ബന്ദികളും മുസ്‌ലിമായി. തുടർന്ന് നബിﷺതിരുമേനി അവരിരുവർക്കും തങ്ങളുടെ പ്രദേശത്ത് തിരിച്ചു പോകാൻ അനുമതി നൽകുകയും ചെയ്തു. *(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 3, പേജ് 264,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 8, പേജ് 514, ദാറുസ്സലാം)*

ഉംറത്തുൽ ഖളാഇന്റെ വിശദീകരണം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു: നബിﷺതിരുമേനി ചെയ്ത ഉംറയെ കുറിച്ചും വിവരണമുണ്ട്. ഹിജറ 7-ാം വർഷം ദുൽഖഅ്ദ് മാസം ഒന്നിനു അതായത് 629 ഫെബ്രുവരി മാസത്തിലാണ് നബിﷺതിരുമേനി ഉംറ ചെയ്തത്. നബിﷺതിരുമേനി ഹിജ്റ ഏഴാം വർഷം ദുൽഖഅ്ദ് മാസത്തിൽ ഉംറത്തുൽ ഖളാഅ് നിർവഹിക്കുന്നതിന് പുറപ്പെട്ടു. കഴിഞ്ഞവർഷം ഇതേ മാസത്തിൽത്തന്നെയായിരുന്നു മക്കയിലെ മുശ്‌രിക്കീങ്ങൾ നബിﷺതിരുമേനിക്ക് ഉംറ ചെയ്യാൻ തടസ്സം നിന്നത്. അപ്പോൾ ഹുദയ്ബിയ എന്ന സ്ഥലത്തുനിന്ന് തിരിച്ചുപോരുകയാണുണ്ടായത്. അങ്ങനെ ഈ ഉംറയുടെ പകരം നിർവഹിക്കുന്നതിന് നബിﷺതിരുമേനി പോയി.

ബുഖാരിയുടെ വ്യാഖ്യാതാവായ ഇബ്നു ഹജർ ഇതിന് പല പേരുകളും നൽകിയിട്ടുണ്ട്; ഉംറത്തുൽ ഖളാഅ്, ഉംറത്തുൽഖളിയ്യ, ഉംറത്തുൽ സ്വുൽഹ്, ഉംറത്തുൽ ഖിസ്വാസ്. ഈ ഉംറയ്ക്ക് ഗസ്‌വത്തുൽ അംറ് എന്നും പറയുന്നുണ്ട്. ഇതിനെ ഉംറത്തുൽ ഖിസ്വാസ് എന്ന് പറയാനുള്ള കാരണം, മക്കയിലെ മുശ്‌രികീങ്ങൾ ഹിജ്റ ആറാം വർഷം ആദരണീയ മാസങ്ങളിൽപ്പെട്ട ദുൽഖഅ്ദയിൽ നബിﷺതിരുമേനിയെ ഉംറ ചെയ്യുന്നതിൽനിന്ന് വിലക്കി എന്നതാണ്. അതുകൊണ്ട് ആദ്യം ഈ ഉംറയുടെ പ്രതിക്രിയ നിർവഹിക്കുന്നതിനു പുറപ്പെട്ടു. ഹിജ്റ ഏഴാം വർഷം ദുൽഖഅ്ദ് മാസത്തിൽ മസ്ജിദ് ഹറാമിൽ പ്രവേശിച്ചു. ഹദ്റത്ത് ഇബ്നു അബ്ബാസ്﵁ പറയുന്നു: ഈ സന്ദർഭത്തിൽ ഒരു ആയത്തിറങ്ങി. അതിങ്ങനെയാണ്:

***അശ്ശഹ്റുൽഹറാമു ബിശ്ശഹ്റിൽഹറാമി വൽഹുറുമാത്തു ഖിസ്വാസ്വുൻ***(2:195)

ആദരണീയമാസത്തിനു പകരം ആദരണീയമാസംതന്നെ. എല്ലാ ആദരണീയ കാര്യങ്ങൾക്കും (എതിരിൽ) പ്രതിക്രിയ നടപടികളെടുക്കേണ്ടതാണ്.

ഇബ്നു ഹിശാം വിവരിച്ചു: മദീനയിൽ നബിﷺതിരുമേനി ഹദ്റത്ത് ഉവയ്ഫ് ബിൻ അള്ബത്ത് ദീലിയെ അമീറായി നിശ്ചയിച്ചു. ഇബ്നു സഅ്ദിന്റെ അഭിപ്രായത്തിൽ നബിﷺതിരുമേനി അബൂറുഹും ഗിഫാരിയെയാണ് അമീറായി നിശ്ചയിച്ചത്.

ഉംറക്ക് വേണ്ടി പുറപ്പെട്ട കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണം ഇപ്രകാരം വിവരിച്ചിരിക്കുന്നു: ഈ ഉംറയിൽ നബിﷺതിരുമേനിയോടൊപ്പം 2000 സ്വഹാബത്തുണ്ടായിരുന്നു. നബിﷺതിരുമേനി പുറപ്പെടുന്ന നേരത്ത് പറഞ്ഞു: ഹുദയ്ബിയ സന്ധിയിൽ പങ്കെടുത്തിരുന്ന എല്ലാ ആളുകളും ഇതിൽ വരേണ്ടതാണ്. ഖയ്ബർ യുദ്ധത്തിൽ ശഹീദാക്കപ്പെടുകയോ അല്ലെങ്കിൽ മരണപ്പെടുകയോ ചെയ്തവർ ഒഴികെ ഹുദയ്ബിയാ സന്ധിയിലുണ്ടായിരുന്ന എല്ലാ സ്വഹാബത്തും ഈ ഉംറയിൽ നബിﷺതിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. ഇവരെക്കൂടാതെ ഹുദയ്ബിയയിൽ ഇല്ലാതിരുന്ന പല സ്വഹാബത്തും നബിﷺതിരുമേനിയോടൊപ്പം ചേർന്നു. ബലി അറുക്കുന്നതിന് 60 ഒട്ടകവുമുണ്ടായിരുന്നു. നബിﷺതിരുമേനി മൃഗങ്ങളുടെമേൽന്നോട്ടത്തിന് നാജിയ ബിൻ ജുൻദുബിനെയാണ് നിയമിച്ചത്. നബിﷺതിരുമേനി ദുൽഹുലയ്ഫയിലെത്തിയപ്പോൾ- ഇത് മദീനയിൽനിന്ന് ഏകദേശം 6,7 മൈൽ ദൂരെയുള്ള ഒരു സ്ഥലമാണ്, 100 കുതിരപ്പടയാളികളെ മുൻകരുതലെന്ന നിലയ്ക്ക് മുന്നിൽ പറഞ്ഞയച്ചു. അതിൽ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെയാണ് അമീറായി നിശ്ചയിച്ചത്. നബിﷺതിരുമേനി പടച്ചട്ട അണിഞ്ഞിരുന്നു. കുന്തവും കൈയിൽ കരുതിയിരുന്നു. മാത്രമല്ല നേരത്തെതന്നെ ആയുധങ്ങളും കൊടുത്തുവിട്ടിരുന്നു. അതിന്റെ മേൽന്നോട്ടത്തിന് ഹദ്റത്ത് ബശീർ ബിൻ സഅ്ദിനെയാണ് നിശ്ചയിച്ചത്.*(സീറത്ത് ഇബ്നു ഹിശാം പേജ് 717, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് വാല്യം 2, പേജ് 92. വാല്യം 3, പേജ് 403 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ. പേജ് 838)(ഫതഹുൽബാരി വാല്യം 7, പേജ് 636, ആരാം ബാഗ് കറാച്ചി) (അസ്സീറത്തുൽ ഹൽബിയ്യ വാല്യം 3, പേജ് 90,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 105, സവാർ അക്കാഡമി)*

ഉംറയ്ക്ക് പോകുന്നതിന് ആയുധങ്ങളുടെ ആവശ്യമെന്തായിരുന്നു? എന്നൊരു ചോദ്യം ഉന്നയിക്കപ്പെടാറുണ്ട്. കാരണം സന്ധി ചെയ്തു കഴിഞ്ഞതായിരുന്നല്ലോ. നബിﷺതിരുമേനിയോടു ചോദിക്കപ്പെട്ടു: അങ്ങ് ആയുധങ്ങളും കരുതിയിട്ടുണ്ടല്ലോ? വാസ്തവത്തിൽ ഖുറയ്ശികൾ ആവനാഴിയിലുള്ള ആയുധങ്ങളല്ലാതെ മറ്റെല്ലാ ആയുധങ്ങളും നിരോധിച്ചിട്ടുണ്ടായിരുന്നു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ഞങ്ങൾ ആയുധങ്ങളുമായി ഹറമിൽ പ്രവേശിക്കുന്നതല്ല. പക്ഷേ, എന്തെങ്കിലും യുദ്ധമുണ്ടാവുകയാണെങ്കിൽ അത് ഞങ്ങളുടെ പക്കൽ ഒരു സ്ഥലത്തുണ്ടായിരിക്കുന്നതാണ്. ഞങ്ങൾ ഇതുംകൊണ്ട് അങ്ങോട്ട് പോകുന്നില്ല. മറിച്ച് അത് പുറത്തുതന്നെ വെക്കുന്നതാണ്. കാരണം അവരെ ഞങ്ങൾക്ക് വിശ്വസിക്കാനൊന്നും കഴിയില്ല. ഏതു സമയത്തും ആക്രമിക്കാനും സാധ്യതയുണ്ട്. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ കുതിരപ്പടയാളികളുമായി മർറുള്ളഹ്റാൻ എന്ന സ്ഥലത്തെത്തി. അവിടെ ഖുറയ്ശികളിലെ ചിലയാളുകൾ അദ്ദേഹവുമായി കണ്ടുമുട്ടി. അവരോട് അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനി ഇൻശാ അല്ലാഹ് നാളെ ഈ സ്ഥലത്തുണ്ടായിരിക്കും. അവർ ഖുറയ്ശികളുടെ അടുത്തെത്തി. ഇതു സംബന്ധിച്ച് പറഞ്ഞ പ്പോൾ അവർ ഭയന്നുപോയി. നബിﷺതിരുമേനി മർറുള്ളഹ്റാനിലെത്തിയപ്പോൾ ആയുധങ്ങളെല്ലാം യഅ്ജജ് എന്ന സ്ഥലത്തേക്ക് അയച്ചു. അതു മക്കയിൽനിന്ന് എട്ടു മൈൽ ദൂരത്തുള്ള സ്ഥലമാണ്. നബിﷺതിരുമേനി ആയുധങ്ങളും യുദ്ധസാമഗ്രികളുമായി മക്കയിൽ വരുന്നുണ്ടെന്ന് മക്കയിലെ അവിശ്വാസികൾക്ക് വിവരം കിട്ടിയപ്പോൾ അവർ വല്ലാതെ ഭയന്നു. അവർ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനു മർറുള്ളഹ്റാനിലേക്ക് കുറച്ചാളുകളെ അയച്ചു.

അവരുടെ പ്രതിനിധി മിക്റസ് ബിൻ ഹഫ്സ് പറഞ്ഞു: "മുഹമ്മദേﷺ! ഞങ്ങൾ താങ്കളെ ഒരിക്കലും വാഗ്ദാനം ലംഘിച്ചതായി കണ്ടിട്ടില്ല." അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: "ഞങ്ങൾ സന്ധി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആയുധങ്ങൾ വെളിയിൽ വെക്കുന്നതാണ്." അതു കേട്ടപ്പോൾ അവിശ്വാസികൾക്ക് സമാധാനമായി. അപ്പോൾ മിക്റസ് പറഞ്ഞു: ഈ കാരണം കൊണ്ടുതന്നെ ഞങ്ങൾ അങ്ങയെ നന്മയുടെയും കൂറിന്റെയും ശ്രേഷ്ഠതയുടെയും കേദാരമാണെന്ന് മനസ്സിലാക്കുന്നു. അതായത് നബിﷺതിരുമേനിയുടെ നിഷേധിയായ ആളും പറയുകയാണ്, ഞങ്ങൾ താങ്കളെ നന്മയുടെയും കൂറിന്റെയും ശ്രേഷ്ഠതയുടെയും കേദാരമാണെന്ന് കരുതുന്നു. നബിﷺതിരുമേനി ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റെ നേതൃത്വത്തിൽ ഏതാനും സ്വഹാബാക്കളെ പ്രസ്തുത ആയുധങ്ങളുടെ സംരക്ഷണത്തിനു വേണ്ടി ചുമതലപ്പെടുത്തി. ഉടമ്പടി നിബന്ധനകളുടെ അടിസ്ഥാനത്തിൽ വാളുകളല്ലാതെ മറ്റൊരു ആയുധവും കൂടെ കരുതിയില്ല. നബിﷺതിരുമേനി സ്വഹാബാക്കളുടെ സംഘത്തോടൊപ്പം ഹറമിലേക്ക് നീങ്ങി. ബലിമൃഗങ്ങളെ ദീത്വുവായിലേക്ക് അയച്ചു. അത് മസ്ജിദ് ഹറമിൽനിന്ന് അരമൈൽ അകലെയുള്ള മക്കയിലെ ഒരു താഴ്വരയാണ്. നബിﷺതിരുമേനി തന്റെ കുതിരയായ ഖസ്‌വയിലാണ് യാത്ര ചെയ്തിരുന്നത്. ഹജൂന്റെ ഭാഗത്തൂടെ മക്കയൽ പ്രവേശിച്ചു. മുഹസ്സബ് താഴ്വരയുടെ ഭാഗത്തുള്ള ഒരു മലയാണ് ഹജൂൻ. അത് ബയ്ത്തുല്ലായിൽനിന്ന് ഒന്നര മൈൽ ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. *(സീറത്ത് ഹൽബിയ്യ വാല്യം 3, പേജ് 90-91,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 100,180 സവാർ അക്കാഡമി)(ദാഇറയെ മആരിഫ് സീറത്ത് വാല്യം 8, പേജ് 485-487, ബസം ഇഖ്ബാൽ, ലാഹോർ)(മുഅ്ജമുൽ ബുൽദാൻ പേജ് 357 അൽഫയ്സ്വൽ നാശിറാൻ ഉർദു ബസാർ, ലാഹോർ)*

ഹദ്റത്ത് അനസ്﵁നിവേദനം. അദ്ദേഹം പറയുന്നു: നബിﷺ

ശേഷം പേജ് 19 ൽ

ലേഖനം

# കാലത്തിന്റെ ഖലീഫയുടെ സ്ഥാനവും പദവിയും ഖിലാഫത്തിനോടുളള അനുസരണവും അതിനോടു ബന്ധംവെക്കേണ്ടതിന്റെ പ്രാധാന്യവും അനുഗ്രഹവും.

**മുളഫ്ഫർ അഹ്മദ്** | നാസ്വിർ നാളിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ.

وَعَدَ اللّٰهُ الَّذِيۡنَ اٰمَنُوۡا مِنۡكُمۡ وَعَمِلُوا الصّٰلِحٰتِ لَيَسۡتَخۡلِفَنَّهُمۡ فِى الۡاَرۡضِ كَمَا اسۡتَخۡلَفَ الَّذِيۡنَ مِنۡ قَبۡلِهِمۡ وَلَيُمَكِّنَنَّ لَهُمۡ دِيۡنَهُمُ الَّذِى ارۡتَضٰى لَهُمۡ وَلَيُبَدِّلَنَّهُمۡ مِّنۡۢ بَعۡدِ خَوۡفِهِمۡ اَمۡنًا يَعۡبُدُوۡنَنِىۡ لَا يُشۡرِكُوۡنَ بِىۡ شَيۡـًٔا وَمَنۡ كَفَرَ بَعۡدَ ذٰلِكَ فَاُولٰٓـئِكَ هُمُ الۡفٰسِقُوۡنَ۔

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോടു, അവർക്കു മുമ്പേയുളളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്കു പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോടു മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.(24:56)

**ഖിലാഫത്ത് കാ ജിസ് കൊ നഹീ ഇഹ്തിറാം**

**സമാനെ മെ ഹോഗാ ന വൊ ശാദ് കാം**

ഖിലാഫത്തിനെ ആദരിക്കാത്തവനെക്കൊണ്ട് കാലത്തിന് ഒരു പ്രയോജനവുമുണ്ടാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്ﷺപറയുന്നു:"പ്രതിനിധിയ്ക്കാണ് ഖലീഫ എന്നു പറയുന്നത്. യഥാർഥ അർഥങ്ങളുടെ അടിസ്ഥാനത്തിൽ ഛായാപരമായ നിലയിൽ പ്രവാചകന്റെ ശ്രേഷ്ഠതകൾ ഉൾക്കൊള്ളുന്നവനാണ് പ്രവാചകന്റെ പ്രതിനിധി..........ഖലീഫ വാസ്തവത്തിൽ പ്രവാചകന്റെ ഛായയാകുന്നു. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യനും അനശ്വരമായ നിലയിൽ നിലനിൽപ്പില്ല. അതുകൊണ്ട് പ്രവാചകന്മാരുടെ അസ്തിത്വങ്ങൾ ലോകം മുഴുവനുമുളള അസ്തിത്വങ്ങളെക്കാൾ വലിയ കുലീനരും ഉന്നതരുമാകണമെന്നും ഛായാപരമായ നിലയിൽ ഖിയാമത്തുന്നാൾവരെ അവരരെ നിലനിറുത്തണമെന്നും അല്ലാഹു തീരുമാനിച്ചു. ഇതേ ഉദ്ദേശ്യത്തോടുകൂടിയാണ് അല്ലാഹു ഖിലാഫത്ത് ഏർപ്പാടാക്കിയിട്ടുളളത്; ലോകമൊ രിക്കലും ഒരു കാലത്തും പ്രവാചകത്വത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളപ്പെട്ടുപോകാതിരിക്കാൻ!"(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാല്യം 6, പേജ് 353)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽﷺപറയുന്നു: "ഏതുതരത്തിലുളള ഖലീഫയേയും സൃഷ്ടിക്കുകയെന്നത് അല്ലാഹുവിന്റെ ജോലിയാണ്. ആദമിനെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അല്ലാഹു, ദാവൂദിനെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അല്ലാഹു, നമ്മളെല്ലാവരേയും സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അവൻതന്നെ. പിന്നീട് നബിﷺതിരുമേനിയുടെ പ്രതിനിധികളോടു പറഞ്ഞു:

وَعَدَ اللّٰهُ الَّذِيۡنَ اٰمَنُوۡا مِنۡكُمۡ وَعَمِلُوا الصّٰلِحٰتِ لَيَسۡتَخۡلِفَنَّهُمۡ فِى الۡاَرۡضِ كَمَا اسۡتَخۡلَفَ الَّذِيۡنَ مِنۡ قَبۡلِهِمۡ وَلَيُمَكِّنَنَّ لَهُمۡ دِيۡنَهُمُ الَّذِى ارۡتَضٰى لَهُمۡ وَلَيُبَدِّلَنَّهُمۡ مِّنۡۢ بَعۡدِ خَوۡفِهِمۡ اَمۡنًا

മുഅ്മിനീങ്ങളിൽനിന്ന് ഖലീഫയാകുന്നവരേയും അല്ലാഹുതന്നെയാണ് നിയമിക്കുന്നത്. അവർക്ക് ഭയം നേരിടേണ്ടിവരുന്നു. എന്നാൽ, അല്ലാഹു അവർക്ക് സമാധാനം പ്രദാനം ചെയ്യുന്നു. ഏതെങ്കിലും തരത്തിലുളള സമാധാനക്കേടുണ്ടായാൽ അല്ലാഹു അവർക്കുവേണ്ടി സമാധാനത്തിന്റെ വഴി ഒരുക്കുന്നു. അവരെ നിഷേധിക്കുന്നവരിൽനിന്ന് സൽക്കർമങ്ങൾ കുറഞ്ഞുപോകുന്നു എന്നതാണ് അതിനുളള അടയാളം. അതായത് അവർ ദീനിപരമായ കാര്യങ്ങളിൽനിന്ന് പിന്നിൽ പോകുന്നു." *(ഹഖാഇഖുൽ ഫുർഖാൻ വാല്യം 1, പേജ് 125 - 126)*

കാലത്തിന്റെ ഖലീഫയുടെ സ്ഥാനം:

ഹദ്റത്ത് സയ്യിദ് മുഹമ്മദു ഇസ്മായീൽ സാഹിബ് ശഹീദ്(റഹ്)കാലത്തിന്റെ ഖലീഫയുടെ സ്ഥാനവും പദവിയും വിവരിച്ചുകൊണ്ടെഴുതുന്നു:"ഈ പദവിയിൽ അവരോധിതനാകുന്നയാൾ അനുഗൃഹീതമായ വ്യക്തിത്വവും റബ്ബുൽ ആലമീന്റെ നിഴലും നബിമാരുടേയും മുർസലീങ്ങളുടേയും അയൽക്കാരനും ദീനാഭിവൃദ്ധിയുടെ മൂലധനവും മലക്കുകൾക്ക് സമാനനുമായിരിക്കും. സാധ്യതാപരമായ സകല വൃത്തത്തിന്റേയും കേന്ദ്രവും എല്ലാ തെളിവുകൾകൊണ്ടും അഭിമാനാർഹവും ദൈവജ്ഞാനത്തിന്റെ മുഖ്യാധികാരിയുമാണദ്ദേഹം. പരമകകാരുണികന്റെ വെളിപ്പെടലിന്റെ അർശാണ് അദ്ദേഹത്തിന്റെ മനസ്സ്. അദ്ദേഹത്തിന്റെ നെഞ്ചകം വളരെയേറെ റഹ്മത്തിന്റേയും ദൈവപ്രതാപാംഗീകാരത്തിന്റേയും പ്രതിച്ഛായയാണ്. അദ്ദേഹത്തിന്റെ സ്വീകാര്യത ഈശ്വരീയമായ സൗന്ദര്യത്തിന്റെ പ്രതിബിംബമാണ്.....അദ്ദേഹത്തിന്റെ കോപം വിധിയുടെ വാളും ദാനാനുകമ്പയുടെ ഉറവിടവുമാകുന്നു. അദ്ദേഹത്തിൽനിന്നുളള മുഖംതിരിക്കൽ ദൗർഭാഗ്യവും അദ്ദേഹത്തോടുളള എതിർപ്പ് സർവശക്തനായ റബ്ബിനോടുളള എതിർപ്പുമാകുന്നു. ശ്രേഷ്ഠനായ വ്യക്തി അദ്ദേഹവുമായി തന്നെ താരതമ്യം ചെയ്താൽ ആ പങ്കുചേരൽ ദൈവാധിഷ്ഠിതമായിരിക്കും. അദ്ദേഹത്തിന്റെ തിരുസന്നിധിയിൽ വ്യാപൃതനും അദ്ദേഹത്തിന്റെ അനുസരണത്തിൽ തിരിക്കപ്പെട്ടവനുമായിരിക്കുക എന്നതാണ് ശ്രേഷ്ഠനായ വ്യക്തിയുടെ ലക്ഷണം. അദ്ദേഹത്തിന് സമനാണെന്നുളള വാദത്തിൽനിന്ന് ഒഴിഞ്ഞിരിക്കുക. അദ്ദേഹത്തെ റസൂലിന്റെﷺഅനന്തരാവകാശിയിൽപ്പെടുത്തുക."(മൻസ്വബെ ഇമാമത്ത്, പേജ് 121 - 122)

കാലത്തിന്റെ ഖലീഫ നബിയ്ക്കു ശേഷമുളള ഉന്നതവും ഏകവുമായ സ്ഥാനത്ത് അവരോധിതനാകുന്നു. അദ്ദേഹത്തെ അല്ലാഹു നിലനിറുത്തുകയും നിലകൊള്ളുകയും ചെയ്യുന്നു. അദ്ദേഹത്തെ എല്ലാ രീതിയിലും പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന് അയത്നലബ്ധമായ അറിവു പ്രദാനം ചെയ്യപ്പെടുന്നു. അദ്ദേഹത്തെ സ്വയം ഹിക്മത്ത് അഥവാ യുക്തിജ്ഞാനം പഠിപ്പിക്കുന്നു. വിശുദ്ധ ഖുർആനിന്റെ അർഥങ്ങളും ഉദ്ദേശ്യങ്ങളും രഹസ്യങ്ങളും കടാക്ഷങ്ങളും യാഥാർഥ്യങ്ങളും സൂക്ഷ്മമായ കാര്യങ്ങളുംകൊണ്ട് സമ്പന്നനാക്കുന്നു. ഇതിന്റെ സമ്പന്നതകൊണ്ട് അദ്ദേഹം വിശുദ്ധ ഖുർആനിന്റെ തഫ്സീർ ഏറ്റവും നന്നായി മനസ്സിലാക്കുകയും വിവരിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ വിഷമകരമായ ഘട്ടങ്ങളിൽ അല്ലാഹുതന്നെ അദ്ദേഹത്തിന് മാർഗദർശനം നല്കുന്നു."

ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്ﷺപറയുന്നു: "നബിയെ അനുസരിക്കുന്നതുപോലെതന്നെ നിർബന്ധമാണ് ഖലീഫയെ അനുസരിക്കേണ്ടതും. ഈ രണ്ടു അനുസരണങ്ങളിലും ഒരു വിവേചനവും വ്യത്യാസവുമുണ്ട്. അതെന്താണെന്നാൽ നബിയെ അനുസരിക്കന്നതും ആജ്ഞകൾപാലിക്കുന്നതും ദൈവവെളിപാടിന്റേയും എല്ലാ പരിശുദ്ധിയുടേയും കേന്ദ്രവുമായതുകൊണ്ടാണ്. എന്നാൽ, ദൈവവെളിപാടിന്റേയും എല്ലാ പരിശുദ്ധിയുടേയും കേന്ദ്രവുമായതുകൊണ്ടല്ല ഖിലാഫത്തിനെ അനുസരിക്കുന്നത്. പ്രത്യുത അതിനെ അനുസരിക്കുന്നത് ദൈവവെളിപാട് നടപ്പാക്കുന്നതും എല്ലാ സംവിധാനങ്ങളുടേയും കേന്ദ്രവുമായതുകൊണ്ടാണ്. അതുകൊണ്ട് പ്രവാചകന്മാർക്ക് 'ഇസ്വ്മത്തെ കുബ്റാ' അഥവാ ഏറ്റവും വലിയ പാപമില്ലാഗുണം ലഭിക്കുന്നുവെന്ന് പരിചയസമ്പന്നരും ജ്ഞാനികളുമായവർ പറയാറുണ്ട്; ഖലീഫമാർക്ക് ഇസ്വ്മത്തെ സ്വുഗ്റായും." *(അൽഫള്ൽ 1935, ഫെബ്രുവരി 17)*

വീണ്ടും പറഞ്ഞു:"അല്ലാഹു ആരെയാണോ ഖിലാഫത്ത് പദവിയിൽ എഴുന്നേല്പിച്ചു നിറുത്തുന്നത് അവൻ അദ്ദേഹത്തിന് കാലത്തിനനുസരിച്ച് അറിവുകളും പ്രദാനം ചെയ്യുന്നു......ഖലീഫയെ അല്ലാഹു സ്വയം സൃഷ്ടിക്കുന്നുവെന്നതിന്റെ അർഥമെന്താണ്? അതിന്റെ അർഥം ആരെയെങ്കിലും അല്ലാഹു ഖലീഫയാക്കുമ്പോൾ തന്റെ സവിശേഷ ഗുണങ്ങൾ അദ്ദേഹത്തിന് നല്കുന്നുവെന്നാണ്. ഇനി അദ്ദേഹത്തിന് അവൻ തന്റെ സവിശേഷ ഗുണങ്ങൾ പ്രദാനം ചെയ്യുന്നില്ലെങ്കിൽ അല്ലാഹു താൻതന്നെ ഖലീഫയെ ആക്കുന്നുവെന്നതിന്റെ അർഥമെന്താണ്?" *(അൽഫള്ൽ 1950 നവംബർ 22)*

ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)പറയുന്നു:"ഓരോ ഖലീഫയുടെ കാലത്തും അക്കാലത്തെ അവസ്ഥകളനുസരിച്ച് ഖലീഫ നല്കുന്ന ഉപദേശം തീർച്ചയായും മറ്റുപദേശങ്ങളെക്കാൾ സ്വാധീനമുളവാക്കുന്നതായിരിക്കും. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലും അല്ലാഹു അദ്ദേഹത്തെ ചുമതലപ്പെടുത്തിയ ഉത്തരവാദിത്വം കാരണത്താലും അദ്ദേഹത്തിന് വെളിച്ചം പ്രദാനം ചെയ്യുന്നു."*(ഖുത്വ്ബാത്തെ ത്വാഹിർ വാള്യം 10 പേജ് 894)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: "അല്ലാഹു സ്വയം ഖലീഫയെ സൃഷ്ടിക്കുന്നുവെന്നത് നമ്മുടെ വിശ്വാസമാണ്. അതിന്റെ തിരഞ്ഞെടുപ്പിൽ ഒരു പോരായ്മയും ഉണ്ടാകുകയില്ല. ആരെയാണോ അല്ലാഹു ഈ കുപ്പായം അണിയിക്കുന്നത് അദ്ദേഹത്തിൽനിന്ന് ആ കുപ്പായം ഊരിമാറ്റാൻ അല്ലെങ്കിൽ പിടിച്ചെടുക്കാൻ ആർക്കും സാധ്യമല്ല. അവൻ തന്റെയൊരു ദുർബലനായ ദാസനെ തിരഞ്ഞെടുക്കുന്നു. അയാളെ എടുത്ത് തന്റെ മടിയിലിരുത്തുന്നു. അവന്റെ പിന്തുണയും സഹായവും ഏതവസ്ഥയിലും അദ്ദേഹത്തോടൊപ്പമുണ്ടാകുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ തന്റെ ജമാഅത്തിനോടുള്ളവേദന എങ്ങനെ ഉണ്ടാക്കുന്നുവെന്നാൽ, അദ്ദേഹം ആ വേദനയെ തന്റെ സ്വന്തം വേദനയെക്കാൾ കൂടുതൽ അനുഭവിച്ചറിയാൻ തുടങ്ങുന്നു. ഇങ്ങനെ ജമാഅത്തിലെ എല്ലാവരുംതന്നെ അവരെ ക്കുറിച്ച് വേദനിക്കുന്നു, അവർക്കുവേണ്ടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രാർഥിക്കുന്ന, അവരോടു സഹതാപം കാണിക്കുന്ന ഒരാൾ നിലവിലുണ്ടെന്ന് അനുഭവിച്ചറിയാൻ തുടങ്ങുന്നു."(അൽഫള്ൽ 2003 മെയ് 30)

### ഖിലാഫത്തിനോടുള്ള അനുസരണം:

ഏതൊരു ജനതയുടേയും മതത്തിന്റേയും ജാതിയുടേയും അഭിവൃദ്ധിയും അതിന്റെ നിലവാരവും അനുസരണത്തിലധിഷ്ഠിതമാകുന്നു. ഇസ്ലാംമതത്തിന്റെ അടിത്തറ അനുസരണത്തിൽ മാത്രമാണ് വെക്കപ്പെട്ടിട്ടുള്ളത്. കാരണം ഇസ്ലാമിന്റെ അർഥം ആത്മസമർപ്പണമെന്നാണ്. ഇതുസംബന്ധമായി നബിﷺതിരുമേനി ഉമ്മത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു:"ഞാൻ നിശ്ചയിച്ചിട്ടുള്ള അമീറിനെ അനുസരിച്ചവൻ എന്നെ അനുസരിച്ചു. എന്നെ അനുസരിച്ചവൻ അല്ലാഹുവിനെ അനുസരിച്ചു. എന്റെ അമീറിനോടു അനുസരണക്കേടു കാണിച്ചവൻ എന്നോടു അനുസരണക്കേട് കാണിച്ചു. എന്നോടു അനുസരണക്കേട് കാണിച്ചവൻ അല്ലാഹുവിനോടു അനുസരണക്കേട് കാണിച്ചു."*(സ്വഹീഹുൽ ബുഖാരി , കിതാബുൽ അഹ്കാം, ഹദീഥ് 7137)*

ഹദ്റത്ത് ഇബ്നു അബ്ബാസ്ؓ നിവേദനം. നബിﷺതിരുമേനി പറഞ്ഞു:"തന്റെ ഭരണാധികാരിയിൽനിന്ന് ആരെങ്കിലും അനിഷ്ടകരമായ കാര്യം കണ്ടാൽ അയാൾ ക്ഷമിക്കട്ടെ. കാരണം ആരെങ്കിലും സംവിധാനത്തിൽ നിന്ന്(നിളാം) ഒരു ചാൺ അകന്നാൽ അയാളുടെ മരണം ജാഹിലിയ്യത്തിന്റെ മരണമായിരിക്കും." (മുസ്ലിം കിതാബുൽഇമാറത്ത്)

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു:"അനുസരണം ഒരു എളുപ്പമുള്ള കാര്യമാണോ? പൂർണമായ നിലയിൽ അനുസരിക്കാത്തവൻ ഈ ജമാഅത്തിന് ചീത്തപ്പേരുണ്ടാക്കുന്നവനാണ്. കൽപന ഒന്നായിരിക്കുകയില്ല. പ്രത്യുത കൽപന ധാരാളമുണ്ട്. സ്വർഗത്തിന് ധാരാളം വാതിലുകളുള്ളതുപോലെ, ചിലർ ചിലതിലൂടെ അകത്തുകടക്കുന്നു, ചിലർ മറ്റു ചിലതിലൂടെ അകത്തുകടക്കുന്നു. ഇപ്രകാരം നരകത്തിനും ധാരാളം വാതിലുകളുണ്ട്. നരകത്തിന്റെ ഒരു വാതിൽ നിങ്ങൾ അടയ്ക്കുമ്പോൾ മറ്റൊന്ന് തുറന്നുവെക്കുന്നവരാകരുത്."*(മൽഫൂദാത്ത് വാള്യം 2, പേജ് 411) (ഖുത്വ്ബ ജുമുഅ 2004 ഓഗസ്റ്റ് 27, പ്രസാധനം അൽഫള്ൽ ഇന്റർനാഷണൽ 2004, സെപ്റ്റംബർ 10, പേജ് 6)*

അനുസരണത്തിന്റെ മാതൃക നമുക്ക് ആദ്യനൂറ്റാണ്ടിലെ മുസ്ലിമീങ്ങളിൽ ഇപ്രകാരം ലഭിക്കുന്നുണ്ട്: 'ഒരു അവസരത്തിൽ നബിﷺതിരുമേനി മസ്ജിദിൽനിന്നുകൊണ്ട് സ്വഹാബത്തിനോടു പറഞ്ഞു: 'ഇരിക്കുവിൻ.' ഇതുകേട്ട് വഴിയിലൂടെ നടന്നു വരികയായിരുന്ന അബ്ദുല്ലാഹ് ബിൻ റവാഹؓഅവിടെ ഇരുന്നു. നബിﷺതിരുമേനിയുടെ കൽപന നടപ്പാക്കുന്നതിൽ ഒരു നിമിഷം പോലും അമാന്തിക്കരുതെന്നചിന്തയായിരുന്നു അദ്ദേഹത്തിന്.

ഇപ്രകാരംതന്നെ ഒരു യുദ്ധത്തിന്നിടയിൽ ഹദ്റത്ത് ഉമർؓയുദ്ധത്തിന്റെ നേതൃത്വം ഹദ്റത്ത് ഖാലിദ് ബിൻ വലീദിൽനിന്നുവാങ്ങി, ഹദ്റത്ത് അബൂഉബയ്ദാؓയ്ക്ക് നല്കി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്ؓവളരെ നല്ല നിലയിൽ യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് ചിന്തിച്ച് അദ്ദേഹത്തിൽനിന്ന് ഹദ്റത്ത് അബൂഉബയ്ദാؓചാർജെടുത്തില്ല. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്ؓ, ഹദ്റത്ത് ഉമറിൽനിന്ന് കൽപന വന്നിരിക്കുന്നുവെന്നറിഞ്ഞപ്പോൾ ഹദ്റത്ത് അബൂഉബയ്ദാؓയുടെ അടുത്തു പോയി. അദ്ദേഹം പറഞ്ഞു: 'കാലത്തിന്റെ ഖലീഫയുടെ കൽപനയാണ്. അതുകൊണ്ട് എത്രയുംവേഗം അങ്ങ് ഇത് നടപ്പിൽ വരുത്തുക. അങ്ങയുടെ കീഴിൽ പ്രവർത്തിക്കുന്നതിൽ എനിക്കൊരു വിഷമവുമില്ല.'

അവസാനകാലഘട്ടത്തിൽ വന്നവരിലും നബിﷺതിരുമേനിയുടെ സത്യവാനായ ദാസൻ, മസീഹ് മൗഊദ് വ മഹ്ദിയെ മഅ്ഹൂദ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടേയും അവിടുത്തെ ഖലീഫമാരുടേയും ജീവിതത്തിലും അനുസരണത്തിന്റെ അത്തരത്തിലുള്ള മാതൃക കിട്ടുന്നുണ്ട്. അത് ആദ്യകാലഘട്ടത്തിൽവന്നവരുടെ സ്മരണ പുതുക്കുന്നതാണ്.

### ശബ്ദം കേട്ട് ഇരുന്ന സംഭവം ഇവിടേയും ഉണ്ടായിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്ؑഒരിക്കൽ മസ്ജിദിൽ നിൽക്കുകയായിരുന്നവരോടു ഇരിക്കാൻ പറഞ്ഞു. ഹദ്റത്ത് മിയാൻ കരീം ബഖ്ശ് സാഹിബ് ആ നേരത്ത് മസ്ജിദിനടുത്തുള്ള ഇടവഴിയിലാരുന്നു. അദ്ദേഹം ശബ്ദം കേട്ടുടനെ അവിടെ ഇരുന്നു. ആരോ കാരണം ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'മസീഹിന്റെ കൽപന എന്റെ ചെവിയിൽ പതിഞ്ഞപ്പോൾ, ആ സമയത്ത് അനുസരിക്കുക എന്നത് എന്റെ നിർബന്ധ കടമയായിരുന്നു.'

ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹ് ഖിലാഫത്ത് സ്ഥാനത്ത് അവരോധിതനായപ്പോൾ ലോകം, ഒരിക്കൽക്കൂടി ഒരു ശബ്ദം കേൾക്കുമ്പോൾ ഇരുന്നുപോകുന്ന ദൃശ്യം കണ്ടു. ഖിലാഫത്തിന്റെ ആയിരക്കണക്കിന് പ്രേമികൾ ലണ്ടനിലെ മസ്ജിദ് ഫള്ലിന് വെളിയിലുള്ള റോഡുകളിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹിന്റെ മുഖകമലം ദർശിക്കുന്നതിനും ബയ്അത്തു ചെയ്യുന്നതിനുംവേണ്ടി തിങ്ങിക്കൂടി നിൽക്കുന്നതിനിടയിൽ 'ഇരിക്കുവിൻ' എന്ന ഒരൊറ്റ ശബ്ദം കേട്ടപ്പോൾ ഒരു നിമിഷംപോലും താമസിയാതെ എല്ലാവരും ഇരുന്നത് മഴുലോകവും മുസ്ലിം ടെലിവിഷൻ അഹ്മദിയായിലൂടെ ദർശിക്കുകയും സാക്ഷിയാകുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സ്വഹാബി ഖേവബാജ്വായിലെ ഹദ്റത്ത് അബൂ അബ്ദുല്ലാഹ് സാഹിബ് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്റെ സമീപത്തിരിക്കുകയായിരുന്നു. അദ്ദേഹം ഒരു ദിവസം പറഞ്ഞു: 'എനിക്കെന്തെങ്കിലും ഉപദേശം നല്കിയാലും.'

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽؓപറഞ്ഞു:'മൗലവി സാഹിബേ!എന്തെങ്കിലും കാര്യം ചെയ്യാനുണ്ടെങ്കിൽ താങ്കളത് ചെയ്തുകഴിഞ്ഞിട്ടില്ലാത്തതായി ഞാൻ മനസ്സിലാക്കുന്നില്ല. ഇനി ഇപ്പോൾ ഖുർആൻ മനഃപ്പാഠമാക്കൽ മാത്രമാണ് ബാക്കിയുള്ളത്.' അങ്ങനെ ഖലീഫത്തുൽമസീഹിന്റെ ഈ വാക്കുകൾകേട്ട് ഏകദേശം 65-ാമത്തെ വയസ്സിൽ അദ്ദേഹം വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കാൻ തുടങ്ങി. ഇത്ര പ്രായമുണ്ടായിരുന്നിട്ടും അദ്ദേഹം ഖുർആൻ ഹാഫിളായി."*(അൽഫള്ൽ ദിനപത്രം 2010 ഡിസംബർ പേജ് 4, അൽഫള്ൽ ഖാദിയാൻ 1947 ഏപ്രിൽ 19-ൽ നിന്നെടുത്തത്)*

ഖിലാഫത്തിനെ അനുസരിക്കലും ജമാഅത്ത് വ്യവസ്ഥിതിയെ അനുസരിക്കലും പരസ്പരപൂരിതങ്ങളാണ്. ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. ഒന്ന് മറ്റൊന്നിൽനിന്ന് വേർപ്പെട്ടതല്ല. ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹ് ജമാഅത്ത് വ്യവസ്ഥിതിയെ അനുസരിക്കുന്നതിനെ സംബന്ധിച്ച് പറയുന്നു:

"എപ്പോഴും ഓർമിക്കുക!നിങ്ങളുടെ ഉദ്ദേശ്യലക്ഷ്യം, നിങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിമാത്രമായിരിക്കണം. ഇതുതന്നെയാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അവന്റെ സംവിധാനത്തിന്റേയും കൽപനകളും നിയമങ്ങളും തീരുമാനങ്ങളും. അവ പാലിക്കേണ്ടതാണ്. അനുസരണത്തിൽ ഇതു സംബന്ധമായൊന്നിലും ഒരു വ്യത്യാസവും വരാൻ വിടരുത്.'*(ഖുത്വ്ബ ജുമുഅ 2004 ഓഗസ്റ്റ് 27, പ്രസാധനം അൽഫള്ൽ ഇന്റർ നാഷണൽ 2004 സെപ്റ്റംബർ 10, പേജ് 6-7)*

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽؓപറയുന്നു:"തങ്ങൾ ഖിലാഫത്തിന്റെ അനുസരണത്തിന് വെളിയിലല്ലെന്ന് ആളുകൾ പറയുന്നു. സമ്പൂർണമായും അനുസരണത്തിലാണുള്ളത്. എല്ലാ കൽപനകളും പാലിക്കാൻ തയ്യാറാണ്. പക്ഷേ, ഇന്ന ഭാരവാഹിയിലും ഇന്ന അമീറിലും ഇന്ന ഇന്ന പോരായ്മകളുണ്ട്. അയാളെ അനുസരിക്കാൻ ഞങ്ങൾക്ക് കഴിയില്ല. കാലത്തിന്റെ ഖലീഫയെ അംഗീകരിക്കലാകുന്നത് സംവിധാനത്തിന്റെ എല്ലാ ഭാരവാഹികളേയും അനുസരിക്കുമ്പോഴാണ്. അപ്പോഴാണ് അല്ലാഹുവിന്റെ

റസൂലിനേയും അല്ലാഹുവിനേയും അനുസരിക്കലാകുന്നത്.*(ഖുത്വ്ബ ജുമുഅ 2004 ഡിസംബർ 31, പ്രസാധനം അൽഫള്ൽ ഇന്റർ നാഷണൽ 2005 ജനുവരി 14, പേജ് 8)*

ഖിലാഫത്തിന് വിധേയമായിട്ടുള്ള സംവിധാനങ്ങളെ അനുസരിക്കൽത്തന്നെയാണ് യഥാർഥത്തിൽ ഖിലാഫത്തിനെ അനുസരിക്കൽ. ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)പറയുന്നു:

"പ്രകൃതി നിയമം നിങ്ങളുടെ നിലനില്പിന് നിർബന്ധമാണെന്നതുപോലെതന്നെ അതിന് ഒരുപാട് വശങ്ങളുമുണ്ട്. ഇതേപോലെ ജമാഅത്ത് വ്യസ്ഥിതിയും നിങ്ങളുടെ വ്യക്തിഗതമായ നിലനിൽപിന് നിർബന്ധമാണ്. ജമാഅത്ത് വ്യവസ്ഥിതിയില്ലെങ്കിൽ അപ്പോൾ ഒരാളുടേയും ആത്മീയ ജീവിതത്തിന് ഒരു ജാമ്യവും നല്കാൻ സാധ്യമല്ല. എന്താണുണ്ടായതെന്ന് മറ്റുള്ള ആളുകളുടെ അവസ്ഥ നോക്കുക. എപ്രകാരമാണ് ചിന്നച്ചിതറി നാനാവിധമാക്കപ്പെട്ടത്. എങ്ങനെയാണ് സംഘടിതാവസ്ഥയിൽനിന്ന് ഒറ്റതിരിഞ്ഞ അവസ്ഥയിൽ മാറിപ്പോയത്. എല്ലാ വ്യക്തിയും സ്വതന്ത്രനാണ്. അവരെല്ലാവരും ആ സ്വാതന്ത്ര്യത്തിന്റെ രുചി ആസ്വദിച്ചുകൊണ്ടിരിക്കുന്നു. അതായത് ബാഹ്യമായി താൻ സ്വതന്ത്രനാണെന്നും അഹ്മദി അടിമായാണെന്നും അവർ മനസ്സിലാക്കുന്നു. എപ്പോഴും മുസ്വീബത്തുതന്നെ. ഇക്കാര്യമാണെങ്കിൽ നിസ്സാം അഥവാ സംവിധാനത്തോടു ചോദിക്കുക, ഇരിക്കണമെങ്കിൽ സംവിധാനത്തോടു ചോദിക്കുക. എന്തൊരു മുസ്വീബത്താണ്.........

ഹുദൂർ(റഹ്)പറയുന്നു:"അഹ്മദിയ്യ ജമാഅത്തിന്റെ വ്യവസ്ഥിതി.....എങ്ങനെയുള്ള വ്യവസ്ഥിതിയാണെന്നാൽ അത് പ്രകൃതിനിയമംപോലെ നിങ്ങളെ നാലുഭാഗത്തുനിന്നും വളഞ്ഞിരിക്കുകയാണ്. ദുൻയാവിലുള്ളത് വിസ്മയകരമായ ശക്തിയാണെന്ന് ആർക്കെങ്കിലും പറയാവുന്നതാണ്. നാശം പതിച്ചിരിക്കുന്നു. തീയിൽ കൈയിടരുത്. കൂടുതൽ തണുത്ത കാറ്റ് കൊള്ളരുത്. തണുപ്പുകാലത്ത് ചൂടുവസ്ത്രം ധരിക്കുക. ചൂടുകാലത്ത് തണുത്ത വസ്ത്രം ധരിക്കുക. വിശന്നാൽ ഇതു ചെയ്യുക. വിശക്കുന്നില്ലെങ്കിൽ ഇന്ന ജോലി ചെയ്യുക. ഇരിക്കുക, എഴുന്നേല്ക്കുക, ഉറങ്ങുക, ഉണരുക. എന്നാൽ, എല്ലാത്തിലും മിതത്വം കൈക്കൊള്ളണം. ഭക്ഷണം കഴിക്കുക എന്നാൽ, വിശപ്പകലുന്നതിനുമുമ്പേ നിറുത്തുക. അതായത് ആ പ്രകൃതിനിയമം, അത് ആവശ്യപ്പെടുന്നു..........മുഴുലോകത്തിന്റേയും വ്യവസ്ഥിതി തുല്യമായി ഓരോ മനുഷ്യനിലും നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. ഈ നിയന്ത്രണത്തിന്റെ തേട്ടത്തിൽനിന്ന് രക്ഷപ്പെട്ട് ഒരു മനുഷ്യനും നടക്കുന്നില്ല. അങ്ങനെ നടന്നാൽ അവിടെ അവന് ശിക്ഷ കിട്ടുകതന്നെ ചെയ്യും.......നബിﷺതിരുമേനി ദുൻയാവിന്റെ ഉദാഹരണം നല്കിക്കൊണ്ടു പറയുന്നു:'സത്യവിശ്വാസിയ്ക്ക് ഇത് തടവറയാണ്. അവിശ്വാസിക്ക് ഇത് സ്വർഗമാണ്.' ഇനി നോക്കുക, അല്ലാഹുവിന്റെ റസൂൽﷺഈ ദുൻയാവ് തടവറയാണെന്ന് പറഞ്ഞിരിക്കുന്നു. സത്യവിശ്വാസിയുടെ മുഴുവൻ ജീവിതവും തടവറയിലായിരിക്കും. അവിശ്വാസികൾക്ക് അതിനെ സ്വർഗമായും പറഞ്ഞിരിക്കുന്നു. എന്നാൽ, സത്യവിശ്വാസിയും സ്വതന്ത്രനുമായവൻ ഏതു ഗണത്തിൽപ്പെടും. അതിനാൽ മുഅ്മിന് ജമാഅത്ത് വ്യവസ്ഥിതിയുടെ തടവും ബന്ധനവും അനിവാര്യമായ ഒന്നാണ്..........

അതുകൊണ്ട് നിങ്ങൾ ജമാഅത്ത് സംവിധാനത്തോടു നീതിപാലിക്കുകയും ആ നീതിയുടെ അതിസൂക്ഷ്മമായ എല്ലാ തേട്ടങ്ങളേയും നിറവേറ്റുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് സ്വാതന്ത്ര്യത്തിന്റെ ശ്വാസം ലഭിക്കുന്നതായിരിക്കും. നിങ്ങൾക്ക് സ്വസ്ഥതയും അഗാധവുമായ ശാന്തിയുടെ ശ്വാസം കിട്ടുന്നതായിരിക്കും. അതുകൊണ്ട് ഈ വശത്തൂടെ നിങ്ങൾ ജമാഅത്ത് സംവിധാനത്തിന്റെ സംരക്ഷണത്തിൽ സന്നദ്ധരായി നിലകൊള്ളുക. അതിന്റെ മുന്നിൽ തലകുനിക്കുക. കാരണം ഇത് അല്ലാഹുവിന്റെ മുമ്പിൽ തല കുനിക്കലാണ്. ചിലയാളുകൾ നിസ്സാം അഥവാ സംവിധാനം എന്തു വസ്തുവാണെന്ന് ചോദിക്കാറുണ്ട്. അനാവശ്യമായി പറയപ്പെട്ടിട്ടുള്ള വ്യവസ്ഥിതിയാണത്രെ ഇത്!

വ്യവസ്ഥിതി അല്ലാഹു സ്ഥാപിച്ചിട്ടുള്ളതാണ്. ഹദ്റത്ത് മുഹമ്മദുമുസ്തഫാﷺസ്ഥാപിച്ചിട്ടുള്ളതാണ്. നിസ്സാമിനുവേണ്ടിയാണ് ഈ ബയ്അത്ത് ചെയ്യുന്നത്. ഇല്ലെങ്കിൽ നബിﷺതിരുമേനിയെ വിശ്വസിക്കുന്നവർ, ആ മഹാത്മാവിന്റെ കൈയിൽ ബയ്അത്തു ചെയ്തിരുന്നവർക്ക്, ഒന്നിനുപിന്നാലെ മറ്റൊരു ഖലീഫയ്ക്ക് ബയ്അത്തു ചെയ്യേണ്ട ആവശ്യമെന്തായിരുന്നു? അനുസരിക്കുമെന്ന് ഏറ്റു പറയുന്ന ഈ ബയ്അത്തിലും അതിൽ ഉറച്ചുനിൽക്കുന്നതിലും ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നത്, നമ്മൾ തീർച്ചയായും അനുസരിക്കുമെന്നാണ്. ഇത് വ്യക്തമായും വിളിച്ചോതിക്കൊണ്ടിരിക്കുന്നത് വെറും ദീൻ അഥവാ മതം വിശ്വാസങ്ങളുടെ പേരല്ലെന്നും, അല്ലെങ്കിൽ ശരീഅത്തിന്റെ പൊതുവായ കടമകളെ നിറവേറ്റുന്നതിന്റെ പേരല്ലെന്നും പ്രത്യുത ആരാണോ കൃത്യമായി നിസ്സാം അഥവാ സംവിധാനത്തിന്റെ ഭാഗമായിക്കൊണ്ട് അതിന്റെ മുമ്പിൽ തലകുനിക്കാത്തത് അവൻ കർമപരമായി ദീനിൽനിന്ന് വെളിലായിരിക്കുമെന്നാണ്."*(ഖുത്വ്ബ ജുമുഅ 1996 മെയ് 31)*

## ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നതിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും

**വഅ്തസ്വിമൂ ബിഹബ്ലില്ലാഹി ജമീഅൻ വലാ തഫർറഖൂ വദ്കുറൂ നിഅ്മത്തല്ലാഹി അലയ്ക്കും** എന്നത് വിശുദ്ധ ഖുർആനിന്റെ കല്പനയാണ്. അതായത് അല്ലാഹുവിന്റെ കയറിനെ മുറുകെ പിടിക്കുക. അത് അവൻ ഖിലാഫത്തിന്റെ രൂപത്തിൽ നിങ്ങൾക്ക് പ്രദാനം ചെയ്തതാണ്. ശക്തമായി താങ്ങിപിടിക്കുക. നമുക്ക് ഖിലാഫത്തിനെ പൂർണമായി അനുസരിക്കുന്നവരാകാൻ കഴിയുന്നത് കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നതിനോടൊപ്പം അതിനു വിധേയമായിട്ടുള്ള ജമാഅത്ത് സംവിധാനങ്ങളേയും പൂർണമായും അനുസരിക്കുന്നതുകൊണ്ടാണ്. ഇപ്രകാരം എല്ലാ തരത്തിലുള്ള ഭിന്നിപ്പുകളിൽനിന്നും രക്ഷപ്പെടുന്നവരും ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ ബർക്കത്തുകൊണ്ട് യഥാർഥമായ അർഥത്തിൽ ഉപകാരം നേടിയവരുമായിത്തീരുന്നതുമായിരിക്കും.

ഖിലാഫത്ത് അല്ലാഹുവിൽനിന്നുള്ള ഒരു വലിയ സമ്മാനമാണ്. അത് ജനതയെ ഏകോപിപ്പിക്കുകയും ഭിന്നിപ്പുകളിൽനിന്ന് സുരക്ഷിതമാക്കി വെക്കുകയും ചെയ്യുന്നു. ഇതിൽ ജമാഅത്ത് മുത്തുകളെപ്പോലെ കോർത്തിണക്കപ്പെടുന്നു.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ഒരു അവസരത്തിൽ പറഞ്ഞു:" അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദിനെ വിശ്വസിക്കാൻ തൗഫീഖ് പ്രദാനം ചെയ്തുവെന്നത് ഇന്ന് നമ്മുടെമേലുണ്ടായിട്ടുള്ള അവന്റെ ഔദാര്യമാണ്. നമ്മൾ അല്ലാഹുവിന്റെ കല്പനകളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ടിരിക്കുന്ന സംവിധാനവുമായി കോർത്തിണക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രിയപ്പെട്ട റസൂൽﷺന്റെ സുന്നത്തിലേക്ക് നമ്മുടെ ശ്രദ്ധക്ഷണിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ ചിന്നിച്ചിതറിക്കിടക്കുന്ന മറ്റുമുസ്‌ലിം കക്ഷികളെപ്പോലെ ഭിന്നിച്ചുകിടക്കുന്നവരല്ല. പ്രത്യുത ഖിലാഫത്തിന്റെ അനുഗ്രഹത്താൽ ഒരു മാലയിൽ കൊരുത്തപ്പെട്ടവരാണ്."*(ഖുത്വ്ബ ജുമുഅ 2006 ജൂൺ 9)*

ഖിലാഫത്തുമായിട്ടുള്ള ബന്ധത്തിന് ഖിലാഫത്തിനോടു ആത്മാർഥതയുടേയും കൂറിന്റേയും ബന്ധം വെക്കേണ്ടത് നിർബന്ധമാണ്. അപ്പോഴായിരിക്കും നമ്മൾ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് ശരിയായ അർഥത്തിൽ ഫലമെടുക്കുന്നവരാകുന്നത്.

അതുകൊണ്ട് നമ്മൾ കാലത്തിന്റെ ഖലീഫയുടെ ഓരോ വിളിക്കും ലബ്ബയ്ക്ക് പറയുന്നവരാകണം. അദ്ദേഹത്തെ അനുസരിക്കുന്നതിൽ ഉന്മത്തരായി ഹദ്റത്ത് മുഹമ്മദുമുസ്തഫാﷺയുടേയും ഹദ്റത്ത് മസീഹ്


• ഹദീസുന്നബവി ﷺ •

"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.

TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL : 9744366004, 8086399638

• ഹദീസുന്നബവി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona
feels more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

മൗഊദ്ﷺന്റേയും സ്വഹാബാക്കളിൽ കാണാൻ കഴിയുന്ന മാതൃക സ്ഥാപിക്കുന്നവരാകണം.

ഇന്ന് ലോകത്തിന്റെ അവസ്ഥകൾ എത്രമാത്രം ദ്രുതഗതിയിലാണ് മാറിക്കൊണ്ടിരിക്കുന്നത്. എല്ലായിടത്തും അസ്വസ്ഥതയും അസമാധാനവുമാണ്. ലോകം അഗ്നികുണ്ഡത്തിന്റെ വക്കിലാണ് നിൽക്കുന്നത്. മൂന്നാംലോകമഹായുദ്ധം വാപൊളിച്ചുനിൽക്കുന്നു. എന്തൊന്നാണോ നടന്നുകൊണ്ടിരിക്കുന്നത്, നടക്കാൻ പോകുന്നത് അതിനുകാരണം ജനങ്ങൾ കാലത്തിന്റെ ഇമാമായ ഹദ്റത്ത് മസീഹ് മൗഊദിനെ നിഷേധിച്ചുകൊണ്ട് ഖിലാഫത്തുപോലുള്ള മഹാഅനുഗ്രഹത്തിൽനിന്ന് പിന്തള്ളപ്പെട്ടിരിക്കുന്നു എന്നതാണ്. അഹ്മദിയ്യ ജമാഅത്ത് അല്ലാഹുവിന്റെ കയറിനെ താങ്ങിപ്പിടിച്ച് അവന്റെ അസംഖ്യം അനുഗ്രഹങ്ങളിൽനിന്ന് ഉപകാരം നേടിക്കൊണ്ടിരിക്കുന്നു. ഇത് ഖിലാഫത്തിന്റെതന്നെ ബർക്കത്താണ്. ഇന്നത്തെ പശ്ചാത്തലത്തിൽ നമ്മൾ നോക്കുമ്പോൾ നമ്മുടെ പ്രിയപ്പെട്ട ഇമാം ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസ് ലോകത്തെ ആഗോളയുദ്ധത്തിന്റെ കെടുതികളിൽ നിന്ന് രക്ഷിക്കുന്നതിനും ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനും രാപ്പകൽ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഇന്ന് ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിന് അസ്വസ്ഥനായ ഏതെങ്കിലും മനുഷ്യൻ ലോകത്തുണ്ടെങ്കിൽ കാലത്തിന്റെ ഖലീഫ നമ്മുടെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസ് മാത്രമാണ്. കാലത്തിന്റെ ഖലീഫയുടെ രൂപത്തിൽ തന്റെ ജമാഅത്തിനുവേണ്ടിയും മുഴുവൻ മനുഷ്യകുലത്തിനുവേണ്ടിയും നമ്മുടേയും അല്ലാഹുവിന്റേയുമിടയിൽ സാമീപ്യത്തിന്റെ ഒരു മധ്യസ്ഥനാണ്.

കാലത്തിന്റെ ഖലീഫയുടെ മനസ്സിൽ തന്റെ ജമാഅത്തിനോടും സകല മനുഷ്യകുലത്തോടും കാണുന്ന സഹതാപവും സ്നേഹവും അളക്കാൻ ലോകത്താർക്കും കഴിയില്ല. കാലത്തിന്റെ ഖലീഫയുടെ മാനസികാവസ്ഥ എങ്ങനെയുളളതാണ്, അതിന്റെ പ്രകടനം വളരെ ഹൃദയസ്പൃക്കായ നിലയിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)ഒരവസരത്തിൽ പറഞ്ഞിരുന്നു. അവിടന്ന് പറയുന്നു:

"ഞാൻ നിങ്ങളിൽനിന്നുള്ള നിങ്ങളെപ്പോലുള്ള ഒരു മനുഷ്യനാണ്. നിങ്ങളിലെല്ലാവരോടും അല്ലാഹു എന്റെ മനസ്സിൽ എത്രമാത്രം സ്നേഹമുണ്ടാക്കിയിരിക്കുന്നുവെന്നാൽ നിങ്ങൾക്കത് ഊഹിക്കാനെ സാധിക്കുയില്ല. ചിലപ്പോൾ സുജൂദിൽ ഞാൻ ജമാഅത്തിനുവേണ്ടിയും ജമാഅത്തംഗങ്ങൾക്കുവേണ്ടിയും ഇങ്ങനെ ദുആ ചെയ്യുന്നു:അല്ലാഹുവേ!എനിക്ക് കത്തെഴുതണമെന്നാഗ്രഹിക്കുകയും എന്നാൽ, അലസത കാരണത്താൽ എഴുതാൻ കഴിയാതെ വരികയും ചെയ്യുന്നവരുടെ ആഗ്രഹങ്ങൾ നീ നിറവേറ്റിക്കൊടുത്താലും. അല്ലാഹുവേ! എനിക്ക് കത്തെഴുതാത്തവരുടെയും കത്തെഴുതണമെന്ന വിചാരം പോലുമുണ്ടാകാത്തവരുടേയും അവർക്കെന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അല്ലെങ്കിൽ അവർക്കെന്തെങ്കിലും ആവശ്യമോ ആഗ്രഹമോ ഉണ്ടെങ്കിൽ അവരുടെ ബുദ്ധിമുട്ടുകളും അകറ്റിയാലും. അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുത്താലും." *(അൽഫള്ൽ ദിനപത്രം റബ്‌വ 1966 ഡിസംബർ 21, പേജ് 5)*

ഇന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു അനുഗൃഹീതനായ മനുഷ്യൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസിന്റെ രൂപത്തിൽ നിലവിലുണ്ട്. കാലത്തിന്റെ ഖലീഫയുടെ സ്നേഹവും വാത്സല്യവും ദുആകളും നമുക്കെങ്ങനെയുള്ള ഒരു ഖജനാവാണെന്നാൽ ഇതിന്റെ ഐശ്വര്യവും പ്രാധാന്യവും വലയം ചെയ്യുക അസംഭാവ്യമാണ്. നമ്മുടെ ശിരസ്സ് ആയുസ്സുമുഴുവൻ ദൈവസന്നിധിയിൽ ഈ അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് കുമ്പിട്ടിരുന്നാലും നമ്മൾ ഒരുപക്ഷേ, തികവാർന്ന നിലയിൽ നന്ദിപ്രടിപ്പിക്കുന്നവരാകുകയില്ല. എന്നാൽ, നമ്മൾ ഈ അനുഗ്രഹത്തിന് നന്ദി തീർച്ചയായും പ്രകടിപ്പിക്കേണ്ടതാണ്. അതിന് പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതിനുളള ഒരു മാർഗം നമ്മൾ കാലത്തിന്റെ ഖലീഫയ്ക്കുവേണ്ടി നിർബന്ധമായും മുടങ്ങാതെ ദുആ ചെയ്തുകൊണ്ടിരിക്കുക എന്നതാണ്. അല്ലാഹുവിനോടു കരഞ്ഞുകരഞ്ഞ് ദുആ ചെയ്യുക:"അല്ലാഹുവേ! നീ ഞങ്ങളുടെ ഖലീഫയെ നിന്റെ സംരക്ഷണയിലും സമാധാനത്തിലും വെച്ചാലും. അദ്ദേഹം ഞങ്ങളുടെ വേദനയിൽ പിടയ്ക്കുന്നതുപോലെയും ഞങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നതുപോലെയും ഞങ്ങളേയും ദുആകളിലൂടെ അദ്ദേഹത്തിന്റെ സഹായിയാക്കിയാലും. ഞങ്ങളെ കാലത്തിന്റെ ഖലീഫയുടെ സുൽത്വാനുന്നസ്വീറാക്കിയാലും. ഖിലാഫത്തുമായി എപ്പോഴും ബന്ധിച്ചു വെച്ചാലും. ആമീൻ.

ഖിലാഫത്തുമായി എങ്ങനെയുള്ള ബന്ധമാണുണ്ടാകേണ്ടത്. ഇതു സംബന്ധമായി ഹദ്റത്ത് ലീഫത്തുൽമസീഹ് അവ്വൽﷺപറയുന്നു:

'എഞ്ചിനോടൊപ്പം ബോഗികൾ ബന്ധപ്പെട്ടിരിക്കുന്നതുപോലെ നിങ്ങൾ നിങ്ങളെ ഇമാമിനോടൊപ്പം ചേർത്തുവെക്കുക. പിന്നീട് എല്ലാ ദിവസവും ഇരുട്ടിൽനിന്ന് പുറത്തുവരുന്നുണ്ടോ എന്ന് നോക്കുക. ഇസ്തിഗ്ഫാർ അധികമായി ചെയ്യുകയും ദുആകളിൽ മുഴുകിയിരിക്കുകയും ചെയ്യുക. 1300 വർഷത്തിനുശേഷം ഇക്കാലം കിട്ടിയിരിക്കുകയാണ്. ഭാവിയിൽ ഇക്കാലം ഖിയാമത്തുന്നാൾവരെ വരികയില്ല. അതിനാൽ ഈ നിഅ്മത്തിന് ശുക്ർ ചെയ്യുക. കാരണം ശുക്ർ ചെയ്യുന്നതുകൊണ്ട് നിഅ്മത്തിൽ വർധനയുണ്ടാകുന്നു." *(ഖുത്വ്ബാത്തെ നൂർ പേജ് 131)*

അല്ലാഹു ജമാഅത്തിന് അഭിവൃദ്ധി നല്കേണ്ടതുണ്ട്. നല്കിക്കൊണ്ടിരിക്കുന്നു. അവൻതന്നെ ജനങ്ങൾക്ക് മാർഗദർശനം നല്കുന്നു. ഖിലാഫത്തുമായി അവരെ ബന്ധിപ്പിക്കുന്നു. ബന്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിനുളള ചില ഉദാഹരണങ്ങളിതാ:

"കാമറൂണിലെ പട്ടണമായ ഗ്വാണ്ടേരയിലെ ഒരു മഹല്ലിൽ 8 കുടുംബങ്ങൾ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. ഈ നവഅഹ്മദികൾ പറയുന്നു: എം.ടി.എ ഞങ്ങളുടെ കുട്ടികളുടെ ജീവിതം മാറ്റിമറിച്ചിരിക്കുന്നു. ദീനിനെ സംബന്ധിച്ച് അവരുടെ അറിവ് വർധിച്ചിരിക്കുന്നു.

അവരിൽ ഒരു യുവാവ് അബ്ദുർറഹ്മാൻ ഒ ലെവൽ പഠിച്ചു കൊണ്ടിരിക്കുകയാണ്. ഇദ്ദേഹം എന്റെ ഖുത്വ്ബകൾ ശ്രദ്ധാപൂർവം കേൾക്കുന്ന നല്ല ആത്മാർഥതയുള്ള വ്യക്തിയാണ്. ഇദ്ദേഹം തന്റെ സ്കൂൾ ടീച്ചറോടു പറഞ്ഞു: "ജുമുഅ ദിവസം എനിക്ക് ഖുത്വ്ബ കേൾക്കാൻ പോകാനുണ്ട്. ഞാൻ സ്കൂൾ ഒഴിവാക്കിയാലും ഖുത്വ്ബ ഒഴിവാക്കാൻ എനിക്ക് കഴിയില്ല.' ഇത് അദ്ദേഹത്തിന്റെ ഈമാനാണ്. അദ്ദേഹത്തിന്റെ പിതാവ് പറഞ്ഞു: 'അവൻ എല്ലാ ജുമുഅക്കും സ്കൂൾ ഒഴിവാക്കി എം.ടി.എയിൽ ഖുത്വ്ബ കേൾക്കാൻ വരുന്നു.' അബ്ദുർറഹ്മാൻ പറയുന്നു: 'ഖുത്വ്ബ കേൾക്കുമ്പോൾ എന്റെ വിശ്വാസവും വിജ്ഞാനവും വർധിക്കുന്നു. ആദ്യം ഞാൻ ചെയ്തിരുന്ന തെറ്റായപ്രവൃത്തിയെല്ലാം ഇപ്പോൾ ഉപേക്ഷിച്ചിരിക്കുന്നു."

ഇവരാണ് വാസ്തവത്തിൽ ഖിലാഫത്തിനോടു പ്രതിബദ്ധത പുലർത്തുമെന്ന പ്രതിജ്ഞ പൂർത്തിയാക്കുന്നവർ. തീർച്ചയായും ഒരു സമയത്ത് ഇവർ പുരോഗതി പ്രാപിച്ച് എല്ലാവരേക്കാളും മുകളിലെത്തുന്നതായിരിക്കും. കാരണം ഇവർ വാഗ്ദാനങ്ങളുടെ സാക്ഷാൽക്കാരമാകാൻ ആഗ്രഹിക്കുന്നവരാണ്.

ബൽജിയം അമീർ സാഹിബെഴുതുന്നു:മുസ്ത്വഫാ സാഹിബ് മൊറോക്കോയിലെ ഒരു സുഹൃത്താണ്. നീണ്ടകാലത്തെ പഠനത്തിനുശേഷം അദ്ദേഹം ബയ്അത്ത് ചെയ്തു. അദ്ദേഹം പറയുന്നു: 'ഞാൻ ചെറുപ്പം മുതൽ നിരവധി പണ്ഡിതന്മാരുടെ സഹവാസത്തിൽ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, കാലത്തിന്റെ ഖലീഫയുടെ ഖുത്വ്ബകൾ വിശുദ്ധ ഖുർആന്റെ തഫ്സീർ മാത്രമല്ല പ്രത്യുത

**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ

**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വിﷺ •**

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

മനുഷ്യനെ അല്ലാഹുവിന്റെ സമീപത്ത് കൊണ്ടുപോകുന്നവയുമാണ്.'

അദ്ദേഹം പറയുന്നു: 'ഈ ഖുത്വ്ബകൾ കേട്ടതിനുശേഷം എനിക്ക് നമസ്കാരത്തിൽ അനുഭൂതി ലഭിച്ചു തുടങ്ങി. അല്ലാഹു എനിക്ക് സത്യസ്വപ്നങ്ങളും കാണിച്ചു തന്നു. അഹ്മദിയ്യത്ത് എന്റെ ജീവിതം മാറ്റിമറിച്ചിരിക്കുന്നു.' അല്ലാഹുവിന്റെ ഔദാര്യങ്ങൾ പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുകയും ചെയ്യുന്നു.

അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്ﷺനാൽ ആരംഭം കുറിച്ച ഖിലാഫത്തിനെ സഹായിക്കുകയും നെഞ്ചകങ്ങൾ തുറക്കുകയും ചെയ്യുന്നത്.

ഗിനി- ബിസോയിലുള്ള മുബല്ലിഗ് പറയുന്നു:....."ഒരു ഗ്രാമത്തിൽ കഴിഞ്ഞവർഷം തബ്ലീഗുമുഖേന ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, ഇവിടെയുള്ള നാലു കുടുംബങ്ങൾ അഹ്മദിയ്യത്ത് സ്വീകരിക്കുന്നത് നിഷേധിച്ചു. നമ്മുടെ ടീം അവിടെ എം.ടി.എ സ്ഥാപിക്കാൻ പോയപ്പോൾ നമ്മുടെ മുഅല്ലിം മുസാലിയോ ജാലൂ സാഹിബ് ഈ കുടുംബങ്ങളെയും മസ്ജിദിലേക്ക് വിളിച്ചിരുന്നു. അവർ വന്ന് നമ്മുടെ ചാനലും നമ്മുടെ ഖലീഫയുടെയും ഇമാം മഹ്ദിﷺയുടേയും ഫോട്ടോകളും കണ്ടു.......നമസ്കാരത്തിനുശേഷം എം.ടി.എ ഓണാക്കിയപ്പോൾ അതിൽ ഖുത്വ്ബ വരുന്നുണ്ടായിരുന്നു. അനഹ്മദി സുഹൃത്തുക്കൾ അതെല്ലാം ശ്രദ്ധാപൂർവം കണ്ടുകൊണ്ടിരുന്നു. മുഅല്ലിം സാഹിബ് അവരോടു പറഞ്ഞു: 'ഖുത്വ്ബ ഇംഗ്ലീഷിലാണ് വരുന്നത്, അതുകൊണ്ട് ഞാൻ അതിന്റെ തർജമ കേൾപ്പിച്ചു തരാം, ഖലീഫ എന്താണ് പറയുന്നതെന്ന് അറിയാൻ നിങ്ങൾക്ക് അവകാശമുണ്ട്.' അപ്പോൾ അദ്ദേഹം പറഞ്ഞു:'എനിക്കൊന്നും മനസ്സിലാകുന്നില്ലെങ്കിലും ഞാൻ അല്ലാഹുവിനെ സത്യം ചെയ്തു പറയുന്നു: 'ഇദ്ദേഹം കളവ് പറയുന്നതല്ല. ഇദ്ദേഹമാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയെങ്കിൽ അഹ്മദിയ്യാ ജമാഅത്തിനും ഒരിക്കലും കളവ് പറയാൻ സാധ്യമല്ല. ഞാനിപ്പോൾ ഈ സമയത്തുതന്നെ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതായി പ്രഖ്യാപിക്കുന്നു.'

നൈജീരിയായിലെ മുബല്ലിഗ് പറയുന്നു: എം.ടി.എ കാണുന്നതിന് നിരവധി സ്ഥലങ്ങളിൽ ഡിഷ് സ്ഥാപിച്ചിട്ടുണ്ട്. ഖുത്വ്ബകളും മറ്റു പരിപാടികളും കാണുകയും ചെയ്യുന്നുണ്ട്. അദ്ദേഹം പറയുന്നു: ഒരാൾ പറഞ്ഞു: എനിക്ക് ജമാഅത്തിനെ പറ്റി ഒരുപാട് ആക്ഷേപങ്ങളുളുണ്ടായിരുന്നു. മനഃസംതൃപ്തി കിട്ടുന്നുണ്ടായിരുന്നില്ല. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ ഖുത്വ്ബ കേട്ടുകഴിഞ്ഞപ്പോൾ സ്വാഭാവികമായിത്തന്നെ എനിക്ക് സംതൃപ്തി ലഭിച്ചിരിക്കുന്നു. എനിക്ക് യഥാർഥ ഇസ്‌ലാം കിട്ടിയിരിക്കുന്നു. എല്ലാ ആക്ഷേപങ്ങളും മാറിക്കഴിഞ്ഞിരിക്കുന്നു. ഞാൻ ജമാഅത്തിൽ ഭാഗഭാക്കാകുകയും ചെയ്തിരിക്കുന്നു."*(ഖുത്വ്ബ ജുമുഅ 2024 മെയ് 24)*

ഇപ്രകാരംതന്നെ ഒരു കുട്ടിയുടെ ഉദാഹരണമുണ്ട്. മെസിഡോണിയായിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: കഴിഞ്ഞദിനങ്ങളിൽ ബോസ്നിയയിൽ പര്യടനം നടത്തുന്നതിന്നിടയിൽ ഒരു സ്നേഹിതനെ പരിചയപ്പെട്ടു. പാക്കിസ്താനീ സുഹൃത്തായിരുന്നു. തബ്ലീഗുപരമായ കാര്യങ്ങൾ സംസാരിച്ചു. കൂടിക്കാഴ്ചകൾ തുടർന്നുകൊണ്ടിരുന്നു. അയാൾ പറഞ്ഞു, കുറച്ചുദിവസംമുമ്പേ ദുബയ് വിമാനത്താവളത്തിൽവെച്ച് ഒരു ഫാമിലിയെ കണ്ടു. അവരുടെ മൂന്നുനാലു വയസ്സുള്ള പെൺകുട്ടി നമ്മളെല്ലാവരും നമസ്കരിക്കേണ്ടതാണെന്നും സത്യം പറയേണ്ടതാണെന്നും പറയുന്നുണ്ടായിരുന്നു. അങ്ങനെ ഈ കുടുംബത്തിന്റെ ബന്ധം അഹ്മദിയ്യ ജമാഅത്തുമായിട്ടാണെന്ന് ഞാനറിഞ്ഞപ്പോൾ ഞാൻ ആ പെൺകുട്ടിയോടു ചോദിച്ചു, നിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമെന്താണ്? അവൾ പറഞ്ഞു:ലണ്ടനിലുള്ള പ്രിയപ്പെട്ട ഹുദൂറിനെ കാണാനാഗ്രഹിക്കുന്നു. അദ്ദേഹം പറയുന്നു, ഇക്കാര്യം എന്നിൽ അഗാധമായ സ്വാധീനമുണ്ടാക്കി. ഇത്ര ചെറിയ പ്രായമാണ്, അവളുടെ ഏറ്റവും വലിയ ആഗ്രഹം ഖലീഫയുമായി കൂടിക്കാഴ്ച നടത്തുകയാണ്.*(ഖുത്വ്ബ ജുമുഅ 2020 മെയ്29)*

ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുന്നതിന് കാലത്തിന്റെ ഖലീഫയുമായി നമ്മൾ സ്വയം ബന്ധിപ്പിക്കേണ്ടതാണ്. അതിനുള്ള സുപ്രധാനമായ മാർഗം മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ആകുന്നു. ഈ സംഭവങ്ങളിൽനിന്ന് അതായത് മുഴുലോകവും എം.ടി.എ മുഖേന എങ്ങനെയാണ് കാലത്തിന്റെ ഖലീഫയുമായി തങ്ങളെ ബന്ധിപ്പിക്കുന്നതെന്ന് പ്രകടമാകുന്നു. എപ്രകാരമാണ് ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് അനുഗൃഹീതരായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ജമാഅത്തിലുള്ളവർ തങ്ങളുടെ വീടുകളിൽ എം.ടി.എ സ്ഥാപിക്കുക. തൽസമയ ഖുത്വ്ബകൾ മുടങ്ങാതെ കേൾക്കുക. വീട്ടുകാരേയും കേൾപ്പിക്കുക. ഹുദൂറിന്റെ പരിപാടിയായ 'ഈ ആഴ്ച ഹുദൂറിനോടൊപ്പം' സ്വയം കാണുകയും കുട്ടികളോടു കാണാൻ ഉപദേശിക്കുകയും ചെയ്യുക. കാലത്തിന്റെ ഖലീഫയ്ക്ക് മുടങ്ങാതെ ദുആയ്ക്കുവേണ്ടി എഴുതുക. ഹുദൂറിന്റെ ആരോഗ്യത്തിനും സമാധാനത്തിനുംവേണ്ടി എല്ലാ നമസ്കാരത്തിലും ദുആ ചെയ്യുക. നിളാമെ ഖിലാഫത്തിന്റെ സംരക്ഷണവും അതിന്റെ കെട്ടുറപ്പും തേടുന്നത് നമ്മൾ നമ്മുടെ വീടുകളിൽ ജമാഅത്ത് വ്യവസ്ഥിതിയുടെ പരിശുദ്ധി സ്ഥാപിക്കുക എന്നതാണ്. എന്നിട്ട് നോക്കുക! എങ്ങനെയാണ് നിങ്ങളുടെ വീടുകളിൽ നന്മനിറഞ്ഞതും പരിശുദ്ധവുമായ മാറ്റം ഉണ്ടാകുന്നതെന്ന്. എപ്രകാരമാണ് ബർക്കത്തുകളുടെ ഇറക്കമുണ്ടാകുന്നതെന്ന്.

ഖിലാഫത്ത് വ്യവസ്ഥിതിയുടെ സംരക്ഷണത്തിനും കെട്ടുറപ്പിനും വേണ്ടി അവസാന ശ്വാസംവരെ പരിശ്രമിച്ചുകൊണ്ടിരിക്കുമെന്നും നമ്മൾ ഏറ്റുപറയുകയാണ്. ഖിയാമത്തുന്നാൾവരെ ഖിലാഫത്ത് സുരക്ഷിതമായിരിക്കുന്നതിന് ഞങ്ങളുടെ മക്കളേയും മക്കളുടെ മക്കളേയും ഖിലാഫത്തുമായി ഒട്ടിനിൽക്കുന്നതിനും അതിന്റെ അനുഗ്രഹങ്ങളിൽ നിന്ന് ഫലമെടുക്കുന്നതിനും ഉപദേശിച്ചുകൊണ്ടിരിക്കുന്നതായിരിക്കും.

എല്ലാ അഹ്മദി പുരുഷന്മാരും സ്ത്രീകളും അവർ ചെയ്ത പ്രതിജ്ഞ നിറവേറ്റുന്നവരകട്ടെ. ഖിലാഫത്തിനോടുള്ള കൂറിലും സ്നേഹത്തിലും ഉന്നത നിലവാരം സ്ഥാപിക്കുന്നവരാകട്ടെ. അല്ലാഹു നമ്മെ എപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെടുത്തി വെക്കുമാറാകട്ടെ. ആമീൻ ഥുമ്മ ആമീൻ

പേജ് 24 ൽ നിന്ന്

മനുഷ്യനല്ല. അവനെ ഭയപ്പെടാത്തവൻ മരിച്ചവനാണ്;ജീവനുള്ളവനല്ല." *(ഹഖീഖത്തുൽ വഹി, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 269)*

**മരണത്തിന്റെ വഴിയിൽ**
**കിട്ടുന്നതായിരിക്കും**
**ഇപ്പോൾ മതത്തിന് കുറച്ചു സഹായം**

**ഇല്ലെങ്കിൽ ദീൻ അല്ലയോ**
**പ്രിയപ്പെട്ടവരേ!**
**ഒരു ദിവസം മരിച്ചു**
**പോകുന്നതായിരിക്കും**

ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റേയും ശ്രേഷ്ഠരായ ഖലീഫമാരുടേയും പ്രവചനങ്ങളിൽനിന്ന് നമുക്ക് ഈ യാഥാർഥ്യത്തെ സംബന്ധിച്ചും വിവരം കിട്ടുന്നുണ്ട്. അതായത് മൂന്നാംലോക മഹാനാശത്തിന്റെ ഒടുക്കം ഇസ്‌ലാമിന്റെ ആഗോളവിജയത്തിന്റേയും അധികാരത്തിന്റേയും ആരംഭമായിരിക്കും. അതിനുശേഷം അതിദ്രുതം ഇസ്‌ലാം മുഴുലോകത്തും വ്യാപിക്കാൻ തുടങ്ങും. വൻതോതിൽ ജനങ്ങൾ ഇസ്‌ലാം സ്വീകരിക്കുന്നതായിരിക്കും. ഇസ്‌ലാം മാത്രമാണ് സത്യമതമെന്നും മനുഷ്യന് മോക്ഷം മുഹമ്മദു റസൂലുല്ലായുടെ സന്ദേശം മുഖേന മാത്രമെ കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂവെന്നും അവർ അറിയുന്നതായിരിക്കും.

അതിനാൽ നാശങ്ങളാലും പ്രയാസങ്ങളാലും കാലം മനുഷ്യനെ പിടിമുറുക്കിയിരിക്കുന്ന കാലത്ത് ഒരു സത്യവിശ്വാസിക്ക് ആദ്യത്തെക്കാൾ കൂടുതൽ അല്ലാഹുവിലേക്ക് മടങ്ങേണ്ടതിന്റെ ആവശ്യമുണ്ട്. അല്ലാഹുവിലേക്കുള്ള വഴി കാണിക്കുന്നതിന് അല്ലാഹുതന്നെ തന്റെ ദൂതന്മാരെ അയച്ചു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

**വഅ്തസ്വിമൂ ബിഹബ്ലില്ലാഹി ജമീഅൻ വ്വലാ തഫർറഖൂ വദ്ക്കുറൂ നിഅ്മത്തല്ലാഹി അലയ്ക്കും ഇദ് കുൻതും അഅ്ദാഅൻ ഫഅല്ലഫ ബയ്ന ഖുലൂബിക്കും ഫഅസ്വ്ബഹ്ത്തും ബിനിഅ്മത്തിഹീ ഇഖ്വാനൻ വ കുൻതും അലാ ശഫാ ഹുഫ്റത്തിൻ മ്മിനന്നാരി ഫ അൻഖദക്കുമ്മിൻഹാ കദാലിക്ക യുബയ്യിനുല്ലാഹു ലക്കും ആയാത്തിഹീ ലഅല്ലക്കും തഹ്ത്തദൂൻ**

നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങളൊരു അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കൽപനകൾ നിങ്ങൾക്കു വിവരിച്ചുതരുന്നു. നിങ്ങൾ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി.(3:104)

ഇന്ന് അല്ലാഹുവിന്റെ ഖലീഫ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസിന്റെ രൂപത്തിൽ വിവിധ രീതികളിലൂടെ, വിവിധ വാക്കുകളിൽ വിവിധ കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് നമുക്കു വഴികാട്ടിത്തന്നുകൊണ്ടിരിക്കുന്നു. ഈ മാർഗ

ദർശനം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അധ്യാപനങ്ങളടങ്ങിയതാണ്. നമ്മെ എല്ലാ തരത്തിലുള്ള ആപത്തുകളിൽനിന്ന് രക്ഷിക്കുന്നതിനും നമ്മുടെ ജിവിതത്തിനുള്ള സാധനങ്ങളൊരുക്കുന്നതിനും എങ്ങനെയുള്ള മാർഗമാണെന്നാൽ അത് എന്നെന്നും നിലനില്ക്കുന്നതാണ്. നമ്മൾ അതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഉത്തമമായ ഫലങ്ങളുണ്ടാകുന്നതായിരിക്കും.

അതുകൊണ്ട് മനുഷ്യന് മൂന്നാംലോക മഹായുദ്ധത്തിന്റെ കെടുതികളിൽനിന്ന് രക്ഷപ്പെടുന്നതിന് അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അല്ലാഹുവിനെ സഹായിയും സംരക്ഷകനുമാക്കുകയല്ലാതെ മറ്റൊരു മാർഗവുമില്ല.

കഴിഞ്ഞ രണ്ടു ദശകങ്ങളായി സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് മൂന്നാം ലോക മഹായുദ്ധത്തിന്റെ അപടങ്ങളെക്കുറിച്ച് മുന്നറിയിപ്പു നല്കിക്കൊണ്ടിരിക്കുന്നു. ഈ ആഗോള യുദ്ധത്തിന്റെ കെടുതിയുടെ ഭയാനകമായ ദൂഷ്യഫലങ്ങളിൽനിന്ന് തങ്ങളേയും സ്വന്തം തലമുറയേയും സുരക്ഷിതമാക്കുന്നതിന് ജമാഅത്തംഗങ്ങൾ ദുആകൾ ചെയ്യുന്നതിനോടൊപ്പം തങ്ങളിൽ മാറ്റമുണ്ടാക്കുന്നതിലേക്കും ശിക്ഷണകാര്യങ്ങളിലേക്കും പ്രത്യേകം ശ്രദ്ധിക്കണമെന്നും പറഞ്ഞുകൊണ്ടിരിക്കുന്നു.

സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലാഹ് 2016 ഒക്ടോബർ 7-ന് ചെയ്ത ജുമുഅ ഖുത്വ്ബയിൽ പറയുന്നു:

ലോകത്തിന്റെ ഇന്നത്തെ അവസ്ഥയും, അതിന്റെ പര്യവസാനം എന്തായിരിക്കുമെന്ന ചിന്ത ഉണ്ടാക്കുന്നതാണ്. കഴിഞ്ഞ ദിവസം ഒരു സാഹിബ് പറഞ്ഞു:ലോകം അതിദ്രുതം നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. അപ്പോൾ നമുക്കെന്തായിരിക്കുമുണ്ടാകുക. ഇതിനുള്ള മറുപടി ഹദ്റത്ത് മസീഹ് മൗഊദ്ﷺതന്റെ ഒരു കവിതയിൽ നല്കിയിരിക്കുന്നു. ഇവിടേയും വിവരിച്ചെഴുതിയിരിക്കുന്നു:

**ആഗ് ഹെ പർ ആഗ് സെ വൊ സബ് ബച്ചായെ ജായേംങ്കേ**

**ജോ രഖ്ത്തെഹൈ ഖുദായെ ദുൽ അജാഇബ് സെ പിയാർ**

തീയാണ്, എന്നാൽ തീയിൽനിന്ന് വിസ്മയങ്ങളുടെ കേദാരമായ അല്ലാഹുവിനെ സ്നേഹിക്കുന്നവൻ രക്ഷിക്കപ്പെടുന്നതായിരിക്കും.(ദുർരെ ഥമീൻ ഉർദു പേജ് 254)

അതുകൊണ്ട് നമ്മൾ അല്ലാഹുവുമായുള്ള ബന്ധം ശക്തിപ്പെടുത്തുക. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനോടൊപ്പം മനുഷ്യരോടുള്ള കടമ നിറവേറ്റുന്നവരുമാകുക. അല്ലാഹു പറഞ്ഞു തന്നിട്ടുള്ള നിയമപരമായ നന്മകൾ കരസ്ഥമാക്കാൻ ശ്രമിക്കുക. വിശുദ്ധ ഖുർആനിൽ അല്ലാഹു നമ്മളോടു വ്യക്തമായും പറഞ്ഞിട്ടുള്ള അവന്റെ പക്കൽ തിന്മകളായിട്ടുള്ള തിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുക. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദിﷺൽ വിശ്വസിച്ചതിനുശേഷം വിശ്വാസപരമായും കർമപരമായ അടിസ്ഥാനത്തിലും ശക്തരിൽ ശക്തരായിക്കൊണ്ടു മുന്നോട്ടുപോകാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യങ്ങളാണ് നമ്മുടെ മോക്ഷത്തിനുള്ള നിമിത്തങ്ങൾ. ഇക്കാര്യങ്ങളാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ടതും.....അതുകൊണ്ട് നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്ﷺപറഞ്ഞ കാര്യങ്ങൾ മുന്നിൽവെച്ചുകൊണ്ട് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കൽപനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. എപ്പോഴും ഇത് വിലയിരുത്തിക്കൊണ്ടിരിക്കേണ്ടതാണ്.

മസ്ജിദ് ഫള്ൽ ലണ്ടന് നൂറുവർഷം തികഞ്ഞപ്പോൾ സംഘടിപ്പിച്ച പരിപാടിയുടെ അവസരത്തിൽ ഹുദൂർ അയ്യദഹുല്ലാഹ് യുദ്ധക്കെടുതികളിൽനിന്ന് രക്ഷപ്പെടുന്നതിന് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിലേക്കും മനുഷ്യരോടുള്ള കടമനിറവേറ്റുന്നതിലേക്കും പ്രത്യേകം ശ്രദ്ധ ക്ഷണിച്ചിരുന്നു. ഹുദൂർ പറയുന്നു:

"തീർച്ചയായും നമ്മൾ ഒരു കോലാഹലം നിറഞ്ഞ കാലത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ലോകത്ത് വെറുപ്പിന്റെ അഗ്നി വ്യാപിച്ചിരിക്കുന്നത്. ഇത്തരം സന്ദർഭത്തിൽ നമുക്ക് നമ്മുടെ കർമങ്ങളിലേക്കും പെരുമാറ്റത്തിലേക്കും നോക്കേണ്ട ആവശ്യമുണ്ട്. ഏകദൈവത്തിന്റെ സൃഷ്ടികളായതുകൊണ്ട് നമ്മളെല്ലാവരും പരസ്പരം സ്നേഹവും ഇഷ്ടവും വളർത്തുക. പരസ്പരമുള്ള ആദരവിന്റെ ബന്ധവും ശക്തിപ്പെടുത്തണം. ലോകത്തെ ഇതുമുഖേനയാണ് നമുക്ക് അനശ്വരമായ സമാധാനത്തിന്റെ പാതയിലേക്ക് കൊണ്ടുവരാൻ കഴിയുക. ഇതുമുഖാന്തരം മനുഷ്യത്വം നമ്മുടെ സ്രഷ്ടാവിന്റെ പാദങ്ങളിൽ കൊണ്ടുവരാൻ കഴിയും. ഒരു മുസൽമാൻ എന്ന നിലയിൽ ഈ ജീവിതം ഒരു താൽക്കാലിക ജീവിതമാണെന്നത് നമ്മുടെ വിശ്വാസമാണ്. ഇതിനുശേഷം പരലോകജീവിതമാണ് ശരിയായതും യഥാർഥവുമായിട്ടുള്ളത്. അവിടെ നമുക്ക് നമ്മുടെ മുഴുവൻ ജീവിതത്തിന്റേയും കണക്കുകൾ ബോധിപ്പിക്കേണ്ടിവരും. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മൾ നമ്മുടെ നാളേക്കുവേണ്ടി എന്താണ് അയച്ചുകൊണ്ടിരിക്കുന്നത്? എന്ന് നമുക്ക് നോക്കേണ്ടിവരും. ലോകം ഏതൊരു വേഗത്തിലാണോ അതിന്റെ നാശത്തിലേക്ക് പോകുന്നത് അതിനെ തടയുന്നതിനുവേണ്ടി നമ്മൾ പൂർണപരിശ്രമം നടത്തേണ്ടതാണ്. അതിദ്രുതം നാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന ഈ വഴി നമ്മൾ കൃത്യസമയത്ത് തടയുന്നില്ലെങ്കിൽ ലോകത്തിലെ വരും തലമുറകൾ അതിന്റെ നഷ്ടം സഹിക്കുന്നതായിരിക്കും. അതിന്റെ ഭയാനകമായ ഫലങ്ങളാൽ ലോകത്ത് എങ്ങനെയുള്ള നാശമായിരിക്കുമുണ്ടാകുന്നതെന്നാൽ ഭാവിയിൽ ജനിക്കുന്ന തലമുറ അംഗഹീനരും ഒന്നിനും കഴിവില്ലാത്തവരുമായിരിക്കും. അതുകൊണ്ട് നമ്മളിന്ന് വരുംതലമുറയ്ക്കുവേണ്ടി എങ്ങനെയുള്ള ഭൂമിയ്ക്കും ലോകത്തിനുമുള്ള അടിത്തറയാണിടുന്നതെന്ന് നോക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ സൃഷ്ടികളോടുള്ള സ്നേഹവും എല്ലാ മനുഷ്യരുടേയും മനസ്സിൽ ഉണ്ടാകുന്നതിന് അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. തീർച്ചയായും ഈ ഉദ്ദേശ്യത്തിനാണ് മസ്ജിദ് ഫള്ൽ നിർമിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മൾ നൂറുവർഷത്തിനുശേഷവും ഉദ്ദേശ്യനിവർത്തിക്കുവേണ്ടിയാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് ഇന്ന് ഈ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. നമ്മൾ നമ്മുടെ വിശ്വാസങ്ങൾക്കും മാർഗത്തിനുമതീതരായി ഈ ജനസമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നമ്മൾ ഈ സുപ്രധാനം ഉദ്ദേശ്യം കരസ്ഥമാക്കുന്നവരാകട്ടെ.(അൽഫള്ൽ 2024 നവംബർ 8)

**കിയോം ന ആവേ സൽസലെ തഖ്വാ കി രഹ് ഗും ഹോഗയി**

**ഇക് മുസൽമാൻ ഭി മുസൽമാൻ സ്വിർഫ് കഹ്ലാനെ കൊ ഹെ**

യുദ്ധക്കെടുതികളിൽനിന്ന് രക്ഷപ്പെടുന്നതിന് നമുക്ക് നമ്മുടെ തഖ്വായുടെ നിലവാരം ഉയർത്തേണ്ടിവരും. ഇതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സയ്യിദുനാ ഹുദൂർഅൻവർ അയ്യദഹുല്ലാഹ് 2024 മാർച്ച് 15-ന് ചെയ്ത ജുമുഅ ഖുത്വ്ബയിൽ പറയുന്നു:

അല്ലാഹു യുദ്ധത്തിൽനിന്നും അതിന്റെ കെടുതികളിൽനിന്നും രക്ഷിക്കുമാറാകട്ടെ. യുദ്ധമുണ്ടായാൽ അഹ്മദികളും അതിൽനിന്ന് മുക്തരല്ലെന്നത് വ്യക്തമാണ്. അല്ലാഹു അവരെ അതിൽനിന്ന് സുരക്ഷിതമാക്കി വെക്കുമാറാകട്ടെ. ഇതിൽനിന്ന് രക്ഷപ്പെടുന്നതിന് എല്ലാ അഹ്മദികളും തങ്ങളുടെ തഖ്വായുടെ നിലവാരം ഉയർത്തേണ്ടതായി വരും. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്ﷺ പറഞ്ഞത്. അല്ലാഹു എല്ലാവർക്കും ഇതിനും തൗഫീഖ് നല്കുമാറാകട്ടെ."

അഹ്മദികളുടെ ആത്മവിശ്വാസം എത്രമാത്രം ഉന്നതമാകണമെന്നാൽ ഈ ആഗോളയുദ്ധത്തിന്റെ അതായത് ഈ ആഗോളയുദ്ധത്തിന്റെ കെടുതികളിൽ നിന്ന് സുരക്ഷിതരായിരിക്കുന്നതിന് തങ്ങളേയും തങ്ങളുടെ ബന്ധപ്പെട്ടവരേയും കുറിച്ചുമാത്രം ചിന്തിച്ചാൽ പോര പ്രത്യുത മനുഷ്യകുലത്തിനുവേണ്ടി കഠിനാധ്വാനം ചെയ്യുക എന്നത് ജമാഅത്തംഗങ്ങളുടെ ആഗോള ഉത്തരവാദിത്വമാണ്. ഇതുസംബന്ധമായി ഹുദൂർ പറയുന്നു:

ഹുദൂർ അൻവർ 2022-ന് ചെയ്ത ഈദുൽഫിത്വ്ർ ഖുത്വ്ബയിൽ പറയുന്നു:"ലോകം ഈയിടെയായി നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ലോകത്തെ രക്ഷിക്കുകയെന്നതും നമ്മുടെ ചുമതലയാണ്. ഇതിങ്ങനെയാകാൻ കാരണം ലോകത്ത് മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നതിൽ തീരെ ശ്രദ്ധില്ലാതായിരിക്കുന്നു എന്നതാണ്. ലോകത്ത് പരസ്പരം മനുഷ്യരോടുള്ള കടമകൾ നിറവേറ്റപ്പെട്ടിരുന്നെങ്കിൽ നമ്മൾ ഇറാഖിലും ശാമിലും അഫ്ഘാനിസ്താനിലും നാശം കാണുമായിരുന്നില്ല. അണുവായുധങ്ങൾ ഉപോയോഗിക്കപ്പെടുകയില്ലെന്നതും ശുഭപ്രതീക്ഷയാണ്. പക്ഷേ, സംസാരം നടന്നുകൊണ്ടിരിക്കുകയാണ്. അതിന് ജാമ്യം നല്കാനൊന്നും പറ്റുകയില്ല. ഏതവസ്ഥയിലും അതിന്റെ അവസാനം അങ്ങേയറ്റം ഭയാനകമാകാം. ഇപ്പോൾ മനുഷ്യരോടുള്ള കടമകൾ നിർവഹിക്കാൻ ജനങ്ങളെ ഉത്ബോധിപ്പിക്കേണ്ടത് അഹ്മദികളുടെ ചുമതലയാണ്. സോഷ്യൽമീഡിയായിൽ വ്യർഥമായ കാര്യങ്ങൾ പറഞ്ഞ് സമയം പാഴാക്കുന്നതിനുപകരം ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുകയും ചെയ്യുക; അതായത് അല്ലാഹുവിന്റെ കൽപനകൾ നിറവേറ്റിയെങ്കിൽമാത്രമെ ലോകത്ത് സമാധാനം സ്ഥിപിക്കപ്പെടുകയുള്ളു. അങ്ങനെ തബ്ലീഗിനുള്ള പുതിയ വഴികളും തുറക്കപ്പെടുന്നതായിരിക്കും.*(ഖുത്വ്ബ ഈദുൽഫിത്വ്ർ 2022*

*മെയ് 2, അൽഫള്ൽ ഇന്റർനാഷണല് 2022 മെയ് 6 പേജ് 16)*

സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലാഹുത്തആല ബി നസ്വ്രിഹിൽ അസീസ് അഹ്മദി ഡോക്ടേഴ്സ് അസോസിയേഷനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു:നമ്മൾ ഏതൊരു കോലാഹലങ്ങൾ നിറഞ്ഞ കാലഘട്ടത്തിലാണോ ജീവിക്കുന്നത്, യുദ്ധത്തിന്റെ കാർമേഘങ്ങൾ നിരന്തരം നമ്മുടെ തലയ്ക്കുമീതെ കറങ്ങിക്കൊണ്ടിരിക്കുകയാണ്. വിവധ രാജ്യങ്ങൾക്കിടയിൽ കലഹങ്ങൾ എങ്ങനെ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നുവെന്നാൽ ബാഹ്യമായി നോക്കുമ്പോൾ മഹായുദ്ധത്തിന്റെ അഗ്നി വാപൊളിച്ചു നില്ക്കുന്നതായി കാണുന്നു. അല്ലാഹു ഇതിൽനിന്ന് എല്ലാവരേയും കാത്തുരക്ഷിക്കുമാറാകട്ടെ. ഈ യുദ്ധത്തിൽനിന്ന് രക്ഷപ്പെടുന്നതിന് ദുആ ചെയ്യുന്നതിനോടൊപ്പം കൺമുന്നിൽ നിൽക്കുന്ന നാശത്തിൽനിന്ന് മനുഷ്യകുലത്തെ രക്ഷിക്കുന്നതിനുള്ള കാര്യങ്ങളും നമ്മൾ ചെയ്യേണ്ടതാണ്. ഇതുസംബന്ധമായി ഞാൻ അമേരിക്കയിലുള്ള അസോസിയേഷനുകളോടും മറ്റുരാജ്യങ്ങളിലുള്ള എല്ലാ അസോസിയേഷനുകളോടും പറയാനാഗ്രഹിക്കുന്നു, അതിവേഗം ഫലപ്രദവും എല്ലാമടങ്ങിയതും എല്ലാതരം അസാധാരണമായ അവസ്ഥകളിൽനിന്നും യുദ്ധത്തെ തടയാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. *(അൽ ഫള്ൽ 20254 നവംബർ 21)*

സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലാഹ് 2024 മെയ് 3-ന് ചെയ്ത ഖുത്വ്ബയിൽ ആഗോള യുദ്ധത്തിന്റെ കെടുതികളിൽനിന്ന് രക്ഷപ്പെടുന്നതിന് അഹങ്കാരത്തിൽനിന്ന് പിന്മാറുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു:

"എന്തായാലും ഈ അവസ്ഥകൾ അഹങ്കാരികളുടെ അഹങ്കാരം തകർക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതാണ്. ഇപ്പോൾ അല്ലാഹുവും അവരുടെ അഹങ്കാരം തകർക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നുവെന്ന് മനസ്സിലാകുന്നു. ഈ ജോലി എപ്പോൾ പൂർത്തിയാകുമെന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. പക്ഷേ, എന്തായാലും അവരുടെ അഹങ്കാരം ഇപ്പോൾ പൊട്ടിത്തകരാൻ തുടങ്ങിയിരിക്കുന്നു..........അല്ലാഹു ലോകത്തിലെ വൻശക്തികൾക്ക് ബുദ്ധിനല്കുകയും അവർ നീതിപൂർവം പ്രവർത്തിക്കുകയും ചെയ്യുമാറാകട്ടെ.

ഇന്ന് ലോകം മൂന്നാം ലോകമഹായുദ്ധത്തിന്റെ മുമ്പിൽ നിൽക്കുകയാണ്. ഇതിന്റെ ഏറ്റവും വലിയ കാരണം നീതിയുടേയും നിയമത്തിന്റേയും അഭാവമാണ്. സയ്യിദുനാ ഹുദൂർ വലിയ വലിയ കേന്ദ്രങ്ങളിൽപ്പോയി ഇക്കാര്യത്തിലേക്ക് അവരുടെ ശ്രദ്ധക്ഷണിക്കുന്നു. പറയുന്നു: ലോകത്തിന്റെ തേട്ടം പൂർത്തിയാകാത്തിടത്തോളം ലോകത്ത് സമാധാനത്തിന്റെ സ്ഥാപനം സംഭാവ്യമല്ല. ഈ ഉപദേശം മറ്റുള്ളവർക്കുവേണ്ടിമാത്രമല്ല പ്രത്യുത ഇതിന്റെ ഒന്നാമത്തെ സംബോധിതർ ജമാഅത്തംഗങ്ങളാണ്. ജമാഅത്തംഗങ്ങളും എല്ലാ തലത്തിലും നീതിന്യായം സ്ഥാപിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തങ്ങളുടെ ഭൗതിമായ കാര്യങ്ങളിലും മതപരമായ കാര്യങ്ങളിലും നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കുക. അപ്പോഴായിരിക്കും ലോകത്ത് സമാധാനം സ്ഥാപിതമാകുക. ഈ നീതിയും ന്യായവും നമ്മുടെ വാക്കിന്റേയും പ്രവൃത്തിയുടേയും വേരാകുമ്പോഴാണ് നമ്മൾ ഈ യുദ്ധക്കെടുതികളിൽനിന്ന് സുരക്ഷിതരാക്കപ്പെടുന്നത്.

ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ആഗോളയുദ്ധത്തിന്റെ ബാഹ്യമായ ദുഷ്ഫലങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുന്നതിനും ആണവയുദ്ധത്തിൽനിന്ന് രക്ഷപ്പെടുന്നതിനും ഹോമിയോ മരുന്നുകളും പറഞ്ഞുതന്നിട്ടുണ്ട്. ഹുദൂർ പ്രതിരോധമരുന്നെന്ന നിലയിൽ രമ്യരശീശെി ഉം ഞമറശൗാ ആ്യീ ഉം ഒരു പ്രത്യേക മാത്രയിൽ ഉപയോഗിക്കാൻ നിർദേശിച്ചു. അതിനോടൊപ്പം പറഞ്ഞു:ദുആയും ചെയ്യുക. അല്ലാഹു പ്രത്യേകക്കാരും പൊതുജനങ്ങളുമായിട്ടുള്ള എല്ലാവരേയും സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ ആമീൻ.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ 2024 നവംബർ 22-ന് ചെയ്ത ഖുത്വ്ബയിൽ യുദ്ധത്തിന്റെ തീവ്രതയെ കുറിച്ച് മുന്നറിയിപ്പു നല്കിക്കൊണ്ടു പറഞ്ഞു:

ഇനി ഞാൻ മറ്റൊരു കാര്യം കൂടി പറയാനാഗ്രഹിക്കുകയാണ്. എല്ലാവർക്കും അറിയുന്നതുപോലെ യൂറോപ്പിലും അവസ്ഥകൾ വളരെ ത്വരിതഗതിയിൽ യുദ്ധത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഉക്രൈനും റഷ്യയും തമ്മിലുള്ള യുദ്ധം വ്യാപിച്ചേക്കുമോ എന്ന ആശങ്കയുണ്ട്. യൂറോപ്പിലെ മറ്റു രാജ്യങ്ങൾക്ക് ഭീഷണിയും വന്നുകൊണ്ടിരിക്കുന്നു. കർമനിരതരായ ഭൂരിപക്ഷമാളുകളും സമാധാനം കാംക്ഷിക്കുന്ന ലീഡർമാരും ഇതേക്കുറിച്ചു അസ്വസ്ഥരാണ്. ഏതായാലും ദുആ ചെയ്യുക. അല്ലാഹു അഹ്മദികളേയും അനഹ്മദികളായ, സമാധാനം ഇഷ്ടപെടുന്ന ആളുകളേയും യുദ്ധത്തിന്റെ ദുഷ്പ്രഭാവങ്ങളിൽനിന്ന് സംരക്ഷിക്കുമാറാകട്ടെ. ഭാവിയിൽ വരാനിരിക്കുന്ന തലമുറകളെ ബാധിക്കുന്ന തരത്തിലുള്ള ഒരു ആയുധവും ഉപയോഗിക്കാതിരിക്കാൻ ഏതായാലും അല്ലാഹുവിന്റെ സവിധത്തിൽ ദുആ ചെയ്തുകൊണ്ടിരിക്കുക.

മുസ്ലിം രാജ്യങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്കും ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. അല്ലാഹു അവർക്കും സത്യം തിരിച്ചറിയാനും അല്ലാഹുവിനോടുള്ള കടമകൾ തിരിച്ചറിയാനും തൗഫീഖ് നൽകുമാറാകട്ടെ.

മറ്റൊരു കാര്യത്തിലേക്കു കൂടി ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. വളരെ ത്വരിതഗതിയിൽ മോശമായിക്കൊണ്ടിരിക്കുന്ന അവസ്ഥകളാണുള്ളത്. ഈ അവസ്ഥകൾ കാരണം നേരത്തെതന്നെ ജനങ്ങൾക്കിടയിൽ ശ്രദ്ധയുണ്ട്. പക്ഷേ, ഞാൻ വീണ്ടും ഓർമിപ്പിക്കുകയാണ്. വീണ്ടും ഓർമപ്പെടുത്താനാഗ്രഹിക്കുകയാണ്. വീടുകളിൽ രണ്ടു മൂന്ന് മാസത്തേക്കുള്ള ഭക്ഷണസാധനങ്ങൾ കരുതിവെക്കുക. പക്ഷേ, ഏറ്റവും പ്രധാനപ്പെട്ട കരുതൽവിഭവം അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് ശ്രമിക്കുക എന്നതാകുന്നു. അവന്റെ തൃപ്തി കരസ്ഥമാകുന്നതിന് പരിശ്രമമുണ്ടാവുകയാണെങ്കിൽ അവനുമായുള്ള ബന്ധം ഉണ്ടാക്കാനും ശ്രമമുണ്ടാകുന്നതാണ്. അതിൽ മുന്നേറുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുക. അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ

ലോകം അഗ്നികുണ്ഡത്തിന്റെ വക്കിൽ നിൽക്കുമ്പോൾ ഹദൂർ നമ്മെ അതിന്റെ ദൂഷ്യഫലങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുന്നതിന് നമ്മുടെ കർമപരമായ മാർഗങ്ങൾ മുഖേന ഇസ്ലാമിക പ്രബോധനത്തിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ്. ആഗോള യുദ്ധത്തിനുശേഷം ഒരു സ്വർഗസമാനമായ സമൂഹത്തിന്റെ സ്ഥാപനമുണ്ടാകുന്നതാണ്. അതിന്റെ സൂക്ഷിപ്പുകാർ ജമാഅത്തംഗങ്ങളായിരിക്കണം.ഹുദൂർ പറയുന്നു:

ഇപ്പോൾ ഇസ്ലാമിനെതിരെയും മുസ്ലിങ്ങൾക്കെതിരെയും ഒരുപാട് കാര്യങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്നു. എന്നാൽ, ഇവിടെയുള്ള അന്തരീക്ഷത്തിൽ സ്നേഹവും സാഹോദര്യവും കാണുമ്പോൾ, നമ്മുടെ ഉന്നത ധാർമികാവസ്ഥ കാണുമ്പോൾ, നമ്മുടെ അല്ലാഹുവുമായുള്ള ബന്ധം കാണുമ്പോൾ മുസ്ലിമീങ്ങൾ തെറ്റായ കാര്യങ്ങൾ ചെയ്യുന്നവരാണെന്നും മോശമായ അധ്യാപനമുള്ളവരാണെന്നുമുള്ള സംശയങ്ങളും സന്ദേഹങ്ങളും ഒരുപാട് ആളുകളുടെ മനസ്സുകളിൽനിന്ന് അകറ്റപ്പെടുന്നതാണ്. അതിനാൽ ഈ ദിവസങ്ങളിൽ തങ്ങളുടെ വാക്കുകളും പ്രവൃത്തികളും മുഖേന ഈ അന്തരീക്ഷത്തെ സമാധാനപൂർണമാക്കുക. എപ്പോഴും തങ്ങളുടെ ജീവിതങ്ങളിൽ അതിനെ പ്രാവർത്തികമാക്കുക. അതുമുഖേന ലോകത്ത് ഒരു പ്രത്യേക പ്രഭാവം സ്ഥാപിക്കുക. അതായത് ഇവർതന്നെയാണ് യഥാർഥ ഇസ്ലാമിന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നവരെന്നും ഇസ്ലാമിന്റെ യഥാർഥ അധ്യാപനം ലോകത്ത് യഥാർഥ സമാധാനവും ശാന്തിയുമുണ്ടാക്കാൻ പര്യാപ്തമാണെന്നും ജനങ്ങൾ പറയുമാറാകണം. അതിനാൽ ഈ നിശബ്ദ തബ്ലീഗും ഒരുവിധ ലിറ്ററേച്ചറും കൂടാതെ ഒരു തെളിവും സമർപ്പിക്കാതെ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മൾ നമ്മുടെ ജീവിതത്തിൽ യഥാർഥ ഇസ്ലാമികാധ്യാപനങ്ങളുടെ മാതൃക ഉണ്ടാക്കുകയാണെങ്കിൽ നമുക്ക് നമ്മുടെ ബയ്അത്തിന്റെ പ്രതിജ്ഞ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. നമ്മൾ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നവരാകുകയും പൊള്ളയായ മുദ്രാവാക്യങ്ങളിൽമാത്രം പ്രതീക്ഷയർപ്പിക്കാതിരിക്കുകയും ചെയ്യുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചെയ്തിട്ടുള്ള ബയ്അത്തിന്റെ പ്രതിജ്ഞ നമുക്ക് പ്രയോജനപ്പെടുന്നതായിരിക്കും."(ഖുത്വ്ബ ജുമുഅ 2024 ഓഗസ്റ്റ് 23)

ഹുദൂർ വീണ്ടും പറയുന്നു:നബിﷺ തിരുമേനി പറയുന്നു:താനിഷ്ടപ്പെടുന്നത് മറ്റുള്ളവക്കുവേണ്ടിയും ഇഷ്ടപ്പെടുക. ഈ അധ്യാപനം അനുസരിച്ച് ഓരോ അഹ്മദിയുടെയും നിർബന്ധ കടമ തബ്ലീഗ്, ഇസ്ലാമിന്റെ സ്നേഹത്തിലധിഷ്ഠിതമായ സന്ദേശം, രഞ്ജിപ്പിന്റേയും സഹവർത്തിത്വത്തിന്റേയും സന്ദേശം ലോകത്തിന് പറഞ്ഞുകൊടുക്കുക. അതാണ് മനുഷ്യന്റെ ഭാവിക്കുള്ള ജാമ്യമെന്ന സംഗതിയും അവരെ ബോധ്യപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക. അതുകൂടാതെ മറ്റൊന്നുകൊണ്ടും അത് സാധ്യമല്ല. അതില്ലെങ്കിൽ വരുന്ന തലമുറകൾ നാശത്തിന്റെ പടുകുഴിയിൽ പതിക്കുന്നതാണ്. ഈ യുദ്ധങ്ങൾ മുഖേന അടുത്ത തലമുറകൾ അംഗവിഹീനരും മുടന്തന്മാരുമായി ജനിച്ചു കൂടായ്കയില്ല. ആയതിനാൽ ഈ തലത്തിലും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്."*(ഖുത്വ്ബ ജുമുഅ 2024 ഒക്ടോബർ 18)*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗ ഊദ്ﷺപറയുന്നു:ദുആയിൽ വിശ്വാ സമുളളവൻ വലിയ ഭാഗ്യശാലിയാണ്. കാരണം അവൻ അല്ലാഹുവിന്റെ അത്ഭുതകരങ്ങളായ ഖുദ്റത്തുകൾ(ദി വ്യശക്തികൾ) കാണുന്നു. അല്ലാഹു വിനെ കണ്ട് അവൻ കഴിവുറ്റവന ും ഉദാരനുമാണെന്ന് മനസ്സിലാക്കി വിശ്വസിക്കുന്നു."(മൽഫൂദാത്ത് വാള്യം 7,പേജ് 265-266 1984 പതിപ്പ്)

സയ്യിദുനാ ഹുദൂർ അൻവർ അയ്യാ ദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് 2024 ഏപ്രിൽ 5-ന് ചെയ്ത ജുമുഅ ഖുത്വ്ബയിൽ പറയുന്നു:

യുദ്ധത്തിന്റെ തീയിൽനിന്ന് രക്ഷ കിട്ടുന്നതിനും അതിനുശേഷം അ തിന്റെ പരിണിത ഫലങ്ങളിൽനിന്ന് സംരക്ഷണം കിട്ടുന്നതിനും ഒരു പാട് ദുഃആ ചെയ്യുക. അല്ലാഹു നമ്മെ അതിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ഇപ്പോൾ മുന്നിൽ വന്നുനിൽക്കുന്ന ഈ യുദ്ധം തുടങ്ങിയതായി അനഭവ പ്പെടുന്നു. എന്നല്ല ലോകമഹായുദ്ധം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് തോന്നുന്നു.......അഹ്മദികൾ അവരുടെ ദ്രോഹങ്ങളിൽനിന്ന് രക്ഷപ്പെടാൻ തങ്ങ ളെ അല്ലാഹുവിന്റെ സാമീപത്താക്കു കയും ദുആകളിൽ ഗതിമുട്ടിയവന്റെ അവസ്ഥ ഉണ്ടാക്കുകയും ചെയ്യേണ്ടത് വളരെ അനിവാര്യമാകുന്നു...... അല്ലാ ഹു മനുഷ്യത്വത്തെ രക്ഷിക്കുമാറാകട്ടെ. നമുക്ക് പ്രാർഥനകളിലൂടെ നമ്മുടെ കടമ നിറവേറ്റാൻ തൗഫീഖ് പ്രദാനം ചെയ്യുന്നതിനും ദുആ ചെയ്യുക."

2024 ജർമനി ജൽസസാലായുടെ അവസരത്തിൽ ഹുദൂർ അയ്യദഹുല്ലാഹ് പ്രത്യേകമായ് ദുആയ്ക്ക് ആഹ്വാനം ചെയ്തു. ഇതു പ്രാവർത്തികമാക്കു ന്നതിന്റെ ഫലമായി മനുഷ്യന് ഒരു സുരക്ഷിതമായ കോട്ടയിൽ താമസിച്ച് തന്നത്താൻ രക്ഷിക്കാൻ കഴിയുന്നതാ ണ്. ഹുദൂർ അൻവർ പറഞ്ഞു:

ഞാനിവിടെ ഒരു ആഹ്വാനം ചെ യ്യാനും ആഗ്രഹിക്കുകയാണ്. ഹദ്റത്ത് ഖലീഫത്തുൽ ഥാലിഥിന്റെ ഒരു സ്വ പ്നമുണ്ടായിരുന്നു. അദ്ദേഹത്തോടു ഏതോ മഹാത്മാവ് പറഞ്ഞു:ജമാഅ ത്തിലെ ഓരോ അംഗവും എല്ലാ വ ലിയവരും 200 പ്രാവശ്യം സ്വലാത്ത് ചൊല്ലുക.

**സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം**

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ്**

പിന്നീട് അവിടന്ന് പറഞ്ഞു: മധ്യ പ്രായത്തിലുളളവർ 15 വയസ്സുമുതൽ 25 വയസ്സുവരെ ഉളളവർ അവരും കുറഞ്ഞത് 100 പ്രാവശ്യം ചൊല്ലുക. കുട്ടികളും കുറഞ്ഞത് 33 പ്രാവശ്യം ചൊല്ലുക. ചെറിയപ്രായത്തിലുളള കുട്ടികളെക്കൊണ്ട് അവരുടെ മാ താപിതാക്കൾ മൂന്നു നാലു പ്രാവശ്യം പറഞ്ഞുകൊടുത്ത് ചൊല്ലിക്കുക. ഇതിനോടൊപ്പം 100 പ്രാവശ്യം **ഇസ് തിഗ്ഫാറും(അസ്തഗ്ഫിറുല്ലാഹ റബ്ബി മിൻകുല്ലി ദൻബിൻ വ അതൂബു ഇല യ്ഹി)**ചെയ്യുക. ഇതുപോലെതന്നെ ഞാനിതുംകൂടി ഉൾപ്പെടുത്തുകയാണ്: 100 പ്രാവശ്യം **റബ്ബി കുല്ലുശയ്ഇൻ ഖാ ദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ** എന്നതും ചൊല്ലുക. ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിലും പൊതുവെ എന്നെന്നേക്കുമായും ചൊ ല്ലുക. അദ്ദേഹത്തിന് സ്വപ്നത്തിൽ ഇതുതന്നെയാണ് കാണിക്കപ്പെട്ടത്;ഇതു ചെയ്യുകയാണെങ്കിൽ നിങ്ങൾ ഒരു സു രക്ഷിതമായ കോട്ടയിൽ സുരക്ഷിതരാ യിരിക്കുന്നതാണ്. അവിടെ ശയ്ത്വാന് ഒരിക്കലും കടക്കാൻ കഴിയുകയില്ല. ഇരുമ്പുകൊണ്ടുളള ഭിത്തികളാണ് ഈ കോട്ടയ്ക്കുളളത്. ഇതിന്റെ ഭിത്തികൾ ആകാശംവരെ എത്തി നില്ക്കുന്നു. ശയ്ത്വാന് ആക്രമിക്കാൻ പറ്റുന്ന ദ്വാ രവും അതിന് ഉണ്ടായിരിക്കുകയില്ല. **(റിപ്പോർട്ട് മജ്‌ലിസെ മുശാവറത്ത് അഹ് മദിയ്യ ജമാഅത്ത് 1968 അനുസരിച്ച് 1968 ഏപ്രിൽ 5,6,7 പേജ് 233)**

ഈ ദിനങ്ങളിൽ ശയ്ത്വാൻ എല്ലാ തന്ത്രങ്ങളിലൂടേയും ജമാഅത്തെന്ന നിലയിൽ നമ്മുടെമേലും മൊത്തമായ നിലയിൽ ലോകത്തിനുമേലും ആക്ര മിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാ ണ്. ഇതിൽനിന്ന് ര്ഷപ്പെടുന്നതിന് ഒരേയൊരു വഴിയെയുളളു. പ്രത്യേ മായ നിലയിൽ ദുആകളിൽ ശക്തി ചെലുത്തുക. ജൽസദിനങ്ങളിൽ മാ ത്രമല്ല. പ്രത്യുത എന്നെന്നേക്കുമായി ഈ സ്വലാത്തും ദൈവസ്മരണയും നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുക. ഇതിലെല്ലാവരും, കുട്ടികളും വലിയവ രും സ്ത്രീകളും പുരുഷന്മാരും എല്ലാ വരും ശ്രദ്ധിക്കേണ്ടതാണ്. *(ഖുത്വ്ബ ജുമുഅ 2024 ആഗസ്റ്റ് 23)*

ഇപ്രകാരംതന്നെ ഹുദൂർ മറ്റൊരു ഖുത്വ്ബയിൽ പറയുന്നു: "ലോകത്തിന്റെ അവസ്ഥകൾ നിങ്ങൾക്കറിയുന്നതു പോലെ ദിനേന വഷളായിക്കൊണ്ടു പോ കുകയാണ്. നാശത്തിലേക്ക് പൊയ് ക്കൊണ്ടിരിക്കുകയാണ്. അമേരിക്കയും അതുപോലുളള വൻ രാഷ്ട്രങ്ങളും നീതിയോടെ പ്രവർത്തിക്കാനാഗ്രഹി ക്കുന്നില്ല. യുദ്ധം വിശാലമായിക്കൊണ്ടു പോകുകയാണ്. അല്ലാഹു അഹ്മദിക ളേയും നിരപരാധികളേയും അതിന്റെ ഭയാനകതകളിൽനിന്നും ദൂഷ്യഫല ങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. ഇതിനുവേണ്ടി അല്ലാഹുമായിട്ടുളള ബന്ധവും നമുക്ക് വർധിപ്പിക്കേണ്ടി വരും. ദുആകളിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടിയുംവരും. ഇതിലേക്ക് എല്ലാ അഹ്മദികളും ശ്രദ്ധിക്കേണ്ട താണ്."*(ഖുത്വ്ബ ജുമുഅ 2024 ഒക് ടോബർ 04)*

ലോകം നാശത്തിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്നതിന്റെ ഒരു പ്രധാന കാരണം ഇമാം ആഖിറുസ്സമാനെ-അ ന്ത്യകാലത്തിൻ ഇമാമിനെ) നിഷേധിച്ച തും കൂടിയാണ്. അതുകൊണ്ട് ജന ങ്ങളെ ഹദ്റത്ത് മസീഹു മൗഊദ്ﷺന് ബയ്അത്തു ചെയ്യാൻ ക്ഷണിക്കേണ്ട ആവശ്യവുമുണ്ട്. ഇതുസംബന്ധമായി ഹദ്റത്ത് ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു:

മുസ്‌ലിമീങ്ങളുടെ പൊതുവായ അവസ്ഥയ്ക്കുവേണ്ടിയും ദുആ ചെ യ്യുക. ഇവരും കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് തങ്ങളുടെ അന്തസ്സ് വീണ്ടും കരസ്ഥമാക്കുന്നവരാകട്ടെ. ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന യുദ്ധത്തിന്റെ അവസ്ഥ ഇല്ലാതാകു ന്നതിനുവേണ്ടിയും ദുആ ചെയ്യുക. ലോകം ഏതൊരു ഭാഗത്തേക്കാണോ പോകുന്നത് അത് യുദ്ധത്തിന്റേതാ ണെന്ന് തോന്നുന്നു. തീർച്ചയായും ഉണ്ടാകേണ്ടതാണ്. പക്ഷേ, അല്ലാഹു എല്ലാ അഹ്മദികളേയും നിരപരാധി കളേയും അതിന്റെ കെടുതികളിൽ നിന്ന് സുരക്ഷിതമാക്കട്ടെ."*(ഖുത്വ്ബ ജുമുഅ 2024 ജൂൺ 28)*

അവസാനമായി ഹുദൂർ അയ്യദഹു ല്ലാഹുത്തആലായുടെ ഒരു മാർഗനിർ ദേശം കേൾപ്പിച്ചുകൊണ്ട് അവസാനി പ്പിക്കുകയാണ്:

ലോകം വളരെ ഭയാനകമായ നാശ ത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുക യാണ്. മുസ്‌ലിമീങ്ങളിൽ നീതിയില്ല. അമുസ്‌ലിമീങ്ങളിലും നീതിയില്ല. നീതിമാത്രമല്ല ഇല്ലാത്തത് പ്രത്യുത എല്ലാ അക്രമങ്ങളുടേയും പാരമ്യത്തെ സ്പർശിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം നേരത്ത് ലോകത്തിന്റെ കണ്ണു തുറക്കുന്നതിനും അക്രമങ്ങ ളിൽനിന്ന് പിന്മാറാൻ അവരുടെ ശ്രദ്ധ ക്ഷണിച്ച് നാശത്തിന്റെ കുഴിയിൽ വീഴുന്നതിൽനിന്ന് അവരെ രക്ഷിക്കാ നും അഹ്മദിയ്യ ജമാഅത്തിനു മാത്ര മെ സാധിക്കുകയുളളു. ഇതിനുവേണ്ടി നമ്മളോരോരുത്തരും അവരവരുടെ പരിധിക്കുള്ളിൽ കർമപരമായി ശ്രമി ക്കേണ്ടതാണ്. കർമപരമായി ശ്രമിക്കു ന്നതിനോടൊപ്പം ദുആകളിലേക്കും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. മുസ്‌ലിം രാഷ്ട്രങ്ങളുടെ അനീതിയും കർമങ്ങളുടെ ഫലവും അവരെ എ വിടെയൊക്കെ ആന്തരികമായ ഫിത് നകളിൽ അകപ്പെടുത്തിയിരിക്കുന്നു വോ അവിടെ വെളിയിൽനിന്നുളള ഭീഷണിയും അതിദ്രുതം അവരുടെമേൽ വട്ടമിട്ടുകറങ്ങിക്കൊണ്ടിരിക്കുന്നു. എന്നല്ല അവരുടെ വീട്ടു പടിക്കലെ ത്തിക്കഴിഞ്ഞിരിക്കുന്നു. ബാഹ്യമായി നോക്കുമ്പോൾ മഹായുദ്ധം വാ തുറ ന്ന് നില്ക്കുന്നതായി തോന്നുന്നു. അതിന്റെ ഫലങ്ങളെ കുറിച്ച് ലോകം അറിയാത്തവരല്ലെങ്കിലും തീർച്ചയാ യും അശ്രദ്ധരാണ്. ഇത്തരം ഘട്ടത്തിൽ മുഹമ്മദീ മസീഹിന്റെ ദാസർ തങ്ങ ളുടെ പങ്കു നിർവഹിച്ചുകൊണ്ട് ലോകത്തെ നാശത്തിൽനിന്ന് രക്ഷി ക്കുന്നതിന് ദുആകളുടെ കടമ നിറ വേറ്റേണ്ട വളരെ ആവശ്യമുണ്ട്. അല്ലാ ഹു നമ്മെ ആ കടമ നിറവേറ്റുന്ന വരാക്കട്ടെ. ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കട്ടെ. ആമീൻ." *(2013 ഏപ്രിൽ 26, അൽഫള്ൽ ഇന്റർനാഷ ണൽ 2013 മെയ് 17, പേജ് 7)* അല്ലാഹു നമുക്കെല്ലാവർക്കും അതിന് തഫീഖ് നല്കുമാറാകട്ടെ. ആമീൻ.

പേജ് 11 ൽ നിന്ന്

തിരുമേനി ഉംറത്തുൽ ഖളായുടെ അവസരത്തിൽ മക്കയിൽ പ്രവേശി ച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ, നബിﷺതിരുമേനിയുടെ മുന്നിൽ നടക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞു കൊ ണ്ടിരുന്നു: 'അല്ലയോ നിഷേധികളു ടെ മക്കളെ! നബിﷺതിരുമേനിയുടെ വഴിയിൽനിന്ന് മാറുവിൻ! ഇന്ന് ഞങ്ങൾ നിങ്ങളെ പ്രഹരിക്കുന്ന താണ്. നബിﷺതിരുമേനിയുടെ പ്രഹരം തലയോട്ടികളെപ്പോലും തൽസ്ഥാനത്തുനിന്ന് നീക്കുന്ന തായിരിക്കും. സുഹൃത്തുക്കൾ പരസ്പരം തിരിച്ചറിയുന്നതല്ല.' ഹദ്റത്ത് ഉമർﷺ, അദ്ദേഹത്തോ ടു പറഞ്ഞു: 'ഇബ്നു റവാഹേ! താങ്കൾ നബിﷺതിരുമേനിക്കു മുന്നിൽ അല്ലാഹുവിന്റെ ആദര ണീയമായ സ്ഥലത്ത് ഈ ഈരടി കളാണോ ചൊല്ലുന്നത്? നിങ്ങൾ ഈ ചെയ്യുന്നത് തെറ്റാണ്.' നബി ﷺതിരുമേനി പറഞ്ഞു: 'ഉമറേ! ഇത് അവർക്കുമേൽ അമ്പുകളെ ക്കാളധികം ശക്തി ചെലുത്തുന്ന താണ്.'*(തിർമുദി അബ്‌വാബുൽ അദബ് ഹദീഥ് 284)*. ഇത് ഒരു നി വേദനമാണ്.

മറ്റൊരു നിവേദനത്തിലുണ്ട്: ഹദ്റത്ത് ഉമർﷺ, ഹദ്റത്ത് അ ബ്ദുല്ലാഹ് ബിൻ റവാഹയെ ഈരടികൾ ചൊല്ലുന്നതിൽനിന്ന് വിലക്കിയപ്പോൾ നബിﷺതിരുമേ

നി ഹദ്റത്ത് ഉമറിനോടു പറഞ്ഞു: "ഞാൻ അദ്ദേഹം ചൊല്ലുന്നതെല്ലാം കേൾക്കുന്നുണ്ട്." അപ്പോൾ ഹദ്റത്ത് ഉമർﷺനിശബ്ദനായി. തുടർന്ന് നബിﷺതിരുമേനി ഹദ്റത്ത് അബ്ദുല്ലഹ് ബിൻ റവാഹയോട് പറഞ്ഞു: 'നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത് അവരെ പ്രകോപിതരാക്കുന്ന കാര്യങ്ങളാണ്. ഇതു പറയരുത്. നിങ്ങൾ ഇങ്ങനെ പറയുക: ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ നസ്വര അബ്ദുഹൂ വ അഅസ്സ ജുൻദഹൂ വ ഹസമൽ അഹ്സാബ വഹ്ദഹൂ അതായത് അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവൻ തന്റെ ദാസന്മാരെ സഹായിക്കുകയും തന്റെ സൈന്യത്തിന് അന്തസ്സ് നൽകുകയും അവൻ ഒറ്റയ്ക്ക് എല്ലാ സംഘങ്ങളെയും പരാജയപ്പെടുത്തുകയും ചെയ്തു.*(ശറഹുസ്സർഖാനീ വാല്യം 3, പേജ് 320, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ഈ സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദും തന്റെ വാക്കുകളിൽ വിവരിച്ചിട്ടുണ്ട്: 'നബിﷺതിരുമേനി മക്കയിൽനിന്ന് ഒരു മൈൽ അകലത്തുള്ള മർറുള്ളഹ്റാൻ എന്ന സ്ഥലത്തെത്തിയപ്പോൾ, ഉടമ്പടി അനുസരിച്ച് ഭാരമുള്ള എല്ലാ ആയുധങ്ങളും പടച്ചട്ടകളും അവിടെ സ്വരുക്കൂട്ടി. പിന്നെ സ്വഹാബാക്കളോടൊപ്പം ഉടമ്പടിയനുസരിച്ച് ഉറകളിൽ വെച്ചിട്ടുള്ള വാളുകൾ മാത്രമായി ഹറമിലേക്ക് പ്രവേശിച്ചു. ഏഴുവർഷത്തെ രാജ്യഭ്രഷ്ടിനുശേഷം മുഹാജിരീങ്ങൾ മക്കയിൽ പ്രവേശിക്കുന്നത് ഒരു നിസ്സാര കാര്യമായിരുന്നില്ല. അവരുടെ ഹൃദയം ഒരു ഭാഗത്ത് അവർക്കുമേൽ ഉണ്ടായിരുന്ന അക്രമങ്ങളെ ഓർത്ത് രക്തം ചിന്തുന്നുണ്ടായിരുന്നു. മറുഭാഗത്ത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കണ്ടു, അല്ലാഹുവിന്റെ അനുഗ്രഹത്തെ ഓർത്ത്, അല്ലാഹു അവർക്ക് കഅ്ബ ത്വവാഫു ചെയ്യാൻ അവസരം നൽകിയതിൽ സന്തോഷിക്കുകയുമായിരുന്നു. മക്കക്കാർ മക്കയിൽനിന്നു മാറി മലയുടെ മുകളിൽക്കയറി മുസ്ലിമീങ്ങളെ കാണുന്നുണ്ടായിരുന്നു. അല്ലാഹു തങ്ങൾക്ക് വീണ്ടും മക്കയിൽ പ്രവേശിക്കാൻ അവസരം നൽകിയോ ഇല്ലയോ എന്നതിനെ പറ്റി അവർക്ക് വ്യക്തമാക്കി കൊടുക്കണമെന്നായിരുന്നു മുസ്ലിമീങ്ങൾ ഹൃദയത്തിൽ ആഗ്രഹിച്ചിരുന്നത്. അതുകൊണ്ടാണ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹﷺ ആ സന്ദർഭത്തിൽ യുദ്ധഗാനങ്ങൾ ആലപിക്കാൻ തുടങ്ങിയത്. പക്ഷേ, നബിﷺതിരുമേനി അദ്ദേഹത്തെ തടഞ്ഞുകൊണ്ട് പറഞ്ഞു: 'ഇങ്ങനെയുള്ള കവിതകൾ ചൊല്ലരുത്, മറിച്ച് നിങ്ങൾ പറയുക: 'അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമി ല്ല. അല്ലാഹു തന്നെയാണ് തന്റെ റസൂലിനെ സഹായിക്കുകയും വിശ്വാസികളെ ദൈന്യതയുടെ പടുകുഴിയിൽനിന്ന് പുറത്തു കൊണ്ടുവന്ന് ഉയർത്തുകയും ചെയ്തവൻ, അല്ലാഹു തന്നെയാണ് ശത്രുക്കളെ അവരുടെ മുന്നിൽ നിന്ന് തുരത്തിയവൻ.'*(ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽഉലൂം വാല്യം 20, പേജ് 329)*

ഹദ്റത്ത് ഇബ്നു അബി ഔഫാﷺനിവേദനം. അദ്ദേഹം പറഞ്ഞു: 'നബിﷺതിരുമേനി ഉംറ നിർവഹിക്കുമ്പോൾ ഞങ്ങൾ നബിﷺതിരുമേനിയെ അന്യാരാധകരായ യുവാക്കളിൽനിന്ന് സംരക്ഷിച്ചുകൊണ്ടിരുന്നു. അതായത് ഇവർ നബിﷺതിരുമേനിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കരുതെന്ന് കരുതിക്കൊണ്ട് ഞങ്ങൾ കാവൽ നിന്നിരുന്നു.' *(ബുഖാരി കിതാബുൽ മഗാസി, ബാബു ഉംറത്തുൽ ഖളാ ഹദീഥ് 4255)*

നബിﷺതിരുമേനി മക്കയിൽ പ്രവേശിച്ചപ്പോൾ അവിശ്വാസികളായ ചില ഖുറയ്ശികൾ നബിﷺതിരുമേനിയോടുള്ള ശത്രുതയും വൈരാഗ്യവും നിമിത്തം നബിﷺതിരുമേനിയും സ്വഹാബാക്കളും ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യുന്നത് സഹിക്കാൻപറ്റാതെ മലയുടെ മുകളിൽക്കയറിപ്പോയി. പക്ഷേ, ചില അവിശ്വാസികൾ ദാറുന്നദവയിൽ സംഘടിച്ചു. അവിടെനിന്നുകൊണ്ട് ത്വവാഫ് ചെയ്യുന്ന ദൃശ്യം കണ്ടു. അവർ പറഞ്ഞു: 'ഈ മുസ്ലിമീങ്ങൾ എന്ത് ത്വവാഫ് ചെയ്യാനാണ്? ഇവരെ പട്ടിണിയും മദീനയുടെ പനിയും ദുർബലരാക്കിവെച്ചിരിക്കുന്നു.' നബിﷺതിരുമേനി മസ്ജിദ് ഹറാമിലെത്തി ഇള്ത്വിബാഅ് ചെയ്തു. അതായത് കൈ പുറത്തുവരുന്ന വിധത്തിൽ തന്റെ പുതപ്പ് വലതുതോളിലേക്കിട്ടു. നബിﷺതിരുമേനി പറഞ്ഞു: 'തങ്ങളുടെ ശക്തി പ്രകടിപ്പിക്കുന്നവർക്കുമേൽ അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ.' പിന്നീട് നബിﷺതിരുമേനി തന്റെ സ്വഹാബാക്കളോടൊപ്പം ത്വവാഫ് ചെയ്യാൻ തുടങ്ങി. മൂന്നുപ്രാവശ്യം തങ്ങളുടെ തോളുകൾ കുലുക്കി വളരെ ആഭിജാത്യത്തോടുകൂടി ത്വവാഫ് ചെയ്തു. അതായത് തങ്ങൾ ദുർബലരാണെന്ന് നിങ്ങൾ കരുതിയിരുന്നു പക്ഷേ, ഞങ്ങൾ ദുർബലരല്ലെന്നു പ്രകടിപ്പിച്ചു.

ബുഖാരിയിൽ ഇതു സംബന്ധിച്ചുള്ള നിവേദനമുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ് ﷺനിവേദനം. അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനിയും സ്വഹാബാക്കളും വന്നപ്പോൾ അന്യാരാധകർ പറഞ്ഞു: 'നിങ്ങളുടെ അടുത്ത് ചിലയാളുകൾ വരുന്നുണ്ട്. അവരെ മദീനയുടെ പനി ദുർബലരാക്കിയിരിക്കുന്നു.' നബിﷺതിരുമേനി തന്റെ സ്വഹാബാക്കളോടു കൽപ്പിച്ചു. 'നിങ്ങൾ മൂന്നു പ്രാവശ്യം ഓടിക്കൊണ്ട് ത്വവാഫ് ചെയ്യണം.' ഇതിനെ അറബിയിൽ റമൽ എന്നാണ് പറയുന്നത്. തുടക്കത്തിൽ മൂന്ന് പ്രദക്ഷിണങ്ങളിൽ ഈ റമൽ ചെയ്യുന്നു. നബിﷺതിരുമേനി സ്വഹാബാക്കൾക്കുമേൽ വാത്സല്യം ചൊരിഞ്ഞുകൊണ്ട് അവരോടു എല്ലാ ത്വവാഫിലും ഓടാൻ നിർദ്ദേശിച്ചു.

ഹദ്റത്ത് ഇബ്നു അബ്ബാസ്ﷺവിവരിച്ചു: നബിﷺതിരുമേനി ബയ്ത്തുല്ലാക്കും സ്വഫാ-മർവ കുന്നുകൾക്കുമിടയിലും ഓടിക്കൊണ്ടാണ് ത്വവാഫ് ചെയ്തത്. അങ്ങനെ അന്യാരാധകർക്ക് തങ്ങളുടെ ശക്തി കാണിച്ചു കൊടുക്കുകയായിരുന്നു. മറ്റൊരു നിവേദനമനുസരിച്ച്, നബിﷺതിരുമേനി സവാരിപ്പുറത്താണ് സ്വഫാ-മറവ കുന്നുകൾക്കിടയിൽ ഓടിയത്. നബിﷺതിരുമേനിയും മുസ്ലിമീങ്ങളും മർവ കുന്നിനു സമീപം ബലി അറുത്തു. അതിനുശേഷം കുറച്ച് സ്വഹാബാക്കളെ ആയുധങ്ങൾക്ക് കാവൽ നിൽക്കുന്ന സ്വഹാബാക്കളുടെ അടുത്ത് യഅ്ജജ് എന്ന സ്ഥലത്ത് അയച്ചു. അങ്ങനെ അവർക്കും വന്ന് ഉംറ ചെയ്യാനും ഖുർബാനി ചെയ്യാനും അവസരമൊരുക്കി.*(ശറഹ് സർഖാനീ വാല്യം 3, പേജ് 322, ദാറുൽകുതുബുൽഇൽമിയ്യ 1996) (സീറത്ത് ഇബ്നു ഹിശാം പേജ് 717, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ലുഗാത്തുൽ ഹദീഥ്, വാല്യം 2, പേജ് 163)(ബുഖാരി കിതാബുൽഹജ്ജ് ഹദീഥ് 1602) (ബുഖാരി കിതാബുൽഹജ്ജ് ഹദീഥ് 1649)*

ആദ്യം അവിടെ ആയുധങ്ങളുടെ സംരക്ഷണത്തിന് ഡ്യൂട്ടിയിലായിരുന്നവരോടു പറഞ്ഞു: നിങ്ങളും വന്ന് ഉംറ ചെയ്യുക. ഇവിടെനിന്ന് കുറച്ച് പുതിയ ആളുകളോടു അങ്ങോട്ടുച്ചെന്ന് പ്രസ്തുത ഡ്യൂട്ടി ഏറ്റെടുക്കാനും നിർദ്ദേശിച്ചു.

ഈ അവസരത്തിൽ നബിﷺതിരുമേനി ഹദ്റത്ത് മയ്മൂനയെ വിവാഹം ചെയ്തതിന്റെ വിശദീകരണവുമുണ്ട്. ഈ യാത്രയിൽ നബിﷺതിരുമേനി ഹദ്റത്ത് മയ്മൂന ബിൻത് ഹാരിഥിനെ വിവാഹം കഴിച്ചു. ഈ വിവാഹം ഹദ്റത്ത് അബ്ബാസാണ് നടത്തിക്കൊടുത്തത്. ഹദ്റത്ത് മയ്മൂന തന്റെ വിവാഹ ത്തെക്കുറിച്ച് അവരുടെ സഹോദരി ഉമ്മു ഫള്ലിനോടു പറഞ്ഞിരുന്നു. ഇവർ നബിﷺതിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് അബ്ബാസിന്റെ ഭാര്യയായിരുന്നു. ഇവർ അത് സംബന്ധിച്ച് ഹദ്റത്ത് അബ്ബാസിനെ ചുമതലപ്പെടുത്തി. ഹദ്റത്ത് അബ്ബാസ്ﷺഅവരുടെ വിവാഹം നബിﷺതിരുമേനിയുമായി നടത്തി. ഹദ്റത്ത് മയ്മൂനായുടെ മഹ്ർ 400 ദിർഹമായി നിശ്ചയിച്ചു. *(ഇബ്നു ഹിശാം പേജ് 718, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 8, പേജ് 217 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്ﷺഇതു സംബന്ധിച്ച് വിവരിക്കുന്നു: "ഹദ്റത്ത് അബ്ബാസിന്റെ ഭാര്യാ സഹോദരി ഹദ്റത്ത് മയ്മൂന കുറേമുമ്പേ വിധവയായി കഴിഞ്ഞിരുന്നു. മക്കയിലാണ് താമസിച്ചിരുന്നത്. ഹദ്റത്ത് അബ്ബാസ്ﷺ, നബിﷺതിരുമേനി അവരെ വിവാഹം കഴിക്കണമെന്ന് ആഗ്രഹിക്കുകയും അവിടന്ന് അത് സമ്മതിക്കുകയും ചെയ്തു."*(ദീബാച്ച തഫ്സീറുൽഖുർആൻ അൻവാറുൽഉലൂം വാല്യം 20, പേജ് 329-330)*

നബിﷺതിരുമേനി മൂന്നു ദിവസമാണ് മക്കയിൽ തങ്ങിയത്. മൂന്നാമത്തെ ദിവസമായപ്പോൾ ഖുറയ്ശികൾ ഹുവയ്ത്വിബ് ബിൻ അബ്ദിൽ ഉസ്സായെ ഖുറയ്ശികളുടെ ചില ആളുകളോടൊപ്പം നബിﷺതിരുമേനിയുടെ അടുത്ത് അയച്ചു. ഒരു നിവേദനമനുസരിച്ച് ഖുറയ്ശികളുടെ ഈ സംഘം ഹദ്റത്ത് അലിയുടെ അടുത്താണ് പോയത്. അതായത് നിങ്ങളുടെ ഇവിടെ താമസിക്കാനുള്ള സമയം കഴിഞ്ഞിരിക്കുന്നു അതുകൊണ്ട് ഇവിടെനിന്ന് പോകണമെന്ന സന്ദേശം നൽകി. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ഞങ്ങൾ കുറച്ചുകൂടി താമസിക്കുകയാണെങ്കിൽ നിങ്ങൾക്കെന്താണ് നഷ്ടം? ഞങ്ങൾ ഇവിടെ വിവാഹം നടത്തി ഭക്ഷണം കഴിച്ച് പോകുന്നതാണ്. എന്റെ വിവാഹമാണ് നടക്കുന്നത്. നിങ്ങളെയും ഞങ്ങൾ ഭക്ഷണത്തിന് ക്ഷണിക്കുന്നതാണ്.' ഖുറയ്ശി

കൾ പറഞ്ഞു: 'ഞങ്ങൾക്ക് നിങ്ങളുടെ സൽക്കാരം ആവശ്യമില്ല.' അപ്പോൾ നബിﷺതിരുമേനി സ്വഹാബാക്കളുമായി മക്കയിൽനിന്ന് പുറപ്പെട്ടു. നബിﷺതിരുമേനി തന്റെ ഭൃത്യനായ അബൂ റാഫിഅ്നെ ഹദ്റത്ത് മയ്മൂനയുടെ അടുത്ത് നിറുത്തുകയും ചെയ്തു. അദ്ദേഹം ഹദ്റത്ത് മയ്മൂനയേയുംകൊണ്ട് സ്വരിഫ് എന്ന സ്ഥലത്ത് നബിﷺ തിരുമേനിയുടെ അടുത്തെത്തി. അത് തൻയീമിന്റെ സമീപം മക്കയിൽനിന്ന് ഏറെക്കുറെ ആറേഴു മൈൽ ദൂരെയുള്ള ഒരു വലിയ താഴ്‌വരയാണ്.

ഹദ്റത്ത് മയ്മൂനയുടെ പേര് ബർറ എന്നായിരുന്നു. നബിﷺ തിരുമേനി പ്രസ്തുത പേര് മാറ്റി മയ്മൂന എന്ന് വെച്ചു. നബിﷺ തിരുമേനി അവസാനം ചെയ്ത വിവാഹമായിരുന്നു ഹദ്റത്ത് മയ്മൂനയുമായി നടന്നത്. വീടുകൂടൽ നടന്ന സ്വരിഫ് എന്ന സ്ഥലത്ത് വെച്ചുതന്നെ ഹിജ്റ 51-ൽ മയ്മൂന വഫാത്താകുകയും ചെയ്തു. *(ബുഖാരി കിതാബുൽമഗാസി, ബാബ് ഉംറത്തുൽ ഖളാഅ് ഹദീഥ് 4251)(അൽ ഇസ്വാബ വാല്യം 8, പേജ് 322,324 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഇബ്നു ഹിശാം പേജ് 718, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (ഫർഹങ്കെ സീറത്ത് പേജ് 147, സവാർ അക്കാദമി)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഎഴുതുന്നു:"നാലാമത്തെ ദിവസം മക്കക്കാർ നിബന്ധന അനുസരിച്ച് മക്കയിൽനിന്ന് പോകാൻ ആവശ്യപ്പെട്ടു. നബിﷺതിരുമേനി മക്കയിൽനിന്ന് മദീനയിലേക്ക് പുറപ്പെടാൻ നിർദ്ദേശിച്ചു. മക്കക്കാരുടെ മാനസികമായ അവസ്ഥകൾ മനസ്സിലാക്കി നവവധു മയ്മൂനയെയും അവിടെത്തന്നെ വിട്ടിട്ടാണ് വന്നത്. അവർ പിന്നീട് സാധന സാമഗ്രികളുമായി വരുന്നവരുടെ കൂടെ വരുന്നതായിരിക്കും. നബിﷺ തിരുമേനി യാത്രാവാഹനം ഓടിച്ച് ഹറമിന്റെ അതിർത്തിയിൽനിന്ന് പുറത്തു വന്നു. ഭാര്യ മൈമൂനയെ വൈകുന്നേരത്ത് അവിടെ എത്തിച്ചു. ആദ്യരാത്രി അവിടെ വനത്തിൽ മയ്മൂന നബിﷺതിരുമേനിയുടെ സവിധത്തിൽ വന്നു.*(ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽ ഉലൂം വാല്യം 20, പേജ് 330)*

ഹദ്റത്ത് മയ്മൂനയ്ക്ക് നബിﷺ തിരുമേനിയുടെ ഇവിടുത്തെ ഈ പരിശുദ്ധ സഹവാസം വളരെ പ്രിയപ്പെട്ടതായി അനുഭവപ്പെട്ടു. അതുകൊണ്ട് താൻ മരണപ്പെട്ടാൽ ഈ പ്രദേശത്ത്, നബിﷺ തിരുമേനിയുടെ കൂടാരം നിന്ന സ്ഥലത്ത്, തന്നെ ഖബ്റടക്കണമെന്ന് അവർ വസിയ്യത്ത് ചെയ്തിരുന്നു. ഇവിടെയായിരുന്നു താൻ നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ആദ്യമെത്തിയത്. ദൈവികവിധി നോക്കുക, നബിﷺതിരുമേനി ഹജ്ജിന് വന്നപ്പോൾ അവർക്ക് മക്കയിൽത്തന്നെ രോഗം ബാധിച്ചിരുന്നു. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അവർ പറഞ്ഞു: 'എന്നെ മക്കയിൽനിന്ന് പുറത്തു കൊണ്ടുപോകുക.നബിﷺതിരുമേനി എന്നോട് നിന്റെ മരണം മക്കയിലായിരിക്കുകയില്ലെന്ന് പറഞ്ഞിട്ടുണ്ട്.' അങ്ങനെ ആളുകൾ അവരെ മക്കയിൽനിന്ന് പുറത്തു കൊണ്ടുവന്നു. സ്വരിഫ് എന്ന പ്രദേശത്തെത്തി. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് മയ്മൂനയുടെ ആത്മാവ് ശരീരംവിട്ടു പോകുകയും ചെയ്തു. അതായത് അവർ വഫാത്തായി. തുടർന്ന് അവരുടെ വസിയ്യത്തനുസരിച്ച് അവരെ ഖബറടക്കുകയും ചെയ്തു. മരണ സമയത്ത് അവർക്ക് 80/81 വയസ്സായിരുന്നു. *(ഇംതാഉൽഅസ്മാഅ്, വാല്യം 12, പേജ് 212, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫതഹുൽബാരി വാല്യം 9, പേജ് 141, ആരാംബാഗ് കറാച്ചി)(മുസ്തദർക് അലസ്സ്വഹീഹയ്ൻ, വാല്യം 4, പേജ് 398, ഹദീഥ് 6936)*

ഈ യാത്രയിൽ ഹദ്റത്ത് ഹംസത്ത്ؓന്റെ മകളുടെ ഒരു സംഭവവും വരുന്നുണ്ട്. ഹദ്റത്ത് ബറാഅ് വിവരിച്ചു: നബിﷺതിരുമേനി മക്കയിൽനിന്ന് പുറപ്പെടുമ്പോൾ ഹദ്റത്ത് ഹംസയുടെ മകൾ 'എന്റെ പിതൃവ്യാ' എന്ന് വിളിച്ചുകൊണ്ട് പിന്നാലെ വന്നു. അപ്പോൾ ഹദ്റത്ത് അലിؓഅവരുടെ കൈ പിടിക്കുകയും ഹദ്റത്ത് ഫാത്വിമയോട് തന്റെ പിതൃവ്യപുത്രിയെ ഏറ്റെടുക്കാൻ പറയുകയും ചെയ്തു. അവർ സവാരി ഏർപ്പാടാക്കി. ഹദ്റത്ത് അലിയും ഹദ്റത്ത് ജഅ്ഫറും ഹദ്റത്ത് സയ്ദും അവരെ സംബന്ധിച്ച് തർക്കിച്ചു കൊണ്ടിരുന്നു. ഹദ്റത്ത് അലിؓ പറഞ്ഞു: 'ഞാനാണ് അവരെ ഏറ്റെടുത്തത്. എന്റെ പിതൃവ്യപുത്രിയുമാണ്.' ഹദ്റത്ത് ജഅ്ഫർؓ പറഞ്ഞു: ഇത് എന്റെ പിതൃവ്യപുത്രിയാണ്. ഇവളുടെ എളാമ എന്റെ ഭാര്യയാകുന്നു. ഹദ്റത്ത് സയ്ദ് ؓപറഞ്ഞു: ഇവർ എന്റെ സഹോദരന്റെ മകളാണ്. അവസാനം നബിﷺതിരുമേനി എളാമയുടെ പക്ഷത്തിലാണ് തീരുമാനം കൽപ്പിച്ചത്. എന്നിട്ട് പറഞ്ഞു: 'എളാമ, ഉമ്മയുടെ സ്ഥാനത്താകുന്നു.'

ഇവിടെ ഒരു കാര്യംകൂടി തീർപ്പാകുന്നുണ്ട്. ഒരുപാട് പ്രശ്നങ്ങൾ ഖളായിൽ വരാറുണ്ട്. നബിﷺതിരുമേനി പറഞ്ഞു: 'എളാമ ഉമ്മയുടെ സ്ഥാനത്താകുന്നു. ആ കുട്ടിയെ അവർക്ക് കൊടുക്കുക.' ഹദ്റത്ത് അലിയോട് പറഞ്ഞു: 'ഞാൻ നിന്നിൽനിന്നും നീ എന്നിൽ നിന്നുമാകുന്നു.' അതായത് അദ്ദേഹത്തെ സമാധാനിപ്പിച്ചു. ഹദ്റത്ത് ജഅ്ഫറിനോടു പറഞ്ഞു: 'താങ്കൾ രൂപത്തിലും സ്വഭാവത്തിലും എന്നോടു സാദൃശ്യമുള്ള ആളാകുന്നു.' ഹദ്റത്ത് സയ്ദിനോടു പറഞ്ഞു: 'താങ്കൾ എന്റെ സഹോദരനും ഞാൻ സ്വതന്ത്രനാക്കിയ ആളുമാണ്.' ഹദ്റത്ത് അലിؓചോദിച്ചു: "അങ്ങ് ഹദ്റത്ത് ഹംസയുടെ മകളെ വിവാഹം കഴിക്കുകയില്ലേ?" നബിﷺതിരുമേനി പറഞ്ഞു: അവൾ എന്റെ മുലകുടി ബന്ധത്തിലുള്ള സഹോദരന്റെ മകളാണ്. അവരുമായി എനിക്ക് വിവാഹം സാധ്യമല്ല. നബിﷺതിരുമേനി ദുൽഹജ്ജ് മാസത്തിൽ മദീനയിൽ തിരിച്ചു വരികയുംചെയ്തു.*(ബുഖാരി കിതാബുൽമഗാസി ബാബ് ഉംറത്തുൽഖളാ ഹദീഥ് 4251)*

അടുത്ത സരിയ്യഃ അഖ്റം ബിൻ അബി ഔജായിന്റെ നേതൃത്വത്തിൽ ബനു സുലയ്മിലേക്ക് പോയതാണ്. ഈ സരിയ്യഃ ഹിജ്റ ഏഴാം വർഷം ദുൽഹജ്ജ് മാസത്തിലാണുണ്ടായത്. നബിﷺതിരുമേനി അഖ്റമിനെ 50 പേരോടൊപ്പം ബനൂ സുലയിം ഗോത്രത്തിൽ അയച്ചു. ഇവർ മദീനക്കടുത്ത് താമസിക്കുന്നവരായിരുന്നു. ബനൂ സുലയ്മിലെ ഒരു ചാരൻ ഹദ്റത്ത് അഖ്റമിന്റെ കൂടെയുണ്ടായിരുന്നു. അയാൾ വേഗം പോയി തന്റെ ജനതയെ ജാഗ്രതപ്പെടുത്തി. അവർ ഒരു വലിയ സൈന്യത്തെ സംഘടിപ്പിച്ചു. ഹദ്റത്ത് അഖ്റം അവരുടെ അടുത്തെത്തിയപ്പോൾ ബനു സുലയിം യുദ്ധത്തിന് തയ്യാറായിരുന്നു. ഹദ്റത്ത് അഖ്റം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവർ പറഞ്ഞു: നിങ്ങൾ ഞങ്ങളെ വിളിക്കുന്ന കാര്യം ഞങ്ങൾക്ക് ആവശ്യമില്ല. അതിനുശേഷം ഇരുഭാഗത്തുനിന്നും അമ്പെയ്ത്താരംഭിച്ചു. ഇതിനിടയിൽ ബനൂസുലയ്മിന് വേണ്ടി കൂടുതൽ സൈനിക സംഘങ്ങളെത്തി. അവർ മുസ്‌ലിമീങ്ങളെ എല്ലാ ഭാഗത്തുനിന്നും വളഞ്ഞു. മുസ്‌ലിമീങ്ങൾ വളരെ ശക്തമായി യുദ്ധം ചെയ്തു. അതേത്തുടർന്ന് മുസ്‌ലിമീങ്ങളിലെ ഭൂരിഭാഗമാളുകളും ശഹീദായി. അഖ്റമും മരണപ്പെട്ടവരുടെ കൂട്ടത്തിൽ സാരമായി പരിക്കേറ്റു വീണു. പിന്നെ ഹിജ്റ എട്ടാം വർഷം സ്വഫർ മാസം ഒന്നാം തീയതി നബിﷺ തിരുമേനിയുടെ അടുക്കലെത്തി. *(അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 2, പേജ് 94. വാല്യം 3, പേജ് 403 ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1990)(ഫർഹങ്കെ സീറത്ത് പേജ് 155, സവാർ അക്കാദമി)*

മറ്റൊരു സരിയ്യഃ ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാഹ് ലയ്ഥിയുടെ നേതൃത്വത്തിൽ കദീദിലേക്ക് നിയോഗിക്കപ്പെട്ടതിനെ സംബന്ധിച്ച വിവരണമാണ്. നബിﷺ തിരുമേനി, ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാഹ് ലയ്ഥിയെ ഹിജ്റ എട്ടാം വർഷം സ്വഫർ മാസത്തിൽ ബനൂ ലയ്ഥിന്റെ ശാഖയായ ബനൂ മുലവ്വിഹിലേക്ക് അയച്ചു. ബനൂ മുലവ്വിഹ് ഗോത്രം കദീദിലാണ് വസിച്ചിരുന്നത്. ഇത് മദീനയിൽനിന്ന് ഏകദേശം 200 മൈൽ ദൂരെയുള്ള സ്ഥലമാണ്. *(ഗസ്വാത്ത് വ സറായാ, പേജ് 413, ഫരീദിയ്യ പബ്ലിഷേഴ്സ് സാഹിവാൽ)(ശറഹുസ്സർഖാനീ വാല്യം 3, പേജ് 332, ദാറുൽകുതുബുൽ ഇൽമിയ്യ 1996)(എൻസൈക്ലോപീഡിയ സീറത്തുന്നബിﷺപേജ് 188, സംസം പബ്ലിഷേഴ്സ്)*

സ്വഹീഹ് ബുഖാരിയിലുണ്ട് കദീദ് ഉസ്ഫാന്റേയും ഖുദയ്ദിന്റേയും ഇടയിലുള്ള ഒരു അരുവിയാകുന്നു.*(ബുഖാരി കിതാബുസ്സൗം ഹദീഥ് 1944)*

ഒരു നിവേദനമനുസരിച്ചു നബിﷺതിരുമേനി ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലായെ 15 ആളുകളോടൊപ്പം പറഞ്ഞയച്ചു. മുസ്‌ലിമീങ്ങളുടെ കോഡ് ഭാഷ 'അമിത്ത് അമിത്ത്'എന്നായിരുന്നു. ഹദ്റത്ത് ജുൻദുബ് ബിൻ മകീഥ് വിവരിക്കുന്നു: നബിﷺതിരുമേനി, ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലായെ ഒരു സരിയ്യത്തിൽ പറഞ്ഞയച്ചു. അതിൽ ഞാനുമുണ്ടായിരുന്നു. നബിﷺതിരുമേനി കദീദിൽ, ബനൂമുലവ്വിഹിനുമേൽ ആക്രമണം നടത്താൻ നിർദ്ദേശിച്ചു. അങ്ങനെ ഞങ്ങൾ പുറപ്പെടുകയും കദീദിലെത്തുകയും ചെയ്തപ്പോൾ ഇബ്നി ബർസാഅ് ഹാരിഥ് ബിൻ മാലിക് ലയ്ഥി ഞങ്ങളെ കണ്ടുമുട്ടി. അയാളെ ഞങ്ങൾ ബന്ദിയാക്കി. അയാൾ പറഞ്ഞു: 'ഞാൻ ഇസ്‌ലാം സ്വീകരിക്കാൻ പുറപ്പെട്ടതാണ്. ഞാൻ നബിﷺ തിരുമേനിയുടെ അടുത്ത് പോവുകയാണ്.' ഞങ്ങൾ പറഞ്ഞു: നീ ഇസ്‌ലാം സ്വീകരിക്കാനുള്ള

ഉദ്ദേശ്യത്തോടെയാണ് പുറപ്പെട്ടതെങ്കിൽ ഒരു ദിവസം അല്ലെങ്കിൽ ഒരു രാത്രിയുടെ പാഥേയം നിനക്ക് നഷ്ടമൊന്നും ഉണ്ടാക്കുന്നതല്ല. അതായത് നിനക്ക് ബന്ദിയായതുകൊണ്ട് നഷ്ടമൊന്നും സംഭവിക്കില്ല. ഇതല്ലാതെ മറ്റെന്തെങ്കിലും ലക്ഷ്യമാണെങ്കിൽ ഞങ്ങൾ അതെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തുന്നതാണ്. പിന്നെ ഞങ്ങൾ അയാളെ ശക്തമായി ബന്ധിച്ചു. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഒരു നീഗ്രോ സുഹൃത്തായ സുവയ്ദ് ബിൻ മൻഹറിനെ അയാളെ നോക്കാനായി നിശ്ചയിച്ചു. ഞങ്ങൾ പുറപ്പെടുകയും സൂര്യാസ്തമയ സമയത്ത് കദീദിലെത്തിച്ചേരുകയും ചെയ്തു. ഞങ്ങൾ താഴ്‌വരയുടെ ഒരു ഭാഗത്തായിരുന്നു. എന്റെ സുഹൃത്തുക്കളെന്നെ ചാരനായി അയച്ചു. ഞാൻ ഒരു കുന്നിൻ പുറത്തെത്തി. അവിടെനിന്ന് എനിക്ക് അവരെ കാണാമായിരുന്നു. ഞാൻ അതിനു മുകളിൽക്കയറി കമിഴ്ന്നു കിടന്നു. അവിടെ ഒരാൾ തന്റെ കൂടാരത്തിൽനിന്ന് പുറത്തുവന്നപ്പോൾ എന്നെ കണ്ടു. അയാൾ എന്റെ നേർക്ക് അമ്പെയ്തു. അത് എന്റെ പാർശ്വത്തിലാണ് കൊണ്ടത്. ഒരു നിവേദനമനുസരിച്ച് അദ്ദേഹം പറയുന്നു: ആ അമ്പ് എന്റെ കണ്ണുകളുടെ മധ്യഭാഗത്താണ് കൊണ്ടത്. പക്ഷേ, ഞാനെന്റെ സ്ഥലത്തുതന്നെ സ്ഥിരതയോടെ ഉറച്ചുനിന്നു. പിന്നെ അയാൾ വീണ്ടും അമ്പെയ്തു. അതെന്റെ തോളിലാണ് കൊണ്ടത്. ഞാൻ അത് വലിച്ചെടുത്തെറിഞ്ഞു. തന്റെ സ്ഥലത്തുതന്നെ ഉറച്ചുനിൽക്കുകയും ചെയ്തു. ആർക്കും സംശയമുണ്ടാകാതിരിക്കാൻ വേറൊരു തരത്തിലും അനങ്ങിയില്ല. പിന്നീട് അയാൾ തന്റെ കൂടാരത്തിനകത്തുപോയി. ഞങ്ങളും അവർക്ക് സാവകാശം നൽകി. അങ്ങനെ അവർക്ക് സമാധാനമായപ്പോൾ അവർ അകത്തുപോയി ഉറങ്ങി. രാവിലെ വെളുപ്പാൻ കാലത്ത് ഞങ്ങൾ അവരെ ആക്രമിച്ചു. അവരുടെ യുദ്ധനിപുണന്മാരെ കൊന്നൊടുക്കി. അവരുടെ സാധനസാമഗ്രികൾ ശേഖരിക്കുകയും വളർത്തു മൃഗങ്ങളെ തെളിച്ചു കൊണ്ടുവരികയും ചെയ്തു. അവരുടെ ഇടയിലെ ഒരു വിളിയാൾ ഞങ്ങളുടെ അടുത്ത് ഒരു സൈന്യവുമായി വന്നു. അവരെ നേരിടാൻ ഞങ്ങൾക്ക് കഴിവുണ്ടായിരുന്നില്ല. അവരിലൊരാൾ പോയി ഒരു വലിയ സൈന്യവുമായി വന്നു. പറയുന്നു: 'ഞങ്ങൾ മൃഗങ്ങളുമായി നടന്നുകൊണ്ടിരുന്നു. ഞങ്ങളാരും തിരിഞ്ഞു നോക്കിയില്ല. ഇബ്നി ബർസാഇന്റേയും അയാളുടെ കൂട്ടുകാരുടേയും അടുത്തുടെ കടന്നുപോകുമ്പോൾ അവരെയും ഞങ്ങളുടെ കൂടെക്കൂട്ടി. ശത്രുക്കൾ ഞങ്ങളുടെ അടുത്തെത്തി. അങ്ങനെ ഞങ്ങൾക്കും അവർക്കുമിടയിൽ കദീദ് താഴ്‌വര മാത്രം ബാക്കിയായി. അല്ലാഹു ആ താഴ്‌വരയിൽ വെള്ളപ്പൊക്കമുണ്ടാക്കി. ഞങ്ങൾക്ക് അവിടെ ഒരു കാർമേഘംപോലും കാണാൻ കഴിഞ്ഞിരുന്നില്ല. ഏതായാലും അല്ലാഹു അവരെ നേരിടുന്നതിനുവേണ്ടി ഒരു ശക്തി അയച്ചു. ആർക്കുംതന്നെ ആ താഴ്‌വര കടന്നു വരാൻ കഴിഞ്ഞില്ല. ശത്രുക്കൾ ഞങ്ങളെ നോക്കിനിന്നു. ഞങ്ങൾ അവരുടെ മൃഗങ്ങളെയും തെളിച്ച് പോവുകയും ചെയ്തു. അവരിലാർക്കുംതന്നെ ഞങ്ങളുടെ അടുത്തുവരാൻ കഴിഞ്ഞില്ല.

അങ്ങനെ ഞങ്ങളവരെ പിന്നിലാക്കി നീങ്ങി. അതായത് ശത്രുക്കൾ പിന്നിലാവുകയും അവർക്ക് ഞങ്ങളെ പിടിക്കാൻ കഴിയാതാവുകയും ചെയ്തു. ഞങ്ങൾ നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തി.*(ശറഹ് സർഖാനീ വാള്യം 3, പേജ് 332–333, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സുബുലുൽ ഹുദാവർറശാദ് വാള്യം 6, പേജ് 137,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)*

ഇനിയും ഈ സംഭവങ്ങൾ തുടരുന്നതാണ്.

ഈ സമയത്ത് പാക്കിസ്താനിലെ അഹ്മദികൾക്കു വേണ്ടിയും ഞാൻ പ്രത്യേകം ദുആക്ക് പറയാനാഗ്രഹിക്കുന്നു. പാക്കിസ്താനി അഹ്മദികളും തങ്ങൾക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. ഞാൻ പറഞ്ഞു വന്നതുപാലെ സ്വലാത്ത് ചൊല്ലുന്നതിലേക്കും ശ്രദ്ധയുണ്ടാകണം. അത് 200 തവണ ചൊല്ലുക.

***സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ്വ ആലി മുഹമ്മദ്***

ഈ സമയത്ത് ഇതിൽ പരമാവധി ശ്രദ്ധ കൊടുക്കുക. നമ്മൾ ദുആ യഥാവിധി ചെയ്യുകയും അതിൽ ശ്രദ്ധിക്കുകയുമാണെങ്കിൽ മാത്രമേ വിജയം കൈവരിക്കാൻ കഴിയുകയുള്ളൂ. കഴിയുന്നത്ര അതിൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. ചില യാളുകൾ പറയുന്നു, അല്ലെങ്കിൽ എഴുതുന്നു:വെറും ദുആ കൊണ്ട് ഒരു കാര്യവുമില്ല. എന്തെങ്കിലും ചെയ്യേണ്ടിവരുമെന്ന്. നമ്മളെന്താണ് ചെയ്യുക? നമ്മുടെ ആയുധം ദുആകൾ മാത്രമാണ്. ദുആകൊണ്ട് ഒന്നും സാധ്യമാകില്ലെന്നത് തികച്ചും തെറ്റായ ചിന്താഗതിയാണ്. ദുആകൾത്തന്നെയാണ് നമ്മുടെ വിജയത്തിനുള്ള ഒറ്റമൂലി. അല്ലാഹു എല്ലാവർക്കും അതിനുള്ള സൗഭാഗ്യം നൽകുമാറാകട്ടെ. നമുക്ക് യഥാവിധി ദുആ ചെയ്യാൻ കഴിയുമാറാകട്ടെ.

ദുആകൊണ്ട് ഒന്നും സാധ്യമാകില്ലെന്ന് പറഞ്ഞ് ദുആചെയ്യാതിരിക്കുകയാണെങ്കിൽ അത് നമ്മൾ അല്ലാഹുവിനോടുചെയ്യുന്ന തെറ്റായ പരിഭവമായിരിക്കും. അതിനാൽ ഇതേക്കുറിച്ച് നമ്മൾ ഇസ്തിഗ്ഫാറും ചെയ്യേണ്ടതാണ്.

ഇന്ന് കറാച്ചിയിൽ ഒരു സംഭവമുണ്ടായിട്ടുണ്ട്. ഇസ്‌ലാമിന്റെ പേരിൽ ഭീകരവാദികൾ, ഇവർ തീവ്രവാദികൾത്തന്നെയാണ്, നമ്മുടെ ഒരു മസ്ജിദ് ആക്രമിക്കുകയും ഒരു അഹ്മദിയെ ശഹീദാക്കുകയും ചെയ്തിരിക്കുന്നു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വിശദമായ വിവരങ്ങൾ ഇപ്പോൾ കിട്ടിയിട്ടില്ല. ലഭിക്കുമ്പോൾ അതും ഇൻശാ അല്ലാഹ് വിവരിക്കുന്നതാണ്. അല്ലാഹു ഈ ദ്രോഹികളെ പിടിക്കുന്നതിന് എത്രയും വേഗം സംവിധാനമുണ്ടാക്കുമാറാകട്ടെ.(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി).

പേജ് 7 ൽ നിന്ന്

കിട്ടുന്നതിനേക്കാളും സന്തോഷമായി മറ്റൊന്നുമുണ്ടായിരുന്നില്ല. നബിﷺതിരുമേനി പറഞ്ഞു: നിന്റെ ഒട്ടകവും എടുത്തു കൊള്ളുക. അതിന്റെ വിലയും നിന്റെ കൈയിൽ വെച്ചുകൊള്ളുക. അതായത് ജാബറിന്റെ പ്രതീക്ഷയ്ക്കും ചിന്തയ്ക്കുമപ്പുറത്തായിരുന്നു അത്. ഒട്ടകം തിരിച്ചു കൊടുക്കുമ്പോൾ വില തിരിച്ചു കൊടുക്കേണ്ടി വരുമെന്ന് കരുതിയിരിക്കാം. പക്ഷേ, നബിﷺതിരുമേനി പറഞ്ഞു: 'അതിന്റെ വിലയും നീ വെച്ചു കൊള്ളുക. ഒട്ടകവും നിന്റെ പക്കൽത്തന്നെ ഇരിക്കട്ടെ. വില തിരിച്ചു വാങ്ങിയില്ല.'*(സ്വഹീഹ് ബുഖാരി, കിതാബുൽ ബുയൂഅ് ഹദീഥ് 2097)*

അൽപ്പവെള്ളം കൂടുതലായതിനെ സംബന്ധിച്ചുള്ള ഒരത്ഭുത ദൃഷ്ടാന്തത്തെ കുറിച്ചും വിവരണമുണ്ട്. ഹദ്റത്ത് ജാബിർؓ വിവരിക്കുന്നു: ഈ യുദ്ധത്തിന്നിടയിൽത്തന്നെ ഒരു തവണ നബിﷺതിരുമേനി വുളു എടുക്കുന്നതിന് വിളംബരം ചെയ്യുക എന്ന് പറഞ്ഞു. അങ്ങനെ ഞാൻ ജനങ്ങൾക്കിടയിൽ എല്ലാവരും വുളു എടുക്കുവിൻ എന്ന് വിളംബരം നടത്തി. ഞാൻ നബിﷺതിരുമേനിയോടു പറഞ്ഞു: ആ സമയത്ത് ഞങ്ങളുടെ പക്കൽ ഒരു തുള്ളി വെള്ളം പോലുമുണ്ടായിരുന്നില്ല. നബിﷺതിരുമേനി പറഞ്ഞു: ഇന്ന അൻസ്വാറിന്റെ മകന്റെ അടുത്തു പോവുക. അദ്ദേഹത്തിന്റെ വെള്ളപ്പാത്രത്തിൽ അല്പമുണ്ടോ എന്ന് നോക്കുക. പറയുന്നു: ഞാൻ അദ്ദേഹത്തിന്റെ അടുത്തുപോയി. അദ്ദേഹത്തിന്റെ കൈയിലുള്ള വെള്ളപാത്രങ്ങളിൽ ഒന്നിന്റെ അടപ്പിന്റെ ഭാഗത്ത് അല്പം വെള്ളമുണ്ടായിരുന്നു. അത് ഞാൻ തിരിച്ചു പിടിക്കുകയാണെങ്കിൽ അതിന്റെ ഉണങ്ങിയ സ്ഥലത്ത് ആ വെള്ളം വറ്റിപ്പോകുമായിരുന്നു. അതിൽനിന്ന് അല്പംപോലും വെള്ളം കിട്ടുമായിരുന്നില്ല. ഞാൻ അതുമായി നബിﷺതിരുമേനിയുടെ അടുത്തുവന്ന് പറഞ്ഞു: യാ റസൂലല്ലാഹ്! ഈ വെള്ളപ്പാത്രത്തിന്റെ തുറക്കുന്ന ഭാഗത്ത് ഒരു തുള്ളി, അതായത് വളരെ കുറഞ്ഞ അളവിൽ വെള്ളമുണ്ട്. ഞാനത് തിരിച്ചുപിടിക്കുകയാണെങ്കിൽ അതിന്റെ ഉണങ്ങിയ ഭാഗത്ത് ആ വെള്ളം വറ്റിപ്പോകുന്നതാണ്. നബിﷺതിരുമേനി പറഞ്ഞു: അതെന്റെ അടുത്തു കൊണ്ടുവരിക. ഞാനത് നബിﷺതിരുമേനിയുടെ അടുത്തെത്തിച്ചു. പിന്നീട് നബിﷺതിരുമേനി അത് കൈയിലെടുത്തു. അതിനോടു എന്തോ പറയാൻ തുടങ്ങി. ദുആ ചെയ്തു. എന്താണ് ചൊല്ലിയതെന്ന് എനിക്ക് മനസ്സിലായില്ല. നബിﷺതിരുമേനി തന്റെ കൈകൊണ്ട് അതിനെ അമർത്തിക്കൊണ്ടിരുന്നു. പിന്നീട് എന്റെ കൈയിൽ തന്നിട്ട് പറഞ്ഞു. ഒരു വലിയ ടബ്ബ് കൊണ്ടുവരിക. ഞാൻ ഒരു വലിയ ടബ്ബ് കൊണ്ടുവന്നു മുന്നിൽ വെച്ചു. പിന്നീട് തന്റെ വിരലുകൾ വിടർത്തി, അത് ടബ്ബിന്റെ അടിവരെ കൊണ്ടുപോയി. അങ്ങനെ അതിന്റെയുള്ളിൽ മുഴുവനും പരത്തി. പിന്നീട് ഏറ്റവും താഴെ എത്തിച്ചു. എന്നിട്ട് പറഞ്ഞു, അതിൽ എത്ര തുള്ളി വെള്ളമാണെങ്കിലും അതെന്റെ കൈയിൽ ഒഴിക്കുക. ഞാനത് നബിﷺതിരുമേനിയുടെ കൈയിൽ ഇറ്റിച്ചു. ബിസ്മില്ലാഹ് എന്നു പറഞ്ഞ് ഞാൻ നോക്കുമ്പോൾ വെള്ളം അരുവിയിൽനിന്ന് വരുന്നതുപോലെ നബിﷺതിരുമേനിയുടെ വിരലുകൾക്കിടയിൽനിന്ന് ശക്തമായി വരുന്നുണ്ടായിരുന്നു. അങ്ങനെ വെള്ളം ആവശ്യമുള്ളവരെയെല്ലാം വിളിച്ചു വരുത്താൻ നബിﷺതിരുമേനി പറഞ്ഞു. അദ്ദേഹം പറയുന്നു: ആളുകൾ വന്നു.

അവർ വെള്ളം കുടിച്ചു. അങ്ങനെ എല്ലാവരും ദാഹശമനം വരുത്തി. അദ്ദേഹം പറയുന്നു: ഞാൻ പറഞ്ഞു, ഇനി ആവശ്യക്കാരാരെങ്കിലും ബാക്കിയുണ്ടോ? പിന്നീട് നബിﷺതിരുമേനി വളരെ ശ്രദ്ധാപൂർവ്വം കൈയെടുത്തു മാറ്റി. ആ ടബ്ബ് നിറഞ്ഞിരിക്കുന്നുണ്ടായിരുന്നു. *(മുസ്‌ലിം കിതാബുസ്സുഹ്ദ് വ ർറഖാഇഖ്, ഹദീഥ് 3013)*

നബിﷺതിരുമേനിയുടെ ഇത്തരം മുഅ്ജിസത്തുകളെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ദൈവ സായൂജ്യത്തിന്റെ ഇത്തരം ചില സന്ദർഭങ്ങളിൽ മനുഷ്യരിൽനിന്ന് മനുഷ്യസഹജമായ കഴിവിന്നതീതമായ കാര്യങ്ങൾ വെളിപ്പെടാറുണ്ട്. അത് ദൈവികമായ ശക്തിയുടെ വർണ്ണമുള്ളതായിരിക്കും. നമ്മുടെ യജമാനരായ നബിﷺതിരുമേനി ബദ്ർ യുദ്ധാവസരത്തിൽ ഒരു പിടി ചരൽ ശത്രുക്കൾക്കുനേരെ എറിഞ്ഞപ്പോൾ അതെന്തെങ്കിലും ദുആ കൊണ്ടായിരുന്നില്ല ചെയ്തത്. മറിച്ച് അതിലെ ഒരു ആത്മീയ ശക്തിയോടുകൂടിയാണ് എറിഞ്ഞത്. പക്ഷേ, ആ ഒരുപിടി ചരൽ ദൈവികമായ പ്രഭാവം കാണിച്ചു. ശത്രു സൈന്യത്തിനുമേൽ അത് അഭൗമികമായ പ്രഭാവം ചെലുത്തി. അതിന്റെ പൊടി പതിക്കാത്ത ശത്രുവിന്റെ ഒരു കണ്ണുമുണ്ടായിരുന്നില്ല. അതെല്ലാവരെയും അന്ധരെ പോലെയാക്കി. അത് അസ്വസ്ഥതയും പരിഭ്രമവും അവർക്കിടയിൽ പരത്തി. അവർ ബുദ്ധിമാന്ദ്യം സംഭവിച്ചവരെ പോലെ ഓടാൻ തുടങ്ങി. ഈ അത്ഭുതത്തിലേക്ക് അല്ലാഹു ഈ ആയത്തിൽ സൂചന നൽകുന്നു ***വമാ റമയ്ത്ത ഇദ് റമയ്ത്ത വലാക്കിന്നല്ലാഹ റമാ*** അതായത് നീ ഒരു പിടി ചരൽവാരിയെറിഞ്ഞപ്പോൾ അത് നീ അല്ല എറിഞ്ഞത്. മറിച്ച് അല്ലാഹുവാണ് എറിഞ്ഞത്. അണിയറയിൽ ദൈവിക ശക്തിയാണ് പ്രവർത്തിച്ചു കൊണ്ടിരുന്നത്. മനുഷ്യശക്തിക്ക് അതിന് കഴിവില്ലായിരുന്നു.

അതുപോലെതന്നെ മറ്റൊരു അത്ഭുതം നബിﷺതിരുമേനിയിൽനിന്ന് വെളിപ്പെട്ടത് ചന്ദ്രൻ പിളർന്നത് സംബന്ധിച്ചുള്ളതാണ്. അതും ഇതേ ദൈവികശക്തി മുഖേനയാണ് വെളിപ്പെട്ടത്. ഒരു ദുആയും അതിനോടൊപ്പമുണ്ടായിരുന്നില്ല. അതു കേവലം വിരൽകൊണ്ടുള്ള സൂചനയായിരുന്നു. കാരണം അത് ദൈവികശക്തികൾ നിറഞ്ഞ ഒരു വിരലിന്റെ ചലനം മൂലമാണുണ്ടായത്. ഇത്തരത്തിലുള്ള ഇനിയും ഒട്ടേറെ അത്ഭുത ദൃഷ്ടാന്തങ്ങൾ നബിﷺതിരുമേനി തികച്ചും തന്റെ കഴിവ് എന്ന രീതിയിൽ കാണിച്ചിരുന്നു. അതോടൊപ്പം ഒരു ദുആയുമുണ്ടായിരുന്നില്ല. പലപ്പോഴും അല്പം വെള്ളത്തിൽ, ഒരു പാത്രത്തിൽ തന്റെ വിരൽ ആ വെള്ളത്തിൽമുക്കിയപ്പോൾ അത് ഒരുപാട് വർധിക്കുകയും മുഴുവൻ സൈന്യവും ഒട്ടകങ്ങളും കുതിരകളും ആ വെള്ളം കുടിക്കുകയും ചെയ്തു, പിന്നെയും ആ വെള്ളം അതേ അളവിൽ അവിടെ ബാക്കിയായിരുന്നു. പലപ്പോഴും ഒന്ന് രണ്ട് അപ്പക്കഷണത്തിൽ തന്റെ കൈവെച്ചപ്പോൾ ആയിരത്തോളം വിശപ്പും ദാഹവുമുള്ളവർക്ക് വയറുനിറയെ ഭക്ഷണം കഴിക്കുന്നതിന് പര്യാപ്തമായി. ചില നേരത്ത് അല്പം പാലിൽ തന്റെ ചുണ്ടുകൾകൊണ്ട് പ്രസാദിച്ചപ്പോൾ ഒരു വലിയ സംഘത്തിന്റെ വയറു നിറയുന്നതിന് അത് നിമിത്തമായി. ചില നേരത്ത് ഉപ്പുരസമുള്ള കിണർവെള്ളത്തിൽ തന്റെ ഉമിനീരിറ്റിച്ചപ്പോൾ അത് ശുദ്ധജലമായി മാറി. ചില നേരത്ത് കൊടുംകുറ്റവാളികളെ തന്റെ കരസ്പർശം കൊണ്ട് നല്ലവരാക്കിത്തീർത്തു. ചില നേരത്ത് യുദ്ധാവസരത്തിൽ കണ്ണിന്റെ കൃഷ്ണമണി പുറത്തുതള്ളിവന്നപ്പോൾ അങ്ങനെ സങ്കടപ്പെട്ടിരിക്കുന്നയാളെ തന്റെ കൈകളുടെ അനുഗ്രഹങ്ങൾ മുഖേന സുഖപ്പെടുത്തിക്കൊടുത്തു. അങ്ങനെ ഇനിയും ഒരുപാട് പ്രവൃത്തികൾ തന്റെ വ്യക്തിപരമായ കഴിവുകൊണ്ട് വെളിപ്പെടുത്തി. അതിനോടൊപ്പം വളരെ അന്തർലീനമായ ഒരു ദൈവീക ശക്തിയുണ്ടായിരുന്നു. *(ആഇനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 5, പേജ് 65-66)*

***അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലിം ഇന്നക്ക ഹമീദുൻമ്മജീദ്.*** *(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി). (അൽഫള്ൽ ഇന്റർനാഷണൽ 2025 മെയ് 2, പേജ് 2-7)*

പേജ് 1 ൽ നിന്ന്

ശക്തിയെ അയക്കും. "ബറാഹീനെ അഹ്മദിയ്യാ"യിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അതെപ്പോഴും നിങ്ങളോടൊപ്പമുണ്ടായിരിക്കും.

ആ വാഗ്ദാനം എന്നെക്കുറിച്ചുള്ളതല്ല. മറിച്ച്, അത് നിങ്ങളെപ്പറ്റിയുള്ളതാകുന്നു. അല്ലാഹു പറയുന്നു "നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്ത്യരുടെമേൽ അന്ത്യദിനംവരെ ഞാൻ വിജയം നൽകുന്നതാണ്." അതിനാൽ എന്റെ വേർപാടിന്റെ ദിനം നിങ്ങളിൽ പ്രകടമാകേണ്ടതും അനന്തരം ശാശ്വതമായ വാഗ്ദാനത്തിന്റെ ദിനം വെളിപ്പെടേണ്ടതും നിർബന്ധമാകുന്നു. നമ്മുടെ ദൈവം സത്യവാനും വിശ്വസ്തനും വാഗ്ദാനം പാലിക്കുന്നവനുമാണ്. അവൻ വാഗ്ദാനം ചെയ്തതെല്ലാം നിങ്ങൾക്ക് കാണിച്ചു തരുന്നതാണ്. ഈ ദിവസം ലോകാവസാനത്തിന്റെ ദിനമായാലും വലിയ ആപത്തുകൾ ഇറങ്ങേണ്ട സമയമായാലും അവൻ വിവരമറിയിച്ച കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനിൽക്കുകതന്നെ ചെയ്യും. ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാനൊരു ദൈവിക സമ്പൂർണ്ണ ശക്തി പ്രഭാവമാകുന്നു. എനിക്കുശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും.

അതിനാൽ നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ രണ്ടാം ദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർഥനയിൽ നിരതരാവുക. കൂടാതെ ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്നു വെളിവാകുകയും നിങ്ങളുടെ ദൈവം കഴിവുറ്റവനാണെന്നു കാണിച്ചുതരുമാറാവുകയും ചെയ്യുന്നതുവരെ മുഴുവൻ ജമാഅത്തുകളിലെയും സുകൃതവാന്മാർ ഓരോ നാട്ടിലും ഒരുമിച്ചുകൂടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. തങ്ങളുടെ മരണം സമീപസ്ഥമാണെന്ന് കരുതിക്കൊള്ളുക. ആ നിമിഷം ഏതു സമയത്താണ് ആസന്നമാകുകയെന്ന് നിങ്ങൾ അറിയുന്നില്ല.

എനിക്കുശേഷം എന്റെ ജമാഅത്തിലെ വിശുദ്ധഹൃദയമുള്ള മഹത്‌വ്യക്തി എന്റെ നാമത്തിൽ ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങട്ടെ. ലോകത്തിന്റെ വിവിധ ജനസമൂഹങ്ങളിൽ നിവസിക്കുന്ന സൽപ്രകൃതക്കാരായ ആളുകൾ അവർ ഏഷ്യയിലായാലും, യൂറോപ്പിലായാലും അവരെയെല്ലാം തൗഹീദിലേക്ക് (ദൈവത്തിന്റെ ഏകത്വത്തിലേക്ക്) ആകർഷിക്കുകയും തന്റെ ദാസന്മാരെ ഏകമതത്തിൽ ഒരുമിച്ചുകൂട്ടുകയുമെന്നതാണ് അല്ലാഹു ഇച്ഛിക്കുന്നത്. ഈ ഉദ്ദേശ്യത്തിനു വേണ്ടിയാണ് ഞാൻ ഭൂതലത്തിൽ അയക്കപ്പെട്ടിരിക്കുന്നത്. അതിനാൽ സൗമ്യതയിലും സൽസ്വഭാവത്തിലും പ്രാർഥനയിലും ഊന്നിക്കൊണ്ട് നിങ്ങൾ ഈ ഉദ്ദേശ്യത്തെ പിൻപറ്റുക. അല്ലാഹുവിൽനിന്ന് പരിശുദ്ധാത്മാവിനാൽ അനുഗൃഹീതനായ ആരെങ്കിലും എഴുന്നേൽക്കുന്നതുവരെ എനിക്കുശേഷം നിങ്ങളെല്ലാവരും യോജിച്ചു പ്രവർത്തിക്കുക. (അൽവസ്വിയ്യത്ത് പുസ്തകം)

## 130-ാമത് ഖാദിയാൻ ജൽസസാലാന 2025 ഡിസംബർ 26, 27, 28 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 130-ാമത് ഖാദിയാൻ ജൽസ സാലാന 2025 ഡിസംബർ 26, 27, 28(വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്തുവെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ. (നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.
**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 15-22 May 2025 Issue-20,21

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ലേഖനം

# ആഗോളയുദ്ധത്തിന്റെ കെടുതികളിൽനിന്ന് സുരക്ഷിതരാകുന്നതിന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസിന്റെ നിർദേശങ്ങൾ

**കെ.ത്വാരിഖ് അഹ്മദ്** | അഡീഷണൽ നാളിർ ഇസ്വ്ലാഹ് വ ഇർശാദ് നൂറുൽഇസ്‌ലാം ഖാദിയാൻ

**മനിഹ്ത്തദാ ഫഇന്നമാ യഹ്ത്തദീ ലി നഫ്സിഹീ വമൻളല്ല ഫഇന്നമാ യളില്ലു അലയ്ഹാ വലാ തസിറു വാസിറത്തുൻവ്വിസ്റ ഉഖ്റാ വമാ കുന്നാ മുഅദ്ദിബീന ഹത്താ നബ്അഥ റസൂലൻ**

വല്ലവനും നേർമാർഗം പ്രാപിക്കുന്നെങ്കിൽ അവന്റെ ആത്മാവിന്റെ ഗുണത്തിനുവേണ്ടിത്തന്നെയാണ് അവൻ നേർമാർഗം പ്രാപിക്കുന്നത്. ഇനി വല്ലവനും വഴിപിഴച്ചുപോകുന്നെങ്കിൽ അതിന്റെ ദോഷവും അതിനുതന്നെയാണ്. ഒരു ഭാരം ചുമക്കുന്ന ആത്മാവ് മറ്റൊന്നിന്റെ ഭാരം ചുമക്കുകയില്ല. ഒരു ദൂതനെ അയക്കുന്നതുവരെ നാം ശിക്ഷിക്കാറില്ല.(17:16)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു:"ആ നാൾ ആകാശത്തുനിന്ന് വ്യക്തമായൊരു പുക ഇറങ്ങുന്നതായിരിക്കും. ആ നാൾ ഭൂമി മഞ്ഞളിച്ചുപോകും. അതായത് കഠിനമായ വരൾച്ചയുടെ അടയാളങ്ങൾ വെളിപ്പെടും. നിന്നെ നിന്ദിക്കാനുള്ള എതിരാളികളുടെ ശ്രമത്തിനുശേഷം നിനക്ക് ആദരവ് നല്കുന്നതാണ്. നിന്നെ ബഹുമാനിക്കുന്നതാണ്. നിന്റെ പ്രവൃത്തി അപൂർണമായിപ്പോകണമെന്ന് അവർ ആഗ്രഹിക്കും. നിന്റെ എല്ലാ പ്രവൃത്തികളും പൂർത്തിയാകാതെ നിന്നെ വിടാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. ഞാൻ റഹ്മാൻ ആകുന്നു. എല്ലാ ഓരോ കാര്യങ്ങളിലും നിനക്ക് ആശ്വാസം നലകുന്നതാണ്. എല്ലാ ഭാഗത്തുനിന്നും നിനക്ക് അനുഗ്രഹം കാണിക്കുന്നതായിരിക്കും."(ഹഖീഖത്തുൽ വഹി, റൂഹാനീ സാഇൻ വാള്യം 22, പേജ് 98)

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു:"കേൾവിക്കാരേ! നിങ്ങൾ ഓർമിച്ചുകൊള്ളുക. ഈ പ്രവചനങ്ങൾ നിസ്സാരമായ നിലയിൽ വെളിപ്പെടുകയാണെങ്കിൽ നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക ഞാൻ അല്ലാഹുവിൽനിന്നുളളവനല്ലെന്ന്! പക്ഷേ, ഈ പ്രവചനങ്ങൾ, അത് പുലരുന്ന നേരത്ത് ലോകത്ത് ഒരു വിസ്ഫോടനമുണ്ടാക്കുകയും കഠിനമായ പരിഭ്രമത്താൽ ഭ്രാന്തനെപ്പോലെയാക്കുകയും ഭൂരിഭാഗം സ്ഥലങ്ങളിലേയും കെട്ടിടങ്ങൾക്കും ജീവനും നഷ്ടമുണ്ടാക്കുകയുമാണങ്കിൽ എനിക്കുവേണ്ടി ഇതെല്ലാം കാണിച്ച ആ ദൈവത്തെ നിങ്ങൾ ഭയപ്പെടുവിൻ."(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 396)

**ദോസ്തോ!ജാഗോ കെ അബ് ഫിർ സൽസല ആനെ കോ ഹെ**

**ഫിർ ഖുദാ ഖുദ്റത്ത് കൊ അപ്നി ജൽദ് ദിഖ്ലാനെ കൊ ഹെ**

**യാരോ! കുഛ് കരോ ഇസ്കാ യിലാജ്**

**ആസ്മാൻ ഏ ഗാഫിലോ! അബ്**

**ആഗ് ബർസാനെ കോ ഹെ**

സ്നേഹിതരേ! ഉണരുക. ഭൂകമ്പം വരാൻ പോകുകയാണ്. വീണ്ടും ദൈവം തന്റെ ശക്തിപ്രഭാവം എത്രയും വേഗം കാണിക്കാൻ പോകുകയാണ്. പ്രിയപ്പെട്ടവരേ! അതിനെന്തെങ്കിലും അൽപം ചികിത്സ ചെയ്യുക. അല്ലയോ അശ്രദ്ധരേ!ആകാശമിപ്പോൾ അഗ്നി വർഷിക്കാൻ പോകുകയാണ്.

എല്ലാ മനുഷ്യരും ഇക്കാലഘട്ടത്തിൽ അശാന്തിയുടെ ഇരകളാണ്. സമാധാനവും അനുരഞ്ജനവും ചവുട്ടിമെതിക്കപ്പെട്ടിരിക്കുന്നത് സ്വന്തം കണ്ണുകൾകൊണ്ട് കാണുകയും ചെവികൾകൊണ്ട് കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ന് ലോകം അസ്വസ്ഥതയുടേയും സംഭ്രമത്തിന്റേയും ഇരയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധാഗ്നി ജ്വലിച്ചു കഴിഞ്ഞിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ദൈവത്തിന്റെ കോപം മറ്റൊരു ആഗോളയുദ്ധത്തിന്റെ രൂപത്തിൽ പ്രകടമാകാവുന്നതാണ്. അത്തരം യുദ്ധത്തിന്റെ കെടുതികളും നാശങ്ങളും വെറും ഒരു സാധാരണ യുദ്ധമോ നിലവിലെ തലമുറവരെ മാത്രം ഒതുങ്ങിനിൽക്കുന്നതോ ആയിരിക്കുകയില്ലെന്നതിൽ സംശയമൊന്നുമില്ല. വാസ്തവത്തിൽ അതിന്റെ ഭയാനകമായ ഫലങ്ങൾ തലമുറകൾവരെ വെളിപ്പെട്ടുകൊണ്ടിരിക്കുന്നതായിരിക്കും.

ഇമാം ആഖിറുസ്സമാൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ മുഴുൻ ജീവിതത്തിലും മുസ്‌ലിമീങ്ങൾക്കും മുഴുലോകത്തിനും നിരന്തരം മുന്നറിയിപ്പ് നല്കിക്കൊണ്ടിരുന്നു;അവർ പശ്ചാത്തപിച്ച് മടങ്ങുന്നില്ലെങ്കിൽ സത്യദൈവത്തിലും അവന്റെ റസൂലിലും കാലത്തിന്റെ ഇമാമിലും വിശ്വസിക്കുന്നില്ലെങ്കിൽ അല്ലാഹുവിന്റെ കഠിനമായ ശിക്ഷയിൽ അകപ്പെടുന്നതായിരിക്കും.

നൂഹിന്റെ ജനത അന്യാരാധനയും ബിംബാരാധനയും കാരണത്താൽ വെള്ളപ്പൊക്കത്തിൽ ഹലാക്കായതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടുകിടക്കുന്നു. അഹങ്കാരവും നന്ദികേടും കാരണത്താൽ ആദ് ജനത ശക്തമായ പൊടിക്കാറ്റിന്റെ പിടിയിൽ അകപ്പെട്ടു. അല്ലാഹുവിന്റെ അടയാളമായ പെൺഒട്ടകത്തിന് പരിക്കേല്പിച്ചകാരണത്താൽ ഥമൂദ് ജനത ശക്തമായ മുറവിളിയിലും ഭൂകമ്പത്തിലും നാശമടഞ്ഞു. ദുഷ്കൃത്യവും സ്വവർഗരതിയും കാരണത്താൽ ലൂത്വിന്റെ ജനതയെ അടിമേൽ മറിച്ചു. അളന്നും തൂക്കിയും കൊടുക്കുന്നതിൽ കുറവും വഞ്ചനയും കാണിച്ച കാരണത്താൽ ഐക്കത്തുകാരുടെമേൽ കഠിനമായ ചൂടും ഭൂകമ്പവും വന്നു.

പക്ഷേ, ഇക്കാലഘട്ടത്തിൽ ആ സർവശക്തനായ ദൈവം ഒരു കാലംവരെ നിശബ്ദത പാലിച്ചു. അവന്റെ കൺമുമ്പിൽ കഴിഞ്ഞുകടന്ന എല്ലാ ജനതകളുടേയും വെറുക്കപ്പെട്ട പ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നു. ഇന്നത്തെ ലോകത്തിനുമേൽ നമ്മൾ ദൃഷ്ടി പായിക്കുമ്പോൾ, കഴിഞ്ഞുകടന്ന ജനതയുടെമേൽ എന്തെന്തെല്ലാം തിന്മകൾ കാരണത്താലാണോ ദൈവത്തിന്റെ കോപം ആളിക്കത്തിയത് ആ എല്ലാ തിന്മകളും ഇക്കാലത്തുളളതായി കാണാൻ കഴിയും. അവിശ്വാസവും അന്യാരാധനയും അതിന്റെ കൊടുമുടിയിലാണ്. അല്ലാഹുവിന്റെ പ്രവാചകന്മാരെ കളവാക്കുന്നുവെന്ന് മാത്രമല്ല പ്രത്യുത അവരെ നിന്ദിക്കുന്നതിൽ ഒരു കൊടുങ്കാറ്റുതന്നെ ആഞ്ഞടിച്ചിരിക്കുകയാണ്. അക്രമത്തിന്റേയും ദ്രോഹത്തിന്റേയും അങ്ങേയറ്റം എത്തിക്കഴിഞ്ഞിരിക്കുന്നു. അശ്ലീലം എത്രത്തോളം വ്യാപിച്ചിരിക്കുന്നുവെന്നാൽ നാണവും ലജ്ജയും മാനവും ലോകത്തുനിന്ന് നഷ്ടപ്പെട്ടുപോയിരിക്കുന്നു.

ഇപ്പോൾ ആ ഇരുണ്ട അധ്യായങ്ങളുടെ താളുകൾ ചരിത്രം വീണ്ടുമൊരിക്കൽകൂടി മറിച്ചുകൊണ്ടിരിക്കുകയാണ്. ദൈവകോപത്തിന്റെ ജ്വലനം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഇക്കാലഘട്ടത്തിന്റെ ചിത്രം വരച്ചുകാണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു:"ഞാൻ സത്യമായും പറയുന്നു, ഈ നാടിന്റെ നാശവും അടുത്തുവന്നുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലഘട്ടം നിങ്ങളുടെ കൺമുമ്പിൽ വരുന്നതാണ്. ലൂത്വിന്റെ സ്ഥലത്തെ സംഭവം നിങ്ങൾ നിങ്ങളുടെ കണ്ണുകൊണ്ട് കാണുന്നതായിരിക്കും. എന്നാൽ, ദൈവം ശിക്ഷയിറക്കുന്നതിൽ സാവധാനിയാണ്. തൗബ ചെയ്യുക;നിങ്ങളിൽ കരുണ ചെയ്യപ്പെടാൻ. ദൈവത്തെ ഉപേക്ഷിക്കുന്നവൻ ഒരു കീടമാകുന്നു; അവൻ

ശേഷം പേജ് 16 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin